

''നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ''
*ഉല്പ. 41:55*

# വേദപ്രചാര
# മദ്ധ്യസ്ഥൻ

**ചങ്ങനാശേരി അതിരൂപത**

സ്ഥാപിതം: മെയ് 20,1887

**വാല്യം 89 ലക്കം 12 ജൂൺ 2017**

# ഉള്ളടക്കം


സർക്കുലർ (Ref: 3012/K 35/OL/KCBC/DS). ........ 5
സർക്കുലർ (Prot. No. 0918/2017) ........ 10
സർക്കുലർ (17 Ch. 175-250) ........ 15
കച്ചേരിക്കാര്യം ........ 19
മെത്രാൻപട്ട ശുശ്രൂഷ റിപ്പോർട്ട് ........ 34
അതിരൂപതാദിനാചരണം ........ 38
പാസ്റ്ററൽ കൗൺസിൽ സമ്മേളനം ........ 40
അനുസ്മരണം - റവ. ഫാ. തുമ്പയിൽ ജോസഫ് ........ 41
പബ്ലിക്റിലേഷൻസ് - ജാഗ്രതാസമിതി ........ 44
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 45
കെ.സി.എസ്.എൽ. ........ 48
ചെറുപുഷ്പ മിഷൻലീഗ് ........ 49
സന്ദേശനിലയം ........ 55
ഫാമിലി അപ്പോസ്റ്റലേറ്റ്. ........ 61
ആത്മതാകേന്ദ്രം ........ 64
ചാസ് ........ 66
ചാരിറ്റി വേൾഡ് ട്രസ്റ്റ് ........ 71
ദലിത് കത്തോലിക്കാ മഹാജനസഭ ........ 72
കത്തോലിക്കാ കോൺഗ്രസ് ........ 77
കരിസ്മാറ്റിക് നവീകരണ വാർത്തകൾ ........ 79
വിൻസെൻഷ്യൻ വേദി ........ 80
ആവേമരിയ ........ 83
ഫ്രാൻസിസ്കൻ അല്മായസഭ ........ 84
മീഡിയാവില്ലേജ് കമ്മ്യൂണിക്കേഷൻസ് ........ 86
പൗരോഹിത്യ ആദ്ധ്യാത്മികത ........ 87
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 94
Engagements. ........ 100



Annual Subscription: Rs. 120/-



ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@yahoo.co.in
Website: www.archdiocesechanganacherry.org

Ref: 3012/K 35/OL/KCBC/DS 6.5.2017

# മാർപാപ്പായുടെ മാധ്യമദിനസന്ദേശം - 2017

## സമകാലീന ലോകത്തിൽ പങ്കുവയ്ക്കപ്പെടേണ്ട പ്രത്യാശയും ആത്മവിശ്വാസവും.

*"ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്" (ഏശ 43:5)*

ആശയവിനിമയത്തിനുള്ള മാധ്യമങ്ങളുടെ വർധിച്ച സംലഭ്യത ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് വാർത്തകൾ ക്ഷണനേരം കൊണ്ടു പങ്കുവയ്ക്കുന്നതിനും അവയെ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും സാധ്യത നൽകുന്നുണ്ട്. ആ വാർത്തകൾ നല്ലതോ, മോശമോ, ശരിയോ തെറ്റോ ആകാം. സഭാപിതാക്കന്മാർ മനുഷ്യമനസ്സിനെ, തുടർച്ചയായി ധാന്യമരയ്ക്കുന്ന കല്ലിനോടു താരതമ്യപ്പെടുത്തിയിരുന്നു. നല്ല ധാന്യമാണോ വിലയില്ലാത്ത പതിരാണോ അരയ്ക്കപ്പെടുക എന്നത് അരയ്ക്കുന്നവന്റെ തീരുമാനമനുസരിച്ചിരിക്കും. നമ്മുടെ മനസ്സ് എപ്പോഴും ഈ പ്രവൃത്തിയിലാണ്. എന്താണ് അവയിലേക്ക് ഇട്ടുകൊടുക്കുന്നത് എന്നത് നമ്മുടെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു.

ഈ സന്ദേശം, അനുദിനം വാർത്തകൾ തയ്യാറാക്കുന്നവർക്ക്, അവർ മാധ്യമരംഗത്ത് ഉദ്യോഗത്തിലിരിക്കുന്നവരോ, വ്യക്തിസൗഹൃദബന്ധങ്ങളിലുള്ളവരോ ആകട്ടെ, അവർക്കുള്ളതാണ്. മറ്റുള്ളവരുടെ നേരേയുള്ള മുൻവിധികളെ ഒഴിവാക്കിയും സമാഗമസംസ്കാരത്തെ പോഷിപ്പിച്ചും സൃഷ്ടിപരമാക്കുന്ന ആശയവിനിമയത്തിൽ വ്യാപൃതരായിരിക്കുന്ന, നമുക്കു ചുറ്റുമുള്ള ലോകത്തെ യാഥാതഥമായും വിശ്വസ്തതയോടെയും കാണുന്നതിനു സഹായിക്കുന്ന, എല്ലാവരെയും പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### തിന്മയ്ക്കെതിരേയുള്ള പോരാട്ടത്തിൽ മാധ്യമങ്ങൾ

ഉത്കണ്ഠയുടെ ദൂഷിതവലയത്തെയും, മോശമായ വാർത്തകളിൽ നിരന്തരമായി ശ്രദ്ധകേന്ദ്രീകരിക്കുന്നതിൽ നിന്നുളവാകുന്ന ഭയപ്പാടിന്റെ വികാരങ്ങളെയും ഭേദിക്കേണ്ടവരാണെന്ന ബോധ്യമുള്ളവരാണ് നാം. മാനവസഹനത്തിന്റെ ദുരന്തങ്ങളെ അവഗണിക്കണമെന്നോ, തിന്മയുടെ പ്രലോഭനങ്ങൾക്കു നേരേ അന്ധമായ ശുഭാപ്തിവിശ്വാസം പുലർത്തണമെന്നോ ഉള്ള ദുർവ്യാഖ്യാനവുമായി ഇപ്പറഞ്ഞതിനു യാതൊരു ബന്ധവുമില്ല. ഉപരിയായി, ഞാൻ നിർദ്ദേശിക്കുന്നത്, ചില സമയങ്ങളിൽ, നമ്മിൽ അസംതൃപ്തിയുടെയും കീഴടങ്ങലിന്റെയും വളർന്നുവരുന്ന വികാരങ്ങളാൽ ജനിപ്പിക്കപ്പെടുന്ന നിർവികാരതയെയും ഭയത്തെയും, തിന്മയ്ക്കതിരില്ല എന്ന

വിചാരത്തെയും അതിജീവിക്കാൻവേണ്ടി നാം പരിശ്രമിക്കണമെന്നാണ്. എല്ലാറ്റിനുമുപരി, നല്ല വാർത്തകൾ ഒരിക്കലും മാർക്കറ്റ് ചെയ്യപ്പെടുകയില്ല എന്നും, മാനവസഹനത്തിന്റെ ദുരന്തവും തിന്മയുടെ രഹസ്യവും ഏറ്റവുമെളുപ്പത്തിൽ വിനോദിപ്പിക്കുന്നതായി മാറുമെന്നും വിചാരിക്കുന്ന ഒരു വാർത്താവിനിമയ വ്യവസായരംഗത്ത്, ഒന്നുകിൽ നമ്മുടെ മനസ്സാക്ഷി മന്ദിക്കുന്നതിനോ, അല്ലെങ്കിൽ ലോകം മുഴുവൻ തിന്മയാണെന്ന വീക്ഷണത്തിലേക്കു വീണുപോകുന്നതിനോ ഉള്ള പ്രലോഭനം എല്ലായ്പോഴുമുണ്ടാകാമെന്നു മനസ്സിലാക്കേണ്ടതാണ്.

തുറവിയുള്ളതും ക്രിയാത്മകവുമായ ഒരു വാർത്താവിനിമയ ശൈലിയ്ക്ക്, അതായത്, ഒരിക്കലും തിന്മയെ മഹത്വവത്കരിക്കാതെ, അതിനു പരിഹാരം കാണുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിന്, ഭാവാത്മകവും ഉത്തരവാദിത്വപൂർണവുമായ സമീപനം സ്വീകർത്താക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്നതിന് അവർക്ക് പ്രചോദനം നൽകുന്നതിന് അന്വേഷിക്കുന്ന ഒരു വാർത്താവിനിമയ ശൈലിയ്ക്ക് പ്രചോദനമേകാനാണ് ഞാനാഗ്രഹിക്കുന്നത്.

**നന്മയുടെ പ്രചാരകരാകേണ്ട മാധ്യമങ്ങൾ**

ജീവിതമെന്നത് ക്രമാനുഗതമായ സംഭവങ്ങളുടെ ആകെത്തുകയല്ല, മറിച്ച്, ചരിത്രമാണ്. തെരഞ്ഞെടുക്കുന്ന ഒരു വ്യാഖ്യാനപരമായ ലെൻസിലൂടെ നോക്കി ഏറ്റവും പ്രസക്തമായ അടിസ്ഥാനവിവരങ്ങളെ വിവേചിക്കുകയും സ്വരുക്കൂട്ടുകയും ചെയ്യുന്നതിനു കാത്തിരിക്കുന്ന ഒരു ചരിത്രമാണത്. അതിനുള്ളിലും അതിനോടും യാഥാർഥ്യത്തിന് വ്യക്തമായ ബന്ധമുണ്ടാകണമെന്നില്ല. എല്ലാകാര്യങ്ങളും നാം അതിനെ നോക്കിക്കാണുന്ന രീതിയെ ആശ്രയിച്ചിരിക്കും, ഏതു കണ്ണടയിലൂടെയാണോ നാം വീക്ഷിക്കുന്നത് എന്നതിനെ ആശ്രയിച്ചാണതിന് അർഥം കൈവരിക. ആ കണ്ണട നാം മാറ്റിയാൽ, യാഥാർഥ്യം മറ്റൊന്നായി പ്രത്യക്ഷമാകും. അതിനാൽ, എങ്ങനെയാണ് നാം ശരിയായ ലെൻസിലൂടെ നോക്കി യാഥാർഥ്യത്തെ വായിക്കുവാൻ ആരംഭിക്കുക?

ക്രൈസ്തവരായ നമുക്ക്, ആ ലെൻസ് സുവിശേഷമാണ്. അതിശ്രേഷ്ഠമായ സുവിശേഷത്തിന്റെ ആരംഭത്തിൽ രേഖപ്പെടുത്തിയതുപോല, ദൈവപുത്രനായ ഈശോയുടെ സുവിശേഷമാണ് (മർക്കോസ് 1:1). ഈശോയെക്കുറിച്ചുള്ള സുവിശേഷം ആണെന്നല്ല, അതിലുപരി, സുവിശേഷം, യേശു തന്നെയാണ് എന്നാണ് അത് അർഥമാക്കുക. തീർച്ചയായും, സുവിശേഷത്തിന്റെ ഓരോ പേജും വായിക്കുമ്പോൾ നാം മനസ്സിലാക്കും, ഈ ശീർഷകം അതിന്റെ ഉള്ളടക്കത്തിന് അനുസൃതമാണെന്നും, എല്ലാറ്റിനുമുപരി, ഈ ഉള്ളടക്കം യേശുവെന്ന വ്യക്തിയല്ലാതെ മറ്റൊന്നുമല്ല എന്നും.

**ഈശോയാകുന്ന സദ്വാർത്ത**

ഈശോയാകുന്ന ഈ സദ്വാർത്ത നല്ല വാർത്തയെന്നു വിളിക്കാനാ

വാത്ത വിധം സഹനത്തിന്റെതാണ്. സഹനത്തെ കുറെക്കൂടി വലിയൊരു ചിത്രത്തിന്റെ ഭാഗമാക്കിയിരിക്കുകയാണ്. അത് ഈശോയ്ക്ക് തന്റെ പിതാവിനോടും മനുഷ്യകുലം മുഴുവനോടുമുള്ള സ്നേഹത്തിന്റെ സമഗ്രതയുടെ ഭാഗമാണ്. മിശിഹായിൽ, ദൈവം ഓരോ മാനവസാഹചര്യത്തോടുമുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുകയായിരുന്നു. അവിടുന്നു പറയുന്നു, നാം ഒരിക്കലും തനിയേ അല്ല, എന്തെന്നാൽ, തന്റെ മക്കളെക്കുറിച്ച് നിരന്തരജാഗ്രതയുള്ള ഒരു പിതാവു നമുക്കുണ്ട്. 'ഭയപ്പെടേണ്ട, എന്തെന്നാൽ ഞാൻ നിങ്ങളോടുകൂടെയുണ്ട്' (ഏശ 43:5). ഇതാണ്, തന്റെ ജനത്തിന്റെ ചരിത്രത്തിൽ പൂർണമായി ആമഗ്നനായിരിക്കുന്ന ദൈവത്തിന്റെ വാക്കുകൾ. അവിടുത്തെ പ്രിയപുത്രനിൽ, ഈ ദൈവികവാഗ്ദാനം - ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും എന്ന വാഗ്ദാനം- നമ്മുടെ എല്ലാ ബലഹീനതകളെയും, നമ്മുടെ മരണത്തെപ്പോലും ആശ്ലേഷിച്ചു. മിശിഹായിൽ, അന്ധകാരവും മരണവും, പ്രകാശത്തെയും ജീവനെയും കണ്ടുമുട്ടുന്ന ബിന്ദുവായിത്തീർന്നു. പ്രതീക്ഷ ജനിച്ചു, എവിടെ ജീവൻ, പരാജയത്തിന്റെ കയ്പ് കണ്ടുമുട്ടുന്നുവോ ആ പാതയെ കുറുകെ കടക്കുന്ന എല്ലാവർക്കും അത് ജീവൻ നൽകുന്ന പ്രതീക്ഷയുടെ പാതയായി. ആ പ്രതീക്ഷ നിരാശപ്പെടുത്തുകയില്ല, എന്തെന്നാൽ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെടുകയും (റോമാ 5:5) മണ്ണിൽ വീണ വിത്തിൽ നിന്നു മുളപൊട്ടുന്നതുപോലെ, നവജീവൻ പ്രാപിക്കുകയും ചെയ്യുന്നു. ഈ വെളിച്ചത്തിൽ നാം വീക്ഷിക്കുമ്പോൾ, ലോകചരിത്രത്തിൽ പുതിയതായി സംഭവിക്കുന്ന ഓരോ ദുരന്തവും സുവിശേഷത്തിനുള്ള ഒരു രംഗസംവിധാനമായിത്തീരും - അരികിലെത്തുന്നതിനും, അനുകമ്പാർദ്രമായ ഹൃദയം ഉയരുന്നതിനും, ദൃഢനിശ്ചയമുള്ള മുഖങ്ങളും കരങ്ങളും പുനഃനിർമിതിയ്ക്കായി തയ്യാറാകുന്നതിനും സ്നേഹത്തിന്റെ പുതിയ വഴി കണ്ടെത്താനും അത് ഇടയാക്കും.

**ദൈവരാജ്യത്തിന്റെ വിത്തിൽ ദൃഢവിശ്വാസമുണ്ടായിരിക്കുക**

ഈ സുവിശേഷ മാനസികാവസ്ഥ അവിടുത്തെ ശിഷ്യരിലും ജനക്കൂട്ടത്തിലും അവതരിപ്പിക്കുന്നതിനും, മരിക്കുകയും ഉയിർക്കുകയും ചെയ്യുന്ന സ്നേഹത്തെ കാണുന്നതിനും പുൽകുന്നതിനും ആവശ്യമായ ശരിയായ ലെൻസു അവർക്കു നൽകുന്നതിന് ഈശോ ഉപമകൾ ഉപയോഗിച്ചു. അവിടുന്ന് ദൈവരാജ്യത്തെ, മണ്ണിൽ വീഴുമ്പോൾ അഴിയുകയും ജീവനെ പുറപ്പെടുവിക്കുകയും ചെയ്യുന്ന ഒരു വിത്തിനോട് കൂടെക്കൂടെ താരതമ്യപ്പെടുത്തുന്നുണ്ട് (മർക്കോ 4:1-34). ഈ പ്രതീക, രൂപകപ്രയോഗങ്ങളിലൂടെ, ദൈവരാജ്യത്തിന്റെ നിശ്ശബ്ദമായ ശക്തിയെന്ന ആശയത്തെ സംവേദിപ്പിക്കുമ്പോൾ, അതിന്റെ അടിയന്തിര പ്രാധാന്യത്തെ അവ കുറച്ചുകളയുന്നില്ല. ശ്രവിക്കുന്നവന് സ്വതന്ത്രമായി സ്വീകരിക്കാനും ആ ശക്തി സ്വായത്തമാക്കാനും ഇടമൊരുക്കുന്ന കാരുണ്യപൂർണമായ മാർഗമാണത്. പെസഹാരഹസ്യത്തിന്റെ അപരിമേയമായ മേന്മയെ പ്രകടമാക്കുന്ന, കേവല

സങ്കല്പങ്ങളിലൂടെയല്ലാതെ, പ്രതീകങ്ങളിലൂടെ ജീവച്ചിത്രങ്ങൾ വിരചിച്ചുകൊണ്ട് മിശിഹായിലൂടെയുള്ള പുതിയ ജീവന്റെ വൈരുധ്യാത്മകസൗന്ദര്യത്തെ ഏറ്റവും ഫലപ്രദമായി വിനിമയം നടത്താൻ കഴിയുന്ന വഴിയുമാണ് അത്. ഈ ജീവിതത്തിൽ പ്രയാസങ്ങളും കുരിശുകളും പ്രതിബന്ധം സൃഷ്ടിക്കുകയല്ല, മറിച്ച്, ദൈവത്തിന്റെ രക്ഷയെ ആനയിക്കുകയാണ്. ഏതൊരു മാനുഷികശക്തിയെക്കാളും ബലവത്തായതാണ് ബലഹീനത എന്ന് അവ തെളിയിക്കുന്നു. പരാജയം, സ്നേഹത്തിൽ എല്ലാറ്റിനെയും പൂർണമാക്കുന്നതിന്റെ നാന്ദികുറിക്കലായി മാറുന്നു. ദൈവരാജ്യത്തിന്റെ പ്രതീക്ഷ പരിപക്വമാകുന്നതും ആഴപ്പെടുന്നതും ഇങ്ങനെയാണ്: ഇത് "ഒരുവൻ ഭൂമിയിൽ വിത്തു വിതയ്ക്കുന്നതിനു സദൃശം. അവൻ രാവും പകലും ഉറങ്ങിയും ഉണർന്നും കഴിയുന്നു. വിത്തുകൾ പൊട്ടിമുളച്ചു വളരുന്നു" (മർക്കോ 4:26-27).

ദൈവരാജ്യം എളുപ്പത്തിൽ അവഗണിക്കപ്പെടാവുന്ന ഒരു വിത്തുപോലെ, നമ്മുടെ ഇടയിൽ മുമ്പേതന്നെ സന്നിഹിതമാണ്, എന്നാൽ നിശ്ശബ്ദമായി അതു വേരുറയ്ക്കുന്നു. ആർക്കൊക്കെ പരിശുദ്ധാരൂപി ബുദ്ധികൂർമതയുള്ള വീക്ഷണം നൽകുന്നുവോ അവർക്ക് അതു വികസിക്കുന്നതു കാണാൻ കഴിയും. അതോടൊപ്പം മുളച്ചുപൊങ്ങിവരുന്ന കളകളുടെ കാഴ്ചയാൽ അവർ അവരിലെ രാജ്യത്തിന്റെ സന്തോഷം തങ്ങളിൽനിന്ന് മോഷ്ടിക്കപ്പെടാൻ ഇടയാക്കുകയില്ല.

### അരൂപിയുടെ ചക്രവാളങ്ങൾ

നമ്മുടെ പ്രതീക്ഷയായ സുവിശേഷത്തിലെ ഈശോ നമ്മുടെ കണ്ണുകളെ സ്വർഗാരോപിതനായ കർത്താവിങ്കലേക്ക് ഉയർത്താൻ ആരാധനാക്രമാഘോഷത്തിലൂടെ സഹായിക്കുന്നു. ഇപ്പോൾ കർത്താവ് അകലെയാണെന്നു നമുക്കു തോന്നുന്നുവെങ്കിലും, പ്രതീക്ഷയുടെ ചക്രവാളങ്ങൾ കൂടുതലായി വ്യാപ്തിയുള്ളതാവുകയാണിവിടെ. നമ്മുടെ മാനുഷികപ്രകൃതിയെ സ്വർഗത്തിലേക്കെത്തിക്കുന്ന മിശിഹായിൽ, ഒരുവന് സ്വാതന്ത്ര്യത്തോടെ യേശുവിന്റെ രക്തംമൂലം വിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കാൻ മനോധൈര്യമുണ്ടാകുന്നു. എന്തെന്നാൽ തന്റെ ശരീരമാകുന്ന വഴിയിലൂടെ അവൻ നമുക്കായി നവീകൃതവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു (ഹെബ്രാ 10:19-20). "പരിശുദ്ധാത്മാവിന്റെ ശക്തിയാൽ", സാക്ഷികളും നവീനവും രക്ഷിക്കപ്പെട്ടതുമായ മാനവകുലത്തിന്റെ സംവേദകരും ആയിത്തീരാൻ, ലോകത്തിന്റെ അവസാനംവരെയും നമുക്കു കഴിയും.

ദൈവരാജ്യത്തിന്റെ വിത്തിലുള്ള ദൃഢവിശ്വാസവും, ഉത്ഥാനത്തിന്റെ രഹസ്യവും നമ്മുടെ ആശയവിനിമയത്തിന്റെ വഴികൾക്കു രൂപം നൽകേണ്ടതുണ്ട്. ഈ ആത്മവിശ്വാസം - ഇന്ന് വാർത്താ വിനിമയം നിർവഹിക്കപ്പെടുന്ന എല്ലാ വിവിധ മാർഗങ്ങളിൽകൂടിയും - എല്ലാ ചരിത്രത്തിലും ഓരോ വ്യക്തിയുടെ വദനത്തിലും സുവിശേഷം സന്നിഹിതമാണെന്നത്

തിരിച്ചറിയാനും, എടുത്തുകാട്ടാനും കഴിയുമെന്നുള്ള ബോധ്യത്തോടുകൂടി, നമ്മുടെ ദൗത്യം നിർവഹിക്കുന്നതിനു നമ്മെ പ്രാപ്തരാക്കുന്നു.

വിശ്വസിക്കുന്നവർ പരിശുദ്ധാരൂപിയുടെ നയിക്കലിനു തങ്ങളെത്തന്നെ ഭരമേൽപ്പിച്ചുകൊണ്ട്, എങ്ങനെയാണ് ദൈവം നമ്മുടെയിടയിൽ സന്നിഹിതനായിരിക്കുന്നതെന്നും ഓരോ നിമിഷവും നമ്മുടെ ജീവിതങ്ങളിലും ചരിത്രത്തിലും പ്രവർത്തിക്കുന്നതെന്നുമുള്ള തിരിച്ചറിവിലേക്കു വരികയും ക്ഷമയോടുകൂടി രക്ഷാകരരഹസ്യത്തിലേക്കെത്തിക്കുകയും ചെയ്യുന്നു. വിശുദ്ധ ചരിത്രം നെയ്യപ്പെട്ടിരിക്കുന്നത് പ്രതീക്ഷയുടെ ഇഴകൾകൊണ്ടാണ്; അതു നെയ്യുന്നവൻ, ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് അല്ലാതെ മറ്റാരുമല്ല. പ്രത്യാശയാണ് പുണ്യങ്ങളിൽ ഏറ്റവും വിനയമാർന്നത്. കാരണം, അത് ജീവിതത്തിന്റെ ഒഴിഞ്ഞകോണിൽ മറഞ്ഞിരിക്കുന്നു, എങ്കിലും അത് പിണ്ഡം മുഴുവനെയും പുളിപ്പിക്കുന്ന പുളിമാവു പോലെയാണ്. എന്നെന്നും പുതുമയാർന്ന, ഈ ലോകത്തിൽ ദൈവസ്നേഹത്തിന്റെ ഐക്കണുകളായിത്തീർന്ന വിശുദ്ധരിൽ വീണ്ടും മുദ്രണം ചെയ്യപ്പെട്ട് നിരവധി പതിപ്പുകളായിത്തീർന്നിരിക്കുന്ന, സുവിശഷത്തിന്റെ വായനയാൽ അതു പരിപോഷിപ്പിക്കപ്പെടണം. ഇന്നും, അരൂപി ദൈവരാജ്യത്തിനുവേണ്ടിയുള്ള ആഗ്രഹം നമ്മിൽ തുടർച്ചയായി വിതയ്ക്കുന്നുണ്ട്. നമ്മുടെ കാലഘട്ടത്തിലെ നാടകീയസംഭവങ്ങളുടെ മധ്യത്തിലും സുവിശേഷത്തിൽ നിന്നും പ്രചോദനം സ്വീകരിക്കുന്ന, ലോകത്തിന്റെ ഇരുളിലും പ്രകാശരശ്മികൾപോലെ പ്രഭയേകുന്ന, പാതയിലുടനീളം വെളിച്ചം പ്രസരിപ്പിക്കുന്ന, ആത്മവിശ്വാസത്തിന്റെയും പ്രത്യാശയുടെയും നവവീഥി എക്കാലവും തുറക്കുന്ന ഏവർക്കും നന്ദി.

വത്തിക്കാനിൽ നിന്ന്
2017 മെയ് 24.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025.

---

NB: മാധ്യമദിനമായ 2017 ജൂൺ 4–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 0918/2017

# യുവജനസിനഡ് 2018

# സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**കർദിനാൾ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

യുവജനപ്രേഷിതത്വത്തെക്കുറിച്ച് 2018 ഒക്ടോബറിൽ ഒരു സിനഡ് നടത്തുന്നതിനെപ്പറ്റി ഇക്കഴിഞ്ഞ ജനുവരി 13-ാം തീയതി പരി.പിതാവ് ഫ്രാൻസിസ് മാർപാപ്പാ ഒരു കത്തിലൂടെ പ്രഖ്യാപിക്കുകയുണ്ടായല്ലോ. സിനഡിന്റെ പ്രമേയം "Young People, the Faith and Vocational Discernment" എന്നതാണ്. Vocational discernment എന്നത് ദൈവവിളി വിവേചിച്ചറിയൽ അഥവാ തിരിച്ചറിയൽ എന്നു പരിഭാഷപ്പെടുത്താമെങ്കിലും "ജീവിതപാത കണ്ടെത്തൽ" എന്ന മൊഴിമാറ്റമാണ് കൂടുതൽ സാർഥകം. കാരണം എല്ലാ യുവജനങ്ങളും തങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം മനസ്സിലാക്കുക, മനസ്സിലാക്കുവാൻ അവരെ സഹായിക്കുക എന്നതാണ് Vocational Discernment-ൽ ചർച്ച ചെയ്യപ്പെടാൻ മാർപാപ്പാ ആഗ്രഹിക്കുന്നത്. അതിനാൽ, സിനഡിന്റെ പ്രമേയത്തെ "യുവജനങ്ങൾ, വിശ്വാസവും ജീവിതപാത കണ്ടെത്തലും" എന്നു മലയാളത്തിൽ നമുക്കു വിവക്ഷിക്കാം.

സിനഡിന്റെ പ്രാരംഭരേഖയും (Preparatory Document) 2017 ജനുവരി 13 -നു തന്നെ സിനഡു സെക്രട്ടറിയേറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. വത്തിക്കാൻ വെബ്സൈറ്റിൽ അതു ലഭ്യമാണ്. മലയാളതർജമ പി.ഒ.സി.യിൽ നിന്നു താമസിയാതെ ലഭിക്കുമെന്നാണ് അറിയുന്നത്. ഈ പ്രാരംഭരേഖയെക്കുറിച്ച് എല്ലാത്തലങ്ങളിലുമുള്ള പഠനങ്ങൾക്കു സഹായകമായ രീതിയിൽ ചില ചിന്തകൾ ഇവിടെ ചേർക്കുന്നു. ഇവയിൽ പലതും പ്രാരംഭരേഖയിൽ നിന്നുതന്നെ എടുത്തിട്ടുള്ളവയാണ്.

**1. എല്ലാ യുവജനങ്ങളും സഭയുടെ അജപാലനത്തിൽ ഉൾപ്പെടണം.**

യുവജനങ്ങളുടെ ജീവിതം വൈവിധ്യമാർന്ന മേഖലകളിലാണ് നടക്കുന്നത്. കലാലയവിദ്യാഭ്യാസത്തിൽ മാത്രം ശ്രദ്ധവച്ച് ഭാവിയിൽ ഒരു ജോലിയും ഉയർന്ന ജീവിതനിലവാരവും ആഗ്രഹിച്ചുകഴിയുന്നവർ, പരിമിതമായ പഠനം കഴിഞ്ഞ് പലവിധ ജോലികളിൽ വ്യാപൃതരായി കഴിയുന്നവർ, പഠനത്തോടൊപ്പവും പഠനം കഴിഞ്ഞും കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ, പഠനം കഴിഞ്ഞ് സ്വന്തം നാട്ടിൽ ജോലി സമ്പാദിക്കാൻ കഴിയാത്തതുകൊണ്ടോ കൂടുതൽ പുരോഗതി കാംക്ഷിച്ചോ വിദേശത്ത് ജോലി തേടി പോകുന്നവർ എന്നിങ്ങനെ. ഇപ്രകാരം വിവിധ മേഖലകളിൽ കഴിയുന്ന യുവജനങ്ങളുടെ സംഘടനാപ്രവർത്തനങ്ങൾക്കും വൈവിധ്യമുണ്ട്. സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന യുവജനസംഘടനകളിൽ അംഗങ്ങളായി തങ്ങളുടെ നേതൃത്വഗുണങ്ങളും കഴിവുകളും വികസിപ്പിക്കുവാൻ പരിശ്രമിക്കുന്നവരുണ്ട്. അതുവഴി സമൂഹത്തിൽ സാമ്പത്തികമോ, രാഷ്ട്രീയമോ, സാംസ്കാരികമോ ആയ നിലകളിൽ ഉയർന്ന് പ്രശോഭിക്കുവാൻ കഴിയുന്നവരും കുറവല്ല. ഇതിൽനിന്നും വ്യത്യസ്തമായി, തികച്ചും പ്രാർഥനയുടെയും ദൈവവചനാനുഭവത്തിന്റെയും സംഗീതാദികലകളുടെയും അനുഭവം സമ്മാനിക്കുന്ന കരിസ്മാറ്റിക് യുവജനപ്രസ്ഥാനങ്ങളിൽ ചേർന്നു പ്രവർത്തിക്കുന്നവരുമുണ്ട്. ഇനിയൊരു കൂട്ടർ പ്രേഷിതാഭിമുഖ്യമുള്ള പ്രസ്ഥാനങ്ങളിലോ സംഘടനകളിലോ ചേർന്നു പ്രവർത്തിക്കുവാൻ ഇഷ്ടപ്പെടുന്നു.പഠനകാലത്തും പഠനത്തിനു ശേഷവും യാതൊരുവിധ സംഘടനാപ്രവർത്തനങ്ങളിലോ പ്രസ്ഥാനങ്ങളിലോ ചേരാതെ ജീവിതായോധനത്തിനുള്ള മാർഗങ്ങൾ കണ്ടെത്തുകയും സഭയുടെ പൊതുവായ അജപാലനത്തോടുമാത്രം ചേർന്നുപ്രവർത്തിക്കുന്നവരായ യുവജനങ്ങളുമുണ്ട്. ഓരോ വിഭാഗത്തിനും യോജിച്ച അജപാലനശൈലി ഇടവകകളുടെയും രൂപതകളുടെയും നേതൃത്വത്തിൽ രൂപപ്പെടുത്തിയെടുക്കണം. എല്ലാ വിഭാഗങ്ങളിലും ഉള്ളവർക്കു അവരുടെ ദൗത്യനിർവഹണത്തിന് ഉപകരിക്കുന്ന രീതിയിൽ അവരെ അജപാലനത്തിൽ ഉൾപ്പെടുത്തുവാൻ കഴിയണം. എല്ലാ വിഭാഗങ്ങളിലും ഉള്ളവരെ ഇടവകാതലത്തിലോ രൂപതാതലത്തിലോ വ്യക്തിസഭയുടെ തലത്തിലോ ദേശീയതലത്തിലോ സംഘടിപ്പിച്ച് യുവജനങ്ങളുടെ കൂട്ടായ്മയെ പരിപോഷിപ്പിക്കുവാൻ വൈദികർക്കും മെത്രാന്മാർക്കും കഴിയണം.

**2. യുവജനപ്രേഷിതത്വം യുവജനങ്ങളുടെതന്നെ ഉത്തരവാദിത്വമാണ്**

യുവജനപ്രേഷിതത്വം യുവജനങ്ങളുടെതന്നെ ഉത്തരവാദിത്വമായി അജപാലകരും യുവജനങ്ങളും ഒരുപോലെ തിരിച്ചറിയണം. സുവിശേഷദർശനം ഉൾക്കൊള്ളുവാനും മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുവാനും ഓരോ യുവാവിനും യുവതിക്കും വേണ്ട പരിശീനവും അവബോധവും

നല്കുകയാണ് അജപാലകരുടെ ധർമം. ഈ പരിശീലനത്തിലും ബോധ്യങ്ങളുടെ സൃഷ്ടിയിലും യുവജനങ്ങൾ സജീവമായി പങ്കുചേരണം. അത് അവരുടെതന്നെ ഒരു ആവശ്യമാണെന്നു മനസ്സിലാക്കിക്കൊണ്ടുവേണം അവർ ഈ പ്രക്രിയയിൽ ഉൾച്ചേരുവാൻ. സഭയിലും സമൂഹത്തിലും നവീകരണത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി യുവജനങ്ങൾ മാറണം. യുവജനങ്ങളെ അനുയാത്രചെയ്യുകയാണ് അജപാലരുടെ ഉത്തരവാദിത്വം.തങ്ങളെതന്നെ ശാക്തീകരിക്കുവാൻ യുവജനങ്ങളെ സഹായിക്കുക-അതാണ് യുവജനപ്രേഷിതത്വത്തിൽ അജപാലകരുടെ ദൗത്യം. യുവജനങ്ങൾക്കുവേണ്ടിയുള്ള എല്ലാ സഭാശുശ്രൂഷകളും ഈ പുതിയ ആഭിമുഖ്യത്തോടുകൂടി നിർവഹിച്ചാലേ ഇക്കാലഘട്ടത്തിൽ അതു ഫലപ്രദമാകൂ.

സഭയ്ക്കുള്ളിലും സമൂഹത്തിലും സ്വാതന്ത്ര്യത്തോടുകൂടി പ്രവർത്തിക്കുവാനാണ് യുവജനങ്ങൾ ഇഷ്ടപ്പെടുന്നത്. സ്വാതന്ത്ര്യത്തെ ഹനിക്കുന്ന അധികാരപ്രയോഗങ്ങളോ കാർക്കശ്യമുള്ള തിരുത്തലുകളോ നിയമങ്ങൾ അനുസരിപ്പിക്കുന്ന ശൈലിയോ ഇന്ന് അവർക്കു സ്വീകാര്യമല്ല. എന്നാൽ ചർച്ചകളിലൂടെയും ആശയവിനിമയത്തിലൂടെയും അവരെക്കൂടി ഉൾപ്പെടുത്തിയെടുക്കുന്ന തീരുമാനങ്ങളുടെയും വെളിച്ചത്തിൽ തങ്ങളെതന്നെ ശാക്തീകരിക്കുവാനും സഭയുടെയും സമൂഹത്തിന്റെയും നവീകരണത്തിനുവേണ്ടി പ്രവർത്തനനിരതരാകാനും യുവജനങ്ങൾ സന്നദ്ധരാകും. അതുതന്നെയാണ് യുവജനങ്ങളോടും യുവജനപ്രസ്ഥാനങ്ങളോടും അജപാലകർ സ്വീകരിക്കേണ്ട സമീപനരീതി.

യുവജനപ്രേഷിതത്വത്തെക്കുറിച്ചുള്ള സിനഡിൽ പരിശുദ്ധപിതാവ് വിശ്വാസം ഒരു പ്രധാനവിഷയമായി ഉന്നയിച്ചിരിക്കുകയാണ്. ക്രിസ്തുവിലുള്ള വിശ്വാസവും സഭാകൂട്ടായ്മയിലുള്ള പങ്കാളിത്തവുമാണ് ഒരോ ക്രൈസ്തവയുവാവിനും യുവതിക്കും ഉണ്ടായിരിക്കേണ്ട അവശ്യഗുണം. മിശിഹായോടുകൂടിയേ സ്വന്തം ജീവിതലക്ഷ്യവും സഭയുടെയും സമൂഹത്തിന്റെയും ജീവിതലക്ഷ്യങ്ങളും നേടിയെടുക്കുവാൻ യുവജനങ്ങൾക്കു കഴിയൂ. അതിനു യുവജനങ്ങൾ തങ്ങളുടെതന്നെ സ്വാർഥതയിൽനിന്നു പുറത്തുവരണം. അബ്രാഹം തന്റെ നാടും പിതാവിന്റെ ഭവനവും ബന്ധുമിത്രാദികളെയുമെല്ലാം ഉപേക്ഷിച്ച് ദൈവം കാണിച്ചുകൊടുത്ത ഭൂമിയിലേക്കു പോയതുപോലെ ലോകത്തിൽ തങ്ങളെ അടിമപ്പെടുത്തുന്ന എല്ലാവിധ അനീതികളെയും കൈവെടിഞ്ഞ് നീതിപൂർവകമായ ഒരു സമൂഹനിർമിതിക്കുവേണ്ടി ഇറങ്ങിത്തിരിക്കുവാൻ ഇന്നത്തെ യുവജനങ്ങൾക്കു കഴിയണം. അതിനാവശ്യമായ പഠനങ്ങളും അധ്വാനവും ക്ലേശങ്ങളും ഏറ്റെടുക്കുവാൻ യുവജനങ്ങൾ ശാക്തീകരിക്കപ്പെടേണ്ടതുണ്ട്. ഹൃദയവിശാലതയോടുകൂടി ഇപ്രകാരം മിശിഹായ്ക്കുവേണ്ടി നിലകൊള്ളുവാനും ക്രൈസ്തവമൂല്യങ്ങളിൽ അടിയുറച്ചു സഭയിൽ പ്രവർത്തിക്കുവാനും യുവജനങ്ങൾ മുന്നോട്ടുവരണം.

**3. യുവജനപ്രേഷിതത്വത്തിന് അനുകൂലസാഹചര്യങ്ങൾ സഭയിലുണ്ടാകണം.**

തങ്ങളെ സംബന്ധിക്കുന്ന ദൈവവിളി വിവേചിച്ചറിയുവാൻ അഥവാ തങ്ങളുടെ ജീവിതപാത കണ്ടെത്തുവാൻ യുവജനങ്ങൾക്കു സാധ്യമാകുന്ന സാഹചര്യങ്ങൾ സഭയിൽ ഉണ്ടാകണം. സ്നാപകയോഹന്നാന്റെ ശിഷ്യന്മാരെപ്പോലെ, 'ഗുരോ, അങ്ങ് എവിടെ താമസിക്കുന്നു' (യോഹ 1:38) എന്നു ചോദിക്കുന്നവരാണ് ഇന്നത്തെ യുവജനങ്ങളും.'വന്നു കാണുക' എന്നായിരിക്കും ഇന്നും ഈശോ അവരോട് പറയുന്നത്. സഭാസമൂഹത്തിൽ, സുവിശേഷങ്ങളിലെ ഈശോയെ കണ്ടെത്തുവാൻ, ആദിമസഭയിലേതുപോലെ ആർജവത്വമുള്ള കൂട്ടായ്മ അനുഭവിക്കുവാൻ, ഇന്നത്തെ യുവജനങ്ങൾക്കു സഭയിൽ സാഹചര്യം ഉണ്ടാകണം. സഭാശുശ്രൂഷകരുടെ അധികാരപ്രയോഗങ്ങളോ, എതിർസാക്ഷ്യങ്ങളോ, കഴിവുകേടുകളോ, ആത്മീയദാരിദ്ര്യമോ, സഭയുടെ നേതൃതലത്തിൽ നിന്നുണ്ടായാൽ യുവജനങ്ങൾ അസംതൃപ്തരാകും. ആത്മീയതയും ജീവിതാനുഭവങ്ങളും തേടി അവർ അന്യമേഖലകളിൽ അഭയം തേടിയെന്നുവരാം. അതിനാൽ സഭ ജാഗ്രതയോടെ നിർവഹിക്കേണ്ട ഒന്നാണ് യുവജനപ്രേഷിതത്വം.

**യുവജനങ്ങളോട് ഒരു വാക്ക്.** മിശിഹായിൽ കവിഞ്ഞൊരു സമ്മാനം ലോകത്തിനു നല്കുവാൻ ദൈവത്തിനില്ല. തന്റെ ഏകജാതനെ തന്നെ നല്കിക്കൊണ്ട് ലോകത്തിനു ജീവൻ നല്കുവാൻ അവിടുന്നു തിരുമനസ്സായി എന്നുള്ളതാണ് ദൈവത്തിനു ലോകത്തോടുള്ള സ്നേഹത്തിന്റെ ഏറ്റവും ഉന്നതമായ പ്രകാശനം. ഈശോയുടെ സുവിശേഷത്തിന്റെ സന്തോഷവും ഇതുതന്നെയാണ്. ദൈവം ഈശോയിലൂടെതന്നെ നമ്മെ സ്നേഹിക്കുന്നു. അവിടുത്തെ കാരുണ്യം നമുക്കു നല്കുന്നു. ഈ സ്നേഹവും കാരുണ്യവുമാണ് ക്രൈസ്തവജീവിതത്തെ മഹത്തരമാക്കുന്നത്. നമ്മുടെ മതത്തിന്റെ രഹസ്യം ശ്രേഷ്ഠമാണ്(1 തിമോ. 3:16) എന്നു വി. പൗലോസ് ശ്ലീഹാ തിമോത്തയോസിനോടു പറയുന്നതിന്റെ അർഥവും ഇതുതന്നെ. എല്ലാ മതങ്ങളിലും നന്മകൾ ഉണ്ട്. എല്ലാ നന്മകളും ക്രൈസ്തവർക്കു സ്വീകാര്യവുമാണ്. എല്ലാ നന്മകൾക്കും ഔന്നത്യം പകരുന്ന നന്മയാണ് മിശിഹാ നമുക്കു നല്കിയിരിക്കുന്നത്. ആയിരക്കണക്കിനു വിശുദ്ധർക്കു പ്രചോദനവും സന്ദേശവും സാക്ഷ്യവുമായ കർത്താവായ മിശിഹായെ പൂർണമായും നമ്മുടെ ജീവിതത്തിലേക്കു സ്വീകരിച്ചുകൊണ്ട്, സത്യസന്ധമായി അനുകരിച്ചുകൊണ്ട്, നമുക്കു നമ്മെ അതിനായി സമർപ്പിക്കാം. സഭാജീവിതത്തിൽ ഉൾച്ചേർന്നുകൊണ്ടുമാത്രമേ ഇപ്രകാരം മിശിഹായെ സ്വീകരിക്കുവാനും അനുകരിക്കുവാനും സാധിക്കുകയുള്ളൂ. സഭയുടെ കൂട്ടായ്മയിൽ നിന്നു ലഭിക്കുന്ന ദൈവവചന അനുഭവവും കൂദാശകളുടെ സ്വീകരണവും പ്രാർഥനാജീവിതവും കൂട്ടായ്മയുടെ പ്രവർത്ത

നങ്ങളും സംഘടനാപരമായ പരിശ്രമങ്ങളും മിശിഹായെ സ്വന്തം ജീവിതത്തിൽ സ്വീകരിക്കുവാനും മറ്റുള്ളവരുടെ മുമ്പിൽ സാക്ഷ്യപ്പെടുത്തുവാനും യുവജനങ്ങളെ സഹായിക്കുന്ന ഘടകങ്ങളാണ്. അതുവഴി സഭയിലെ നവീകരണയത്നങ്ങളിൽ പങ്കുചേരുവാനും സമൂഹത്തിന്റെ സമുദ്ധാരണത്തിൽ ഭാഗഭാക്കുകളാകുവാനും യുവജനങ്ങൾക്കു കഴിയും. സിനഡിനൊരുക്കമായുള്ള ചർച്ചകളിൽ ഈവക ചിന്തകൾ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**+കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം ആണ്ട് മേയ് മാസം 22 -ാം തീയതി നൽകപ്പെട്ടത്.

---

N.B:

1. ഈ സർക്കുലർ 2017 ജൂൺ മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.
2. പ്രാരംഭരേഖയെ അടിസ്ഥാനമാക്കി നമ്മുടെ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലും ചർച്ചകൾ നടക്കേണ്ടിയിരിക്കുന്നു. യുവജനസംഘടനകളിലും പ്രസ്ഥാനങ്ങളിലും ഈ രേഖ പഠനവിഷയമാക്കി റിപ്പോർട്ടുകൾ തയ്യാറാക്കണം. ഇടവകകളിലും കലാലയങ്ങളിലുമുള്ള എല്ലാ കത്തോലിക്കായുവജനങ്ങളെയും വിളിച്ചുകൂട്ടി സിനഡിന്റെ പ്രാരംഭരേഖ അവതരിപ്പിച്ച് ചർച്ചകൾ നടത്തി ആശയാവിഷ്ക്കരണം നടത്തുന്നതും നന്നായിരിക്കും. ഒരു രൂപതയിലെ എല്ലാ തലങ്ങളിലും നടക്കുന്ന പഠനങ്ങളുടെ സംയുക്തറിപ്പോർട്ട് രൂപതാമെത്രാന്മാർ 2017 ജൂലൈ 30-നകം അയച്ചുതരണമെന്നു നിർദ്ദേശിക്കുന്നു. രൂപതാ യുവജനഡയറക്ടർമാർ ഇക്കാര്യത്തിൽ മെത്രാന്മാരുടെ മാർഗനിർദ്ദേശമനുസരിച്ച് നേതൃത്വം കൊടുക്കുമല്ലോ. എല്ലാ വൈദികരും ഈ സംരംഭത്തിനു വേണ്ട സഹകരണം നല്കുമെന്നു പ്രത്യാശിക്കുന്നു.

സർക്കുലർ 17 Ch. 175-250

# കത്തോലിക്കാ കോൺഗ്രസ് ശതാബ്ദിയും തെരഞ്ഞെടുപ്പും

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സഹോദരീസഹോദരന്മാരേ,

'ദൈവജനമാണ് സഭ' എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചു. സഭയിൽ ബഹുഭൂരിപക്ഷവും അല്മായരാണ്. ഭൗതികമണ്ഡലത്തെ വിശുദ്ധീകരിക്കുക എന്നത് അല്മായരുടെ പ്രത്യേക ദൗത്യമായി വത്തിക്കാൻ കൗൺസിൽ ചൂണ്ടിക്കാട്ടുന്നു. ആധുനിക സമൂഹനിർമ്മിതിയിൽ അല്മായർക്ക് വലിയ പങ്കു വഹിക്കാനുണ്ട്. മെത്രാന്മാരോടും വൈദികരോടും ചേർന്നുനിന്നുകൊണ്ട് ദൈവരാജ്യത്തിന്റെ പുളിപ്പും ഭൂമിയുടെ ഉപ്പും ആയി ലോകത്തെ സുവിശേഷവൽക്കരിക്കുക എന്നതാണ് അല്മായരുടെ ദൈവവിളിയെന്ന് കൗൺസിൽ പഠിപ്പിക്കുന്നു. ഈ ദർശനം കാലേക്കൂട്ടി ഉൾക്കൊണ്ട്, മാർത്തോമ്മാ നസ്രാണികളുടെ അല്മായ മുന്നേറ്റത്തിന് അടിത്തറപാകിയ നിധീരിക്കൽ മാണിക്കത്തനാരിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് 1918ൽ ചങ്ങനാശ്ശേരിയിൽ രൂപംകൊണ്ട 'കേരള കത്തോലിക്കാ മഹാജനസഭ' എന്ന സംഘടനയാണ് ഇന്ന് കത്തോലിക്കാ കോൺഗ്രസ് എന്ന പേരിൽ പ്രവർത്തിച്ചുവരുന്നത്.

തിരുവിതാംകൂർ ഭരണത്തിന്റെ ന്യൂനതകൾ ചൂണ്ടിക്കാണിച്ച് തിരുത്തലിനു പ്രേരിപ്പിക്കുക, നിഷേധിക്കപ്പെടുന്ന ന്യൂനപക്ഷാവകാശങ്ങൾക്കു വേണ്ടി ശബ്ദമുയർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ പൂർവ്വികരായ കത്തോലിക്കാ അല്മായനേതാക്കന്മാരും ആത്മീയ പിതാക്കന്മാരും ചേർന്ന് ആരംഭിച്ചതാണ് കത്തോലിക്കാ കോൺഗ്രസ്. അതിന്റെ ശതാബ്ദി വർഷമാണ് 2017-2018.

സഭാമക്കളുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും സാമുദായികവും രാഷ്ട്രീയവുമായ നല്ല താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും സഭാസമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കു വേണ്ടി പ്രയത്നിക്കുന്നതിനും സ്ഥാപിതമായ കത്തോലിക്കാ കോൺഗ്രസിന്

സമുദായത്തിന്റെ ശബ്ദമാകാൻ കഴിഞ്ഞിട്ടുണ്ട്. അതിൽനിന്ന് പ്രചോദനമുൾക്കൊണ്ട്, പക്വതയോടെയും ക്രിയാത്മകമായും സമുദായത്തിനുവേണ്ടി പ്രവർത്തിക്കാനും പ്രതികരിക്കാനും, വർഗ്ഗീയതയ്ക്കടിമപ്പെടാതെ പൊതുസമൂഹത്തിന്റെ മുഴുവൻ നന്മയ്ക്കുംവേണ്ടി നീതിപൂർവ്വം ഇടപെടുവാനും നൂറാം വർഷത്തിലെത്തിയ കത്തോലിക്കാ കോൺഗ്രസ്സിനു കഴിയണം. സ്വാർത്ഥതാൽപര്യങ്ങൾ വെടിഞ്ഞും പൊതുനന്മ ലക്ഷ്യമാക്കിയും നിയോഗശുദ്ധിയോടും ഏകമനസ്സോടെയും എല്ലാവരും അണിചേരണം. ആവശ്യമായ തിരുത്തലുകൾ നടത്തി പരസ്പരം അംഗീകരിച്ചും സഹകരിച്ചും സംഘടനയെ ശക്തിപ്പെടുത്താനും വളർത്താനും ഓരോ അംഗവും സ്വയം സമർപ്പിക്കണം.

ചെറിയൊരു ന്യൂനപക്ഷമാണെങ്കിലും ഭാരതത്തിന്റെ സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ പുരോഗതിയിൽ ക്രൈസ്തവ സമൂഹം നൽകിയ സംഭാവന വലുതാണ്. അയിത്തം, ബഹുഭാര്യാത്വം, ശൈശവവിവാഹം, ഉച്ചനീചത്വം, നരബലി തുടങ്ങിയ ദുരാചാരങ്ങൾക്കെതിരെ പോരാടി സാംസ്കാരിക പുരോഗതി കൈവരിക്കാൻ ക്രൈസ്തവദർശനം ഭാരതസമൂഹത്തെ സഹായിച്ചിട്ടുണ്ട്. പള്ളിവസ്തുക്കൾ വിറ്റും പള്ളികളോടനുബന്ധിച്ച് സ്ഥാപിക്കപ്പെട്ട പള്ളിക്കൂടങ്ങളിൽ ജാതി-മത ഭേദമെന്യേ അധ്യാപകരെ നിയമിക്കുകയും ചെയ്ത വിശാലവീക്ഷണമായിരുന്നു ക്രൈസ്തവരുടേത്. അങ്ങനെ ക്രൈസ്തവ വിദ്യാലയങ്ങൾ മതസൗഹാർദ്ദതയുടെ പാഠങ്ങൾ കുട്ടികൾക്ക് പകർന്നുകൊടുത്തു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ, ആശുപത്രികളും ആതുരാലയങ്ങളും അനാഥാലയങ്ങളും എളിയവർക്കും ആലംബഹീനർക്കും വേണ്ടിയുള്ള മറ്റ് നിരവധി ആശ്രയസങ്കേതങ്ങളും ജാതിയും മതവും നോക്കാതെയുള്ള ക്രൈസ്തവരുടെ സേവനകേന്ദ്രങ്ങളാണ്. തികച്ചും ക്രൈസ്തവരും കാതോലികവും സേവനോന്മുഖവുമായ ഈ പ്രവർത്തനശൈലി ഒളിമങ്ങാതെ തുടരാനും ശക്തിപ്പെടുത്താനും നമുക്കു സാധിക്കണം.

പൊതുനന്മയ്ക്കുവേണ്ടി കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിന് നമ്മുടെ സമുദായത്തെത്തന്നെ ശക്തിപ്പെടുത്തേണ്ടതുണ്ട്. പൊതുസമൂഹത്തിൽ വിവിധ മേഖലകളിൽ പ്രവർത്തനനിരതമായിരിക്കുന്ന അല്മായരായ സഭാമക്കൾ ഭിന്നിപ്പും ചേരിതിരിവുമില്ലാതെ സ്വസമുദായത്തോട് കൂറും പ്രതിബദ്ധതയും പുലർത്തിക്കൊണ്ട് ഐക്യബോധത്തോടെ അണിനിരക്കണം. രാഷ്ട്രീയ ചേരിതിരിവിനതീതമായി സമുദായാംഗങ്ങൾ ഒന്നുചേരുന്ന വേദിയാകണം കത്തോലിക്കാ കോൺഗ്രസ്. പക്വതയും വിവേകവും അർപ്പണബോധവുമുള്ള നേതൃത്വവും അവരുടെ പിന്നിൽ

ഏകമനസ്സോടെ അണിനിരക്കുന്ന അനുയായികളുമാണ് കത്തോലിക്കാ കോൺഗ്രസിന്റെ ശക്തി. അധികാരത്തിനും പദവിക്കും വേണ്ടിയുള്ള കിട മത്സരങ്ങളും പരസ്പര വിശ്വാസമില്ലായ്മയും ആഭ്യന്തരഭിന്നതകളും പ്രസ്ഥാനത്തെ തകർക്കുകയും സമുദായശക്തി ചോർത്തികളയുകയും ചെയ്യും. പ്രസ്ഥാനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സഹിഷ്ണു തയും പരസ്പരബഹുമാനവും അംഗങ്ങൾ പുലർത്തണം.

പലപ്പോഴും നീതി നിഷേധിക്കപ്പെടുകയും സമുദായം തന്നെ അവഗ ണിക്കപ്പെടുകയും ചെയ്യുമ്പോൾ ആർക്കും ദോഷം വരുത്താതെ തന്നെ സ്വന്തം സമുദായത്തിന്റെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി സംഘ ടിക്കാനും ഉറച്ച നിലപാട് സ്വീകരിക്കാനും കത്തോലിക്കാ കോൺഗ്രസ്സിനു സാധിക്കണം. അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതിനൊപ്പം പൊതുസമൂഹത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റാനും സംഘടനാംഗ ങ്ങൾ ശ്രദ്ധിക്കണം.

കുടുംബഭദ്രതയും ഉയർന്ന ധാർമ്മികബോധവും സഭയുടെ വിശ്വാസ പാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയും ആഴമായ പ്രാർത്ഥനാചൈതന്യവും കഴിഞ്ഞ കാലഘട്ടങ്ങളിൽ നമ്മുടെ സമുദായത്തിന്റെ ശക്തിയായിരുന്നു. അവയിലൊക്കെ ഇന്ന് തളർച്ച നേരിടുന്നുണ്ട്. സമുദായത്തിന്റെ വിശ്വസ നീയതയ്ക്ക് കോട്ടം സംഭവിക്കുന്നുണ്ട്. അത് എല്ലാ രംഗങ്ങളിലും വീണ്ടെടുക്കണം. ആത്മീയ, ധാർമ്മിക മേഖലകളിൽ എവിടെയൊക്കെ തകർച്ച സംഭവിച്ചിട്ടുണ്ടോ അവിടെയൊക്കെ അത് വീണ്ടെടുക്കപ്പെടണം. ആത്മാവിലും സത്യത്തിലും സ്വയം നവീകരിക്കപ്പെട്ട് സമൂഹത്തെയും സാഹചര്യങ്ങളെയും നവീകരിക്കുവാൻ സമുദായം കരുത്താർജ്ജിക്കണം. അൽമായദൗത്യം അങ്ങനെയേ സാക്ഷാത്കരിക്കാനാവൂ.

ഈ ദർശനത്തോടും നിശ്ചയദാർഢ്യത്തോടും കൂടിയായിരിക്കണം കത്തോലിക്കാ കോൺഗ്രസ് നമ്മുടെ അതിരൂപതയിൽ പ്രവർത്തി ക്കേണ്ടത്. പല ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ് സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് സന്തോഷകരമാണ്. യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടനെതന്നെ സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള യൂണിറ്റുകളിൽ പുതിയ അംഗങ്ങളെ ചേർക്കാനും ശ്രദ്ധിക്കണം. എല്ലാ ഇടവകകളിലും ഒരു മെമ്പർഷിപ്പ് ക്യാമ്പ യിൻ നടത്തുന്നത് ഉചിതമായിരിക്കും. സംഘടന നിശ്ചയിച്ചിരിക്കുന്ന 50 രൂപ ഓരോ അംഗവും അംഗത്വഫീസായി അടച്ച് പരമാവധി അംഗങ്ങളെ ചേർക്കാൻ എല്ലാ ഇടവകകളും താൽപര്യമെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

ബഹു. വികാരിയച്ചന്മാരും ഫൊറോനാ ഡയറക്ടറച്ചന്മാരും ഇക്കാര്യത്തിന് ആവശ്യമായ നേതൃത്വവും സഹായസഹകരണങ്ങളും നൽകുമല്ലോ.


ഈ വർഷം സംഘടനയുടെ തെരഞ്ഞെടുപ്പ് നടക്കുകയാണ്. യൂണിറ്റ് തെരഞ്ഞെടുപ്പ് 2017 ജൂൺ 30നു മുമ്പും അതിരൂപതാ സമിതിയുടേത് സെപ്റ്റംബർ മാസത്തിലും നടത്തണമെന്നാണ് മേലധികാരികളിൽ നിന്ന് നിർദ്ദേശം ലഭിച്ചിരിക്കുന്നത്. കേന്ദ്രഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നവംബർ മാസത്തിലായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. കത്തോലിക്കാ കോൺഗ്രസ്സിന്റെ ഭരണഘടനയനുസരിച്ച് സത്യസന്ധമായും നീതി പൂർവ്വമായും യൂണിറ്റ്, ഫൊറോന, അതിരൂപതാ തലങ്ങളിൽ തെരഞ്ഞെടുപ്പു നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. കാര്യപ്രാപ്തിയുള്ളവരും ഉത്തമരുമായവരെ തെരഞ്ഞെടുത്ത് സഭയോടും സമുദായത്തോടും വിശ്വസ്തത പുലർത്തിക്കൊണ്ട് അതിരൂപതിയിൽ കത്തോലിക്കാ കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുവാൻ അർപ്പണബുദ്ധിയോടെ പ്രയത്നിക്കുന്ന നേതൃത്വം ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

+ J Perumthottam

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B : *ഈ സർക്കുലർ ജൂൺ 18-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




## I

## PORTFOLIOS OF THE PROTOSYNCELLUS AND THE SYNCELLI

For an effective and efficient governance of the Archeparchy, His Grace Archbishop Mar Joseph Perumthottam entrusts the following responsibilities to the Protosyncellus and the Syncelli of the Archeparchy (CCEO cc. 245-246).

**Auxiliary Bishop Mar Thomas Tharayil (Protosyncellus)**

1. Powers and duties as stipulated in the CCEO
2. Special Charge of the Southern Region of the Archeparchy (Thiruvanathapuram, Kollam-Ayoor & Amboori)
3. Priests, Ongoing formation of Priests, Retreats and Renewal Programmes
4. Seminarians, Vocations, Faith Formation, Sunday School, CML
5. Care Homes, Palliative Care
6. Health Care, Chethipuzha (Allied and Nursing College Chethipuzha) & Sahrudaya Hospitals
7. Danahalaya
8. Laity, AKCC, Family Apostolate, *Kudumba Koottayma*
9. Co-ordination of the Departments
10. Finance

**Very Rev Dr Joseph Mundakathil**

1. Parishes
2. Movements and Associations: Labour Movement, DCMS, Temperance Movement etc.
3. Social Service: CHASS, KVS, ATMATA
4. Pravasi Ministry, Ministry for the Tourists
5. Rector of Parel Marian Shrine & its construction.

**Very Rev Dr Mani Puthiyidom**

1. Youth Apostolate
2. Bible Apostolate
3. Changanacherry Bible Convention

**Very Rev Dr Philips Wadakekalam**

1. Educational Institutions
2. General & Higher Education: Colleges & Schools, Civil Service Institute
3. Other secular educational Institutions
4. Movements and Associations in the field of education: Catholic Teachers' Guild, KCSL, CSM etc.

**Very Rev Dr James Palackal**

1. Religious: Institutes of Consecrated Life and Societies of Apostolic Life
2. Liturgy
3. Public Relations
4. Media: Printing Press, Book Apostolate, Audio-Visual media
5. Missions: Etawah Mission
6. Benefactors & Funding Agencies
7. Cultural Heritage: Museum & Archeology; Archeparchial Library
8. Ecumenism and Dialogue
9. Ecclesiastical Institutions of Religious Studies (Marios, Marthoma Vidyanikethan, CANA, MOC, Amala)

## II

### കരുമാടി സെന്റ് ജോസഫ്സ് ചാപ്പൽ അതിർത്തി തിരിഞ്ഞ കുരിശുപള്ളി

2017 മെയ് 20 ന് പച്ച-ചെക്കിടിക്കാട് ലൂർദ്ദ്മാതാ പള്ളിയിൽ വച്ച് നടന്ന 130-ാമത് അതിരൂപതാദിന സമാപനസമ്മേളനത്തിൽ കരുമാടി സെന്റ് ജോസഫ്സ് പള്ളിയെ അതിർത്തിതിരിഞ്ഞ കുരിശുപള്ളിയായി പ്രഖ്യാപിച്ചു. (കല്പന നമ്പർ C 17/ PY KRMY-500)

## III

## ONGOING FORMATION PROGRAMME FOR PRIESTS

### ജൂൺ മാസം 13, 14 തീയതികളിൽ

നമ്മുടെ അതിരൂപതയിലെ 2012-13 വർഷം പൗരോഹിത്യം സ്വീകരിച്ചവർ മുതൽ 2016-17 വർഷം പൗരോഹിത്യം സ്വീകരിച്ചവർ വരെയുള്ള വൈദികർക്കായി ഒരു തുടർ പരിശീലന പരിപാടി ജൂൺ മാസം 13, 14 തീയതികളിൽ തുരുത്തി കാനായിൽ വച്ച് നടത്തപ്പെടുന്നു. 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 14-ാം തീയതി ബുധനാഴ്ച

ഉച്ചഭക്ഷണത്തോടെ പരിപാടി സമാപിക്കും. വൈദികരുടെ ഈ കൂട്ടായ്മ യിലും പഠനശിബിരത്തിലും സംബന്ധിക്കേണ്ട എല്ലാവരും (2012-13, 2013 -14, 2014-15, 2015-16, 2016-17 ബാച്ചുകൾ) പൂർണ്ണമായും പങ്കെടുക്കേണ്ട താണ്.

**പഠനശിബിരത്തിൽ ചർച്ച ചെയ്യുന്ന പ്രധാന വിഷയങ്ങൾ:**

1. Emotional Maturity and Priestly Efficacy (Mar Thomas Tharayil)
2. Sexual Abuse of Women and Minors (Adv. Litto Palathingal)
3. *Amoris Laetitia*: Pastoral Implications (Rev Dr Antony Moolayil)

കൂടാതെ അഭിവന്ദ്യ പിതാക്കന്മാരും കൂരിയാ അംഗങ്ങളുമായുള്ള Interactive sessions -ഉം ഉണ്ടായിരിക്കും.

## IV

## ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സെഹിയോൻ ധ്യാന ഭവനത്തിൽ ക്രമീകരിച്ചി രിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം 6 മണിക്ക് റംശായോടുകൂടി ആരംഭിച്ച് സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നു.

നേരത്തെ അറിയിച്ചിരുന്നതിൽനിന്നും വ്യത്യസ്തമായി, അഗസ്റ്റുമാസം 13 - 18 വരെ ക്രമീകരിച്ചിരുന്ന ധ്യാനം ജൂലൈ മാസം 9 - 16 വരെയുള്ള തീയ തികളിലായിരിക്കും.

മൂന്നു ബാച്ചു ധ്യാനങ്ങളുടെ തീയതികളും ധ്യാനഗുരുക്കന്മാരുടെ പേരുകളും

ബാച്ച് 1 - 2017 ജൂലൈ 9 മുതൽ 16 വരെ<br>
ധ്യാനഗുരു - മാർ തോമസ് തറയിൽ, സഹായമെത്രാൻ

ബാച്ച് 2 - 2017 ജൂലൈ 16 മുതൽ 21 വരെ<br>
ധ്യാനഗുരു - റവ. ഡോ. ജിമ്മി പൂച്ചക്കാട്ട്

ബാച്ച് 3 - 2017 ഒക്ടോബർ 1 മുതൽ 6 വരെ<br>
ധ്യാനഗുരു - റവ. ഡോ. ഡാനിയേൽ പൂവണ്ണത്തിൽ

അതിരൂപതയ്ക്ക് വെളിയിൽ സേവനത്തിലോ, പഠനത്തിലോ ഏർപ്പെട്ടിരി ക്കുന്ന വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്ന്യാസവൈ ദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താല്പര്യമുള്ള പക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ബാച്ചിൽ ധ്യാനിക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതു ബാച്ചി ലാണ് ധ്യാനിക്കുന്നതെന്ന് അതിരൂപതാ ചാൻസിലറെ രേഖാമൂലം അറിയിക്കേ ണ്ടതാണ്.

ധ്യാനാവസരത്തിൽ ബഹു. വൈദികർ എല്ലാവരും അവരവരുടെ കുർബാന കണക്കുപുസ്തകം പരിശോധനക്കായി കൊണ്ടുവരേണ്ടതാണ്. അനുരഞ്ജ നകൂദാശ പത്തേന്തി പുതുക്കാനുള്ളവർ അത് കൊണ്ടുവരുവാൻ ശ്രദ്ധിക്കണം.

## ANNUAL RETREAT 2017

1st Batch July 9-14

Alencherry Joseph
Alencherry Isaac(Jr)
Ampalathinkal Jacob
Arackal Varghese
Aruparayil Joseph
Avanoor George
Ayyamathara Jacob
Chackumkal George
Chalackal Sebastian
Chavara John J
Checkonthayil Thomas
Cherupurackal Thomas
Chethipuzha Varghese
Chooravady Mathew
Chundakattil James
Elamkulam Kurian
Elanjimattom Joseph
Erupathil Zachariah
Kainikara Thomas
Kakkanattu Joseph
Kalapurackal Tom
Kalarickal Joseph
Kalayamkandam James
Kallukalam Mathew
Kanicheril Varghese
Kanikunnel James
Kanjirathummoottil Thomas
Karikompil Cherian
Karippingapuram Abraham
Karukayil Joseph
Karuvelil Francis
Kayamkulathussery Joseph
Kinganamchira Michael
Kizhakkemury Joseph
Kocherry Damianose
Kochuchira Joseph
Kochukarottu Joseph
Kollara Joseph
Koodathil George
Kottathil Thomas
Kottayarukil Cyriac
Kottayil Cyriac
Kunnackattuthara Zacharias
Kunnathu James
Kunnil James
Kuzhiyadiyil Joseph
Kuzhuppil Thomas
Kuzippallil Jacob
Madathiparampil Mathew
Mamoottil Joseph
Manakalam Joseph
Manakkunnel John
Mannarkulam Antony
Mannumadom George
Moozhurcheruvelil Joseph
Mudanthangelil Martin
Mudunadackal Isaac
Mundakathil Joseph
Mupparathara Abraham
Muriyankavunkal Dominic
Naduvilekalam Jacob
Naduvilezham Joseph
Nalpathamkalam Cyril
Nerayath Antony
Nilavanthara Joseph
Ninaparampil Antony
Paikkattumattathil Thomas
Palackal James
Palakkachery Chacko
Parackal Jacob
Parackal Joseph
ParackalThoma Paulose
Pazhayamadam James
Pazhayamadom Varghese
Pazhayapura George
Plaparampil Joseph
Plaparampil Thomas
Plathanam John
Poovathussery Joseph
Porookara Antony

Powanchira Mathew
Purackal Joseph
Puthenangady Mathew
Puthenchira Jose
Puthenpurackal Varghese
Puthiaparampil Chacko
Puthiaparampil Joseph
Puthusserril Sebastian
Puthuveedu Joseph
Puthuveettil Joseph
Thanamavunkal Varghese
Thanniathu Mathew
Thekkedathu Mathew
Thekkekara Thomas
Thekkekkara John
Thekkepurath Joseph
Thumpechirayil Mathew
Thundiyil Devasia
Thundiyil Johnson
Vaikkathukaranveettil Philip
Valiakunnumpurathu Cyriac
Valiyaparampil Sebastian
Vellanickal Thomas
Vengasserry Paul
Vengasserry Joseph

**2nd Batch July 16- 21**

Alumkal Joseph
Ampalathumparampil Francis
Anchil Mathew
Anithottathil Dominic
Aranjaniyil Geevarghese
Athikalam James
Chackathara Jacob
Chalackal Joseph
Chalassery Joseph
Changankary Mathew
Checkathadam George
Chempilakam Joseph
Cheppila Scaria
Chethipuzha Mathew
Choolaparampil Joseph
Choorapuzha Scaria
Edachethra Varghese
Ethackad Antony
Kadathukalam Abraham
Kaithaparampil Varghese
Kakkuzhy Cherian
Kalathil Joseph
Kalayil Joseph
Kalayil Varghese
Kampiyil Thomas
Kanjooparampil Thomas
Kannadippara Sebastian
Karakkadu Thomas
Karattu Mathew
Karukaparampil Cherian
Kayamkulathussery Thomas
Kayithara Varghese
Kezhaplackal Philipose
Kochuparampil Jose
Kodickal Varghese
Koippally Jacob
Kokkavayalil James
Kollaparampil Augustine
Kossackal Varghese
Kottaram Jose
Kottathil Mathew
Kottayil Mathew
Kudilil James
Kulathumkal Thomas
Kurinjiparampil Sebastian
Kurisumkal Martin
Kuthukallumkal Thomas
Malieckal Mathew
Malieckal Thomas
Maliyil Thomas
ManavathVarkey
Mancherikalam Sebastian jr
Mangalathil George
Mangalathu Thomas
Manianchira Thomas
Mannamthuruthil Sebastian
Moolayil Antony
MoolayilKurian
Moonattinmugham Mathew

Mullankuzhy George
Mullanpara John
Mullassery Mathew
Nadackal Mathew
Nadamukath Mathew
Naduviledam Gregory
Nelluvelil Emmanuel
Nelpurackal Alexander
Nelpuraparampil Philip
Padinjarekuttu Mathew
Padinjareveettil Thomas
Padiyath Augustine
Padiyathu Thomas
Panakezham George
Panakezham Joseph
Parappuram Alex
Parasseril Jose
Parathanam Thomas
Parathara Thomas
Paruvaparampil John
Pathiparampil Mathew
Pattathanam Stephen
Pazhayamadam Cyric
Peelianickal Thomas
Perumpalathussery Abraham
Perumpallithara Antony
Ponganamthadathil Augustine
Poovatholil Thomas
Poovathunkal Joseph
Powathuparampil Thomas
Punnakalayil Varghese
Punnasserry Sebastian
Puthenkalam Xavier
Puthenparampil Joseph
Puthenpura Varghese
Puthenpurackal Francis
Puthenpurackal Thomas
Puthenpurackal Thomas (Joshy)
Puthenpurackal Thomas (Tomy)
Puthenpurackal Thomas jr
Puthuparampil Joseph
Puthuparampil Sebastian
Puthuparampu Devasia
Srampickal Scaria
Thadathil John V
Thaikkattusserril Thomas
Thalachelloor Antony
Thayyilnedumparampil Abraham
Thekkedathu Kuriakose
Thoompumkal Joseph Jr.
Thottackattukalayil Joseph
Thumpayil Thomas
Thyparampil Joseph
Vadakkekalam John
Vadakkettam Francis
Vanchickal Thomas
Vaniapurackal Joseph
Varikkappallil Jose
Vattackad Jacob
Vazhaparampil Thomas
Veliyathu George
Vellamathara Sebastian
Vellanickal George

**3rd Batch October 1 - 6**

Aerathadam Philip
Aiyamkary Joseph
Alencherry Jose
Anakallunkal Antony
Anchupankil Jacob
Aryankala Thomas
Banglavuparampil Joseph
Changankary Abraham
Cheeramvelil Jacob
Chethipuzha Jacob
Chirakadavil Joseph
Chooravady Mathew Jr
Kachamkode Antony
Kadaprakunnil Joseph
Kaithaparampil Joseph
Kalathil Mathew
Kamicherry Scaria
Kamukampallil Antony
Kanchickal Philip
Kanjiravelil Thomas
Kanniyakonil Scaria

Kappamoottil George
Kappithottam Philipose
Karivelil Zacharias
Karottuvempenickal Celestine
Kattady Jacob
Kattappuram Joseph
Kattoor Thomas
Kattuppara Antony
Kavalam Antony
Kizhakkeveettil Antony
Kizhakkeyil Peter
Kochelechemkalam Thomas
Kochukizhakkekadavil Joseph
Kochumalayil John
Kochuparampil George
Kooroth Jacob
Koottummel Cyriac
Koottummel George
Koottummel Sebastian
Kunnumpuram Thomas
Kunnuparampil Joseph
Kuriannurparampil Joseph
Madatiparampil John
Maleckal James
Mannathara Joseph
Manthuruthil George
Mathilakathukuzhy Varghese
Moolamkunnam George
Mukalel Jose
Mulavana Joseph
Mullakkariyil Joseph
Muthalakkavil Antony
Muttathil Antony
Muttel Thomas
Nalpathamkalam Joseph
Nambiamadom Scaria
Nedumparampil Joseph
Nuzhaithadam George
Odalany Mathew
Onamkulam Gregory
Palakunnel Cherian
Palamattam Alexander
Pallichirayil Joseph
Parappallil Scaria
Parappally Jose
Parathottal Thomas
Pathalil John
Pathil Joseph
Peediakal Kuriakose
Peediakal Luke
Peediyekkal Paul
Plathottam Joseph
Plathottathil Thomas
Pockavarayathu Antony
Pulichamackal Mathew
Pulickal Joseph
Puthenkalam Antony
Puthenkalam Tom
Puthenparampil Thomas (Shijo)
Puthenpura Kurian
Puthiaparampil Joseph Jr
Puthiyidom Mani
Puthiyidom Thomas
Puthuveettilkalam Joseph
Puthuveettilkalam Joseph (Tegi )
Puthuvelil Varghese
Thanniathu Thomas
Tharmasserry Abraham
Thayyil Philip
Thekkummuryil Thomas
Thevary Antony
Thoompumkal Joseph
Thuruthel Joseph
Thuruthumalil Joseph
Thyparampil Augustine
Vallathara Aloysius
Vallayil George
Vallayil Job
Varikkattu Jacob
Varuvelil Mathew
Vathyakary George
Vellanickal Louis
Vettuvayalil Abraham
Viruppel Jose
Wadakkekalam Philips

## V

## പ്രത്യേക പിരിവുകൾ

### 1. പത്രോസിന്റെ കാശ്:

പത്രോസ് – പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോട് അനുബന്ധിച്ച് ജൂൺ 26–ാം തീയതിയിലെ സ്തോത്രകാഴ്ച പത്രോസിന്റെ കാശ് (Peter's Pence) ആയി പരി. പിതാവിന് സമർപ്പിക്കാനുള്ളതാണ്.

### 2. സീറോ മലബാർ സഭാദിന ഫണ്ട്:

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ (ജൂലൈ 3) സഭാദിനമായി ആചരിക്കപ്പെടുന്നു. ജൂലൈ 3–ലെ സ്തോത്രകാഴ്ച – ഒരാൾക്ക് രണ്ട് രൂപാ എന്ന കണക്കിൽ ഓരോ ഇടവകയിലെയും വിശ്വാസികളുടെ എണ്ണമനുസരിച്ച് – സീറോ മലബാർ സഭാ കാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകുവാനുള്ളതാണ്.

### 3. ജൂലൈ 9 ഞായർ

യുവജനദിനമാകയാൽ ഈ ദിവസത്തെ സ്തോത്രക്കാഴ്ച യുവജനങ്ങളുടെ വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ളതാണ്.

## VI

## 2016–'17 സാമ്പത്തികവർഷത്തിലെ കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്

1. അതിരൂപതയിലെ എല്ലാ പള്ളികളും കണക്കുകൾ സമർപ്പിക്കേണ്ട തീയതികൾ ഈ കല്പനയോടു ചേർത്തിരിക്കുന്ന ലിസ്റ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ബഹു. വികാരിയച്ചന്മാരും പള്ളിയിലെ കൈക്കാരന്മാരും കണക്കനും ഈ കല്പനയിൽ കൊടുത്തിരിക്കുന്ന നിബന്ധനകൾ വായിച്ചു മനസിലാക്കി അവയ്ക്കു വിധേയമായി കണക്കും അനുബന്ധ റിക്കാർഡുകളും പരിശോധനയ്ക്കു ഹാജരാക്കേണ്ടതാണ്.
2. നിയമാനുസൃതം വിളിച്ചുകൂട്ടിയ ഇടവക പൊതുയോഗം പാസ്സാക്കിയ കണക്കുകൾ മാത്രമേ അതിരൂപതാ കച്ചേരിയിൽ സ്വീകരിക്കുകയുള്ളൂ.
3. കണക്കുകൾ യോഗത്തിൽ സമർപ്പിക്കുന്നതിനു മുമ്പായി നിയമാനുസൃതം തെരഞ്ഞെടുത്ത ഇന്റേണൽ ഓഡിറ്റർമാർ കണക്കുകൾ ഓഡിറ്റുചെയ്തിരിക്കേണ്ടതാണ്. അവരുടെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റുമെന്റും അതിനെ സംബന്ധിച്ച് കൈക്കാരന്മാരുടെ വിശദീകരണവും ആണ്ടുതിരട്ടോടുകൂടി യോഗത്തിൽ വായിച്ചിരിക്കണം. ഇക്കൊല്ലം വച്ചിരിക്കുന്ന ബജറ്റ് അനുസരിച്ച് പിരിവുകൾ തരുന്ന കാര്യത്തിൽ ശ്രദ്ധിക്കണം.
4. ആണ്ടുതിരട്ട് പാസ്സാക്കുന്നതോടുകൂടി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഇന്റേണൽ ഓഡിറ്റർമാരുടെ തെരഞ്ഞെടുപ്പും നടത്തിയിരിക്കണം.
5. അതിരൂപതാ കച്ചേരിയിൽ നിന്ന് അംഗീകാരം കിട്ടിയതിനുശേഷമേ കൈക്കാരന്മാരും ഓഡിറ്റർമാരും അവരുടെ നിയുക്തജോലി ഏറ്റെടുക്കുവാൻ പാടുള്ളൂ.

6. ഇടവകപ്പള്ളിയിലെ പൊതുകണക്കിൽ ഉൾപ്പെടുത്താത്ത കുരിശുപള്ളികളുടെ കണക്കുകൾ ഇടവകയിൽ നിന്നും നേരിട്ടു നടത്തുന്ന പദ്ധതികളെ സംബന്ധിച്ചുള്ള കണക്കുകൾ എന്നിവ പള്ളിയുടെ പൊതുകണക്കിനോടൊപ്പം ഇന്റേണൽ ഓഡിറ്റേഴ്സ് ഓഡിറ്റ് ചെയ്തിരിക്കേണ്ടതും പൊതുകണക്കിനോടൊപ്പം ആണ്ടുതിരട്ടുയോഗത്തിൽ പാസ്സാക്കി അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള പ്രത്യേക കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ പ്രസ്തുത കണക്കിന്റെ തുടക്കം മുതൽ 31-03-2017 വരെയുള്ള കണക്കുകൾ മേൽപ്പറഞ്ഞവിധം തയ്യാറാക്കി ഈ വർഷത്തെ ആണ്ടുതിരട്ടിനോടൊപ്പം അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടംപണി, പദ്ധതികൾ മുതലായവ പൂർത്തീകരിച്ചാലും ഇല്ലെങ്കിലും 31-03-2017 വരെയുള്ള അവയുടെ കണക്കുകൾ ഓഡിറ്റു ചെയ്ത് മേൽപ്പറഞ്ഞവിധം അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

7. ആണ്ടുതിരട്ട് തയ്യാറാക്കുന്നതിന് മുമ്പായി രസീതുകൾ, പാസ്സ്ബുക്കുകൾ എന്നിവ ബാങ്കിൽ കൊടുത്ത് സാമ്പത്തികവർഷാവസാനം വരെയുള്ള ഇടപാടുകൾ പതിപ്പിക്കുകയും അതനുസരിച്ച് കണക്കുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

8. പൊതുകണക്കിന്റെ പേരേടിൽ പള്ളിക്ക് സാമ്പത്തികവർഷാവസാനം വരെയുള്ള എല്ലാ കടബാദ്ധ്യതകളുടെയും പൂർണ്ണവിവരം രേഖപ്പെടുത്തിയിരിക്കണം.

9. പള്ളിയുടെ ബാലൻസ് ഷീറ്റിൽ കാണുന്ന ആസ്തിബാദ്ധ്യതകൾ പൊതുകണക്കുമായി ഒത്തുനോക്കി വ്യത്യാസമുണ്ടെങ്കിൽ അവ ഈ സാമ്പത്തികവർഷത്തെ ആണ്ടുതിരട്ട് തയ്യാറാക്കുമ്പോൾ ശരിയാക്കേണ്ടതാണ്.

10. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളും അതിരൂപതാ കച്ചേരിയിൽ കണക്ക് പരിശോധിച്ചപ്പോൾ നല്കിയ നിർദ്ദേശങ്ങളും പ്രത്യേകം പഠിച്ച് വേണം ഈ വർഷത്തെ ആണ്ടുതിരട്ട് തയ്യാറാക്കുവാൻ.

11. അതിരൂപതാ കച്ചേരിയിലേക്ക് സമർപ്പിക്കുന്ന എല്ലാ റിക്കാർഡുകളിലും സ്റ്റേറ്റുമെന്റുകളിലും റിപ്പോർട്ടുകളിലും ബഹു. വികാരിയച്ചന്റെ കൈയൊപ്പുണ്ടായിരിക്കേണ്ടതാണ്.

12. അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന തീയതിക്ക് 7 ദിവസം മുമ്പെങ്കിലും ആണ്ട് തിരട്ട് പാസ്സാക്കിയിരിക്കേണ്ടതാണ്.

13. ഇടവക പള്ളിയിലെ പൊതുകണക്കിൽ ഉൾപ്പെടുത്താത്തതും സ്വതന്ത്രമായി കണക്ക് സൂക്ഷിക്കുന്നതുമായ എല്ലാ കുരിശുപള്ളികളും, ചാപ്പലുകളും അവരുടെ കണക്കുകൾ മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നു.

14. **പ്രത്യേക ആവശ്യങ്ങൾക്കായി പള്ളിയിൽ എടുക്കുന്ന സ്തോത്രകാഴ്ച മുഴുവനും കണക്കിൽ വരവുവയ്ക്കേണ്ടതും നിയമാനുസൃതമായ തുക**

**(അതായത് താഴെ കൊടുത്തിരിക്കുന്ന 5 പിരിവുകളൊഴികെ ബാക്കി എല്ലാ പിരിവുകളുടെയും 50%) കൃത്യമായ തീയതിക്കുള്ളിൽ അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. താഴെ പറയുന്ന അഞ്ചു പിരിവുകൾ പള്ളിയിൽ വിളിച്ചുപറഞ്ഞ് കിട്ടുന്ന തുക മുഴുവനും അതിരൂപതാ കച്ചേരിയിൽ ഏല്പിച്ച് രസീതു വാങ്ങേണ്ടതാണ്. ഇടവകയുടെ ആവശ്യത്തിലേയ്ക്ക് ഈ പിരിവുകളിൽ നിന്നും തുക മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.**

1. **ദുഃഖവെള്ളിയാഴ്ച** – വിശുദ്ധനാട് സംരക്ഷണത്തിനുവേണ്ടി പരിശുദ്ധ പിതാവിനു നൽകുവാനുള്ളത്.
2. **മിഷൻ ഞായർ** – ഒക്ടോബറിലെ 3-ാം ഞായർ (ആഗോളമിഷൻ പ്രവർത്തനത്തിനുവേണ്ടി പൊന്തിഫിക്കൽ മിഷൻ ഓർഗനൈസേഷന് നൽകുവാനുള്ളത്.)
3. **സീറോമലബാർ മിഷൻ ദിനം** – ദനഹാത്തിരുനാളിനുശേഷം വരുന്ന ഞായർ, (അതിരൂപത ദത്തെടുത്തിരിക്കുന്ന ജഗദൽപൂർ മിഷന് നൽകുവാനുള്ളത്.)
4. **സെമിനാരി ഫണ്ട്** – (പെസഹാവ്യാഴം) വൈദികവിദ്യാർത്ഥി പരിശീലനം.
5. **കാരിത്താസ് ചങ്ങനാശേരി** – വലിയനോമ്പുകാലത്തെ ഒരു ഞായർ.

15. അതിരൂപതാ കച്ചേരിയുടെ രേഖാമൂലമുള്ള കല്പന കൂടാതെ അതിമെത്രാസനവിഹിതം ഉൾക്കൊള്ളുന്ന വരവുകൾ ഒന്നുംതന്നെ ‘പ്രത്യേക ആവശ്യങ്ങളിലേക്ക് സംഭാവന’ എന്ന രീതിയിൽ കണക്കെഴുതുവാൻ പാടുള്ളതല്ല.
16. പള്ളിയുടെ പുനരുദ്ധാരണത്തിനും പാരീഷ് ഹാൾ, വൈദികമന്ദിരം മുതലായവ പണിയുന്നതിനും വ്യക്തികളിൽ നിന്ന് സ്വീകരിക്കുന്ന സംഭാവനകൾക്ക് പ്രത്യേക രസീതു നൽകി ടി വരവ് പ്രത്യേകം പേരേടു നാൾവഴികളിൽ ചേർത്ത് രസീതു ബുക്കു സഹിതം ആണ്ടുതിരട്ടോടുകൂടി പരിശോധനക്കു വിധേയമാക്കേണ്ടതാണ്.
17. എല്ലാ പള്ളികളും 2016-2017 സാമ്പത്തിക വർഷത്തിലെ ബജറ്റ് തയ്യാറാക്കി പൊതുയോഗം അംഗീകരിച്ച് അതിരൂപതാ കച്ചേരിയിൽ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

**അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുമ്പോൾ കൊണ്ടുവരേണ്ട റിക്കാർഡുകൾ**

1. പൊതുയോഗ, പ്രതിനിധിയോഗ നിശ്ചയങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള യോഗ പുസ്തകം.
2. പൊതുകണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്
3. കൃഷിക്കണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്
4. പള്ളിയുടെ പൊതുകണക്കിൽ പെടാത്ത പ്രത്യേക കണക്കുകൾ ഉണ്ടെങ്കിൽ അവയുടെ നാൾവഴി, പേരേട്, തിരട്ട്

5. ആണ്ടുതിരട്ടിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ
6. ബാങ്ക് പാസ്സ്ബുക്കുകൾ, ഡിപ്പോസിറ്റ് രസീതുകൾ
7. തന്നാണ്ട് പുതുക്കിയ മുറിച്ചാർത്തുകൾ
8. നിത്യകുർബാന, സ്കോളർഷിപ്പ് മുതലായവ എഴുതിസൂക്ഷിക്കുന്ന രജിസ്റ്ററുകൾ, തന്നാണ്ട് അതിന്റെ ബാദ്ധ്യത നിറവേറ്റിയതിന് ബഹു. വികാരിയച്ചന്റെ സാക്ഷ്യം.
9. ആണ്ടുതിരട്ടും, ബജറ്റും പാസ്സാക്കിയ പൊതുയോഗനിശ്ചയത്തിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി.
10. ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടും അതിനെപ്പറ്റി കൈക്കാരന്റെ വിശദീകരണവും.
11. നിയമാനുസൃതം പാസ്സാക്കിയ 2016-2017 വർഷത്തേക്കുള്ള ബജറ്റിന്റെ രണ്ടു കോപ്പികൾ
12. ഇടവകയിലെ തൻവർഷത്തെ പ്രവർത്തനറിപ്പോർട്ട്.

**അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുന്നതിന് ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിട്ടുള്ള തീയതി താഴെ കൊടുത്തിരിക്കുന്നു.**

| No. | Name of the Churches | | Date |
|---|---|---|---|
| 1 | Adoor | Mar Sleeva | 12.06.2017 |
| 2 | Aikkarachira | St. George's | 12.06.2017 |
| 3 | Alappuzha | Mar Sleeba(F) | 12.06.2017 |
| 4 | Amboori | St. George's (F) | 14.06.2017 |
| 5 | Anakulam | St. Joseph's | 14.06.2017 |
| 6 | Anchal | Mary Matha | 14.06.2017 |
| 7 | Arattuvazhy | St. Joseph's | 16.06.2017 |
| 8 | Arpookara | Cherupushpam | 16.06.2017 |
| 9 | Arpookara | St. Xaviers | 16.06.2017 |
| 10 | Arumanoor | Mangalavartha | 19.06.2017 |
| 11 | Aruvikuzhy | Lourdes Matha | 19.06.2017 |
| 12 | Aryad | Little Flower | 19.06.2017 |
| 13 | Aryankavu | St. Mary's | 21.06.2017 |
| 14 | Athirampuzha | St. Mary's (F) | 21.06.2017 |
| 15 | Athirampuzha (Sreekandamangalam) | Lissieux | 21.06.2017 |
| 16 | Ayarkunnam | St. Sebastian's | 23.06.2017 |
| 17 | Ayoor | Christ The King | 23.06.2017 |
| 18 | Ayroor | Lourdes Carmel | 23.06.2017 |
| 19 | Champakara | St. Joseph's | 26.06.2017 |
| 20 | Champakulam (Kalloorkkadu) | St. Mary's (F) | 26.06.2017 |
| 21 | Changanacherry | St. Mary's Metropolitan | 26.06.2017 |
| 22 | Changankary | St. Joseph's | 28.06.2017 |
| 23 | Chanjody | St. Sebastian's | 28.06.2017 |
| 24 | Charamangalam | Lourdes Matha | 28.06.2017 |
| 25 | Charupara | St. Mary's (Kutchapuram) | 05.07.2017 |
| 26 | Chengalam | St. Sebastian's | 05.07.2017 |

| | | | |
|---|---|---|---|
| 27 | Chengannoor | Mary Matha | 05.07.2017 |
| 28 | Chengulam | Nithya Sahaya Matha | 07.07.2017 |
| 29 | Chennamkary | Lourdes Matha | 07.07.2017 |
| 30 | Chennamkary | St. Joseph's | 07.07.2017 |
| 31 | Cheppumpara | Marth Mariam | 10.07.2017 |
| 32 | Cheriyavelinalloor | St. Sebastian's | 10.07.2017 |
| 33 | Cherukadavu | Infant Jesus | 10.07.2017 |
| 34 | Cherukara | St. Marys (Kainady) | 12.07.2017 |
| 35 | Cheruvandoor | St. SebaSt.ian's | 12.07.2017 |
| 36 | Chethipuzha | Sacred Heart | 12.07.2017 |
| 37 | Chunkapara | Little Flower | 14.07.2017 |
| 38 | Dalmugham | St. Mary's | 14.07.2017 |
| 39 | Edappalayam | St. George | 17.07.2017 |
| 40 | Edathuva | St. George's (F)(Koilmuk) | 17.07.2017 |
| 41 | Eara | Lourdes Matha | 17.07.2017 |
| 42 | Eravinalloor | Assumption | 17.07.2017 |
| 43 | Eravuchira | St. Mary's | 19.07.2017 |
| 44 | Ettumanoor | Christ The King | 19.07.2017 |
| 45 | Ezhumatoor | St. Joseph's | 19.07.2017 |
| 46 | Fathimapuram | Fathima matha | 19.07.2017 |
| 47 | Ithithanam | St. Mary's | 21.07.2017 |
| 48 | Kadayinikkadu | St. Mary's | 21.07.2017 |
| 49 | Kaduvakulam | Little Flower | 21.07.2017 |
| 50 | Kainady | Our Lady of Dolours | 24.07.2017 |
| 51 | Kainakary | St. Mary's | 24.07.2017 |
| 52 | Kaithavana | Immaculate Heart | 24.07.2017 |
| 53 | Kalavoor | St. Thomas | 26.07.2017 |
| 54 | Kandankary | St. Joseph's | 26.07.2017 |
| 55 | Kanichukulangara | St. Antony's | 26.07.2017 |
| 56 | Kanjikuzhy (SL Puram) | St. Antony's | 28.07.2017 |
| 57 | Kannady | St. Ritas | 28.07.2017 |
| 58 | Kannady | St. Joseph's Kavalam | 02.08.2017 |
| 59 | Karavaloor | Nithya Sahaya Matha | 02.08.2017 |
| 60 | Karikattoor | St. James | 02.08.2017 |
| 61 | Karimpanakulam | Sacred Heart | 02.08.2017 |
| 62 | Karumady | St. Nicholas | 04.08.2017 |
| 63 | Karuvatta | St. Joseph's | 04.08.2017 |
| 64 | Kattachira | St. Francis | 04.08.2017 |
| 65 | Kavalam | St. Tresas | 07.08.2017 |
| 66 | Kavalam | St. Joseph's | 07.08.2017 |
| 67 | Kavalam | Lissieux | 07.08.2017 |
| 68 | Kayalpuram | St. Antony's | 09.08.2017 |
| 69 | Kayalpuram | St. Joseph's | 09.08.2017 |
| 70 | Kelamangalam | Our Lady of Dolours | 09.08.2017 |
| 71 | Kidangara | St. Gregorys | 11.08.2017 |
| 72 | Kiliroor | St. Francis D'Sales | 11.08.2017 |
| 73 | Kizhakkemithrakary | Holy Family | 11.08.2017 |
| 74 | Kizhakkethalackal | St. Treasas(Pulinkunnu) | 14.08.2017 |
| 75 | Kodinattukunnu | St. Sebastian's | 14.08.2017 |
| 76 | Koduppunna | St. Joseph's | 14.08.2017 |
| 77 | Kollam | Mar Thoma Sleeba Mission | 16.08.2017 |

| | | | |
|---|---|---|---|
| 78 | Kollamuttam | Fathima Matha (Pulinkunnu) | 16.08.2017 |
| 79 | Kondackal | St. Joseph's | 16.08.2017 |
| 80 | Kooropada | Holy Cross | 18.08.2017 |
| 81 | Kottackapuram | St. Mathew's | 18.08.2017 |
| 82 | Kottangal | St. John The BaptiSt. | 18.08.2017 |
| 83 | Kudamaloor | St. Mary's Forane | 21.08.2017 |
| 84 | Kulathoor | Little Flower | 21.08.2017 |
| 85 | Kulathupuzha | St. SebaSt.ian's | 21.08.2017 |
| 86 | Kumarakam | Holy Family (Navanazarath) | 23.08.2017 |
| 87 | Kumarakam | St. John's Vadakkumkara | 23.08.2017 |
| 88 | Kumarankary | St. Mary's | 23.08.2017 |
| 89 | Kumarapuram | St. Mary's | 25.08.2017 |
| 90 | Kunnamthanam | St. Joseph's | 25.08.2017 |
| 91 | Kurichy | St. Joseph's | 25.08.2017 |
| 92 | Kurumpanadam | St. Antony's (F) | 28.08.2017 |
| 93 | Kurumpanadam | Assumption | 28.08.2017 |
| 94 | Kuttikonam | ChriSt. The King | 28.08.2017 |
| 95 | Laikkadu | St. Joseph's | 30.08.2017 |
| 96 | Madappally | Little Flower | 30.08.2017 |
| 97 | Mahendrapuram | St. Sebastian's | 30.08.2017 |
| 98 | Mallappally | St. Athanasius | 01.09.2017 |
| 99 | Mampuzhakary | Lourdes Matha | 01.09.2017 |
| 100 | Manackachira | St. Joseph's | 07.09.2017 |
| 101 | Manalady | St. Mary's | 07.09.2017 |
| 102 | Manimala | Holy Magi (F) | 07.09.2017 |
| 103 | Mannanam | St.Joseph's | 08.09.2017 |
| 104 | Mannamchery | Our Lady of Perpetual Help | 08.09.2017 |
| 105 | Mannamthala | Ranigiri | 08.09.2017 |
| 106 | Mannarkunnu | St. Gregorys | 11.09.2017 |
| 107 | Mannila | Holy Family | 11.09.2017 |
| 108 | Mayam | Marigiri (St. Mary's) | 12.09.2017 |
| 109 | Meenkulam | Loured Matha | 12.09.2017 |
| 110 | Mithrakary | St. Xaviers | 13.09.2017 |
| 111 | Moncompu | Pius Xth | 13.09.2017 |
| 112 | Mudiyoorkara | Holy Family | 13.09.2017 |
| 113 | Muhamma | St. George's | 15.09.2017 |
| 114 | Mundathanam | St. Antony's | 15.09.2017 |
| 115 | Mundupalam | St. Mary's | 18.09.2017 |
| 116 | Muttar | St. Thomas | 18.09.2017 |
| 117 | Muttar | St. George's | 18.09.2017 |
| 118 | Nalpathimala | St. Thomas | 19.09.2017 |
| 119 | Narbonapuram | St. SebaSt.ian's | 19.09.2017 |
| 120 | Narikkallu | St. Mary's | 20.09.2017 |
| 121 | Nazareth | St. Jeromes | 20.09.2017 |
| 122 | Nedumanni | Fathima Matha | 20.09.2017 |
| 123 | Nedumkunnam | St. John The BaptiSt. (F) | 21.09.2017 |
| 124 | Nirmalapuram | St. Mary's | 21.09.2017 |
| 125 | Pacha/Chekkidikkadu | Lourdes Matha | 22.09.2017 |
| 126 | Pachakad | Sacred Heart | 22.09.2017 |
| 127 | Padaharam | St. Joseph's | 22.09.2017 |

| | | | |
|---|---|---|---|
| 128 | Paippadu | Lourdes Matha | 25.09.2017 |
| 129 | Paippadu | St. Thomas | 25.09.2017 |
| 130 | Pallathuruthy | St. Thomas | 25.09.2017 |
| 131 | Pallikoottumma | Fathima Matha | 26.09.2017 |
| 132 | Pallikunnu | St. Thomas | 26.09.2017 |
| 133 | Palode | St. Mary's | 26.09.2017 |
| 134 | Pampady | Deva Matha | 27.09.2017 |
| 135 | Pandy | Fathima Matha | 27.09.2017 |
| 136 | Pangada | Sacred Heart | 27.09.2017 |
| 137 | Paral | St. Antony's | 28.09.2017 |
| 138 | Parampuzha | Bethlehem | 28.09.2017 |
| 139 | Parel | St. Mary's | 28.09.2017 |
| 140 | Payattupakka | Holy Family | 29.09.2017 |
| 141 | Pazhayeroor | St. Thomas | 29.09.2017 |
| 142 | Peroorkada | Lourdes Hill | 29.09.2017 |
| 143 | Perumkavu | St. Thomas | 03.10.2017 |
| 144 | Perunna EaSt. | St. Antony's | 30.10.2017 |
| 145 | Philgiri | St. Joseph's | 03.10.2017 |
| 146 | Podipara | Holy Family | 04.10.2017 |
| 147 | Poonthope | St. Francis | 04.10.2017 |
| 148 | Pulickakavala | St. Mary's | 04.10.2017 |
| 149 | Pulinkunnu | St. Mary's (F) | 05.10.2017 |
| 150 | Pullangady | Holy Family | 05.10.2017 |
| 151 | Punaloor | Sacred Heart | 06.10.2017 |
| 152 | Punnapra | St. Gregory's | 06.10.2017 |
| 153 | Punnathura EaSt. | St. Thomas | 09.10.2017 |
| 154 | Punnaveli | Little Flower | 09.10.2017 |
| 155 | Purackad | Holy Cross | 10.10.2017 |
| 156 | Pushpagiri | St. Joseph's (Thellakam) | 10.10.2017 |
| 157 | Puthenagadi | St. George's | 11.10.2017 |
| 158 | Puthukary | St. Xaviers | 11.10.2017 |
| 159 | Puthuppally | St. Antony's (Poomattom) | 12.10.2017 |
| 160 | Puthusserry | Lourdes Matha | 12.10.2017 |
| 161 | Puzhavathu | St. Thomas | 12.10.2017 |
| 162 | Rajagiri | Christ The King | 13.10.2017 |
| 163 | Rajamattom | Sacred Heart | 13.10.2017 |
| 164 | Rajakoope | Holy Cross (Aryannkavu) | 13.10.2017 |
| 165 | Ramankary | St. Joseph's | 16.10.2017 |
| 166 | Sreekaryam | Emmaus (TVM) | 16.10.2017 |
| 167 | Thadiyoor | St. Antony's | 17.10.2017 |
| 168 | Thakazhy | St. Ritas | 17.10.2017 |
| 169 | Thathampally | St. Micheles | 17.10.2017 |
| 170 | Thayamkary | St. Antony's | 18.10.2017 |
| 171 | Thazhathangady | Sacred Heart | 18.10.2017 |
| 172 | Thazhathuvadakara | Lourdes Matha | 19.10.2017 |
| 173 | Punnakunnathussery | St. Joseph's | 19.10.2017 |
| 174 | Thekkekara | St. John's | 20.10.2017 |
| 175 | Thekkekara | St. SebaSt.ian's | 20.10.2017 |
| 176 | Thekkeputhukary | St. Joseph's | 20.10.2017 |
| 177 | Thekkupara | St. Mary's | 23.10.2017 |

| | | | |
|---|---|---|---|
| 178 | Thirumala | Holy Family | 23.10.2017 |
| 179 | Thiruvalla | St. Antony's (Muthoot) | 23.10.2017 |
| 180 | Thiruvanthapuram | Lourdes (F) | 24.10.2017 |
| 181 | Thottackad | St. George's | 24.10.2017 |
| 182 | Thrikodithanam | St. Xaviers | 25.10.2017 |
| 183 | Thuruthy | St. Mary's | 25.10.2017 |
| 184 | Vadakkeamichakary | St. George's | 26.10.2017 |
| 185 | Vadakkekara | St. Mary's | 26.10.2017 |
| 186 | Vadavathur | St. Thomas | 27.10.2017 |
| 187 | Vaipur | St. Joseph's | 27.10.2017 |
| 188 | Vaipur | St. Mary's | 27.10.2017 |
| 189 | Vaipur - Vettikapurayidam | St. SebaSt.ian's | 01.11.2017 |
| 190 | Vaisyambhagam | St. Antony's | 01.11.2017 |
| 191 | Vallamchira | Fathima Matha | 02.11.2017 |
| 192 | Vattiyoorkavu | SFS (MSF) | 02.11.2017 |
| 193 | Vavode | Sacred Heart | 03.11.2017 |
| 194 | Vazhappally | St. Mary's | 03.11.2017 |
| 195 | Veliyanad(N) | St. Joseph's | 03.11.2017 |
| 196 | Veliyanadu | St. Xaviers | 06.11.2017 |
| 197 | Veliyanadu(N) | St. Gregorys | 06.11.2017 |
| 198 | Venchempu | St. Georges | 07.11.2017 |
| 199 | Veroor | St. Joseph's | 07.11.2017 |
| 200 | Vettimukal | St. Mary's | 07.11.2017 |
| 201 | Vettithuruthu | St. Antony's | 08.11.2017 |
| 202 | Vezhapra | St. Paul's | 08.11.2017 |
| 203 | Vithura | All Saints | 08.11.2017 |
| 204 | Vizhinjam | St. Peter's | 08.11.2017 |
| 205 | Ambalapuzha | St. Mary's | 09.11.2017 |
| 206 | Anickadu | St. Antony's (Mallappally) | 09.11.2017 |
| 207 | Attingal | St. Jude | 09.11.2017 |
| 208 | Kannammoola | Bl.Mother Tresa Centre(Petta) | 09.11.2017 |
| 209 | Karyavattam | St. Joseph's | 10.11.2017 |
| 210 | Kottarakkara | St. Thomas Mission(CMF) | 10.11.2017 |
| 211 | Kumaranalloor | St. Thomas | 10.11.2017 |
| 212 | Kundamam | St. Thomas | 10.11.2017 |
| 213 | Kutchapuram | St. Joseph's | 13.11.2017 |
| 214 | Kuttara | St. .Gerald | 13.11.2017 |
| 215 | Nedumon | St. Mary's | 13.11.2017 |
| 216 | Niranam | Thomasleeha Pilgrim Centre | 13.11.2017 |
| 217 | Pandhalam | Danhapally | 13.11.2017 |
| 218 | Parathy | St. Alphonsa (Mayam) | 14.11.2017 |
| 219 | Pathanapuram | Mar.Aprem Mission | 14.11.2017 |
| 220 | Thiruvallam | Sacred Heart | 14.11.2017 |
| 221 | Valikode | St. George | 14.11.2017 |
| 222 | Vimalagiri | Queens of Virgins | 14.11.2017 |
| 223 | Mariyapuram | Mary Matha | 14.11.2017 |
| 224 | Mavelikara | St. Alphonsa | 14.11.2017 |
| 225 | Pandankary | St. Pius X | 14.11.2017 |
| 226 | Pongamoodu | St. Alphonsa | 14.11.2017 |

# ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാൻപട്ട ശുശ്രൂഷ

## റിപ്പോർട്ട്

2017 ഏപ്രിൽ 23-ാം തീയതി, പുതുഞായറാഴ്ച, ഒരു ചരിത്രസംഭവത്തിന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി സാക്ഷ്യം വഹിച്ചു: മെത്രാപ്പോലീത്തൻ ഇടവകയിൽനിന്നുമുള്ള രണ്ടാമത്തെ മെത്രാനും ചങ്ങനാശ്ശേരി അതിരൂപതയുടെ മൂന്നാമത്തെ സഹായമെത്രാനും അഗ്രിപ്പിയ രൂപതയുടെ സ്ഥാനീയമെത്രാനുമായ തറയിൽ മാർ തോമസ് മെത്രാന്റെ മെത്രാഭിഷേകം. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ 130 വർഷത്തെ ചരിത്രത്തിലാദ്യമായി മെത്രാപ്പോലിത്തൻ ദൈവാലയത്തിനുള്ളിൽവച്ച് നടന്ന ആദ്യത്തെ മെത്രാഭിഷേകമായിരുന്നു ഇത്.

ചങ്ങനാശ്ശേരി അതിരൂപതയുടെ ആദ്യത്തെ മെത്രാപ്പോലീത്തയായ കുര്യാളശ്ശേരി മാർ തോമസ് മെത്രാനുശേഷം മാർത്തോമ്മാശ്ലീഹായുടെ നാമം പേറിക്കൊണ്ട് ചങ്ങനാശ്ശേരി അതിരൂപതയിൽ മേല്പ്പട്ട ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ട തറയിൽ മെത്രാന്റെ മെത്രാൻ സ്ഥാനപ്രഖ്യാപനം സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെട്ടത് അഭിവന്ദ്യ കുര്യാളശ്ശേരി പിതാവിന്റെ 114-ാം ജന്മദിനമായ 2017 ജനുവരി 14-ന് ആയിരുന്നു. അന്നേ ദിവസം വൈകുന്നേരം 7 മണിയോടെ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തയോടൊപ്പം കത്തീഡ്രൽ ദൈവാലയത്തിൽ എത്തിയ നിയുക്ത മെത്രാന് അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് മുണ്ടകത്തിൽ പെരിയ ബഹുമാനപ്പെട്ട ജോസഫ് അച്ചന്റെയും കത്തീഡ്രൽ വികാരി പുത്തൻപുര പെരിയ ബഹുമാനപ്പെട്ട കുര്യൻ അച്ചന്റെയും നേതൃത്വത്തിൽ സ്വീകരണം നല്കി.

തുടർന്നുള്ള ദിനങ്ങൾ മെത്രാഭിഷേകത്തിനായുള്ള ഒരുക്കത്തിന്റെ ദിനങ്ങളായിരുന്നു. അതിരൂപതാ ആലോചനാസമിതിയുടെയും പാസ്റ്ററൽ കൗൺസിലിന്റെയും പ്രസ്ബിറ്ററൽ കൗൺസിലിന്റെയും എക്സികൂട്ടിവ് കമ്മിറ്റികളുടെയും അതിരൂപതാ ഇന്റർ ഡിപ്പാർട്ടുമെന്റിന്റെയും മെത്രാപ്പോലീത്തൻ ഇടവക പ്രതിനിധിയോഗത്തിന്റെയും സമ്മേളനങ്ങൾ കൂടി ആലോചനകൾ നടത്തുകയും വിവിധ കമ്മിറ്റികൾക്കു രുപം നല്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റികൾ പല പ്രാവശ്യം സമ്മേളിച്ച് പ്രായോഗിക നടപടികൾ വിലയിരുത്തുകയും വേണ്ട തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തു. 2017 മെയ് മാസം അതിരൂപതയിലെ വിവിധ ഇടവകകളിൽ പ്രത്യേക പ്രാർത്ഥന നടത്തുകയും നിയുക്ത സഹായ മെത്രാന്റെ ആഹ്വാനപ്രകാരം വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. മെത്രാപ്പോലിത്തൻ ഇടവകയുടെയും വിവിധ കമ്മിറ്റികളുടെയും വോളണ്ടിയേഴ്സിന്റെയും നേതൃത്വത്തിലും കത്തീഡ്രൽ ദൈവാലയത്തിൽ ഒരുക്ക പ്രാത്ഥനകൾ നടന്നു.

2017 ഏപ്രിൽ 23, പുതുഞായർ, അന്നേദിവസം മെത്രാഭിഷേകത്തിൽ പങ്കെടുക്കുവാൻ എത്തിയ അഭിവന്ദ്യ പിതാക്കന്മാർക്കും ഇതര വിശിഷ്ടാതിഥികൾക്കും അതിമെത്രാസനഭവനത്തിൽ ഉച്ചഭക്ഷണം ഒരുക്കി. ഉച്ചയ്ക്കുശേഷം

1.45 ന് അഭിവന്ദ്യ പിതാക്കന്മാർക്കും നിയുക്തമെത്രാനും കത്തീഡ്രൽ ദൈവാലയ മൈതാനത്തിനടുത്തുള്ള കവാടത്തിൽ ഒരുക്കിയ പന്തലിൽ സ്വീകരണം നല്കി. തിരുക്കർമ്മങ്ങൾക്കെത്തിയ മെത്രാന്മാരെ മെത്രാപ്പോലീത്തൻ പള്ളിയിൽനിന്നുമുള്ള കുട്ടികൾ പൂക്കൾ നല്കി സ്വീകരിച്ചപ്പോൾ നിയുക്ത മെത്രാനെയും കാർമ്മികനായ അഭിവന്ദ്യ പെരുന്തോട്ടം മാർ ജോസഫ് മെത്രാപ്പോലീത്തായെയും സഹകാർമ്മികനായ അഭിവന്ദ്യ കല്ലറങ്ങാട്ട് മാർ ജോസഫ് മെത്രാനെയും യഥാക്രമം മെത്രാപ്പോലീത്തൻ പള്ളി വികാരി (പെ. ബഹു. പുത്തൻപുരകുര്യൻ അച്ചൻ), പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി (പ്രൊഫ. സോണി കണ്ടങ്കരി), മെത്രാപ്പോലീത്തൻ പള്ളി കൈക്കാരൻ (ശ്രീ. ജിജി കോട്ടയ്ക്കൽ) എന്നിവർ സ്വീകരിച്ചു.

തുടർന്ന് തിരുവസ്ത്രങ്ങളണിഞ്ഞ ബഹുമാനപ്പെട്ട വൈദികരും അഭിവന്ദ്യ പിതാക്കന്മാരും നിയുക്തമെത്രാനും കൊച്ചുപള്ളിയുടെ മുന്നിൽനിന്നും പ്രദക്ഷിണമായി ദൈവാലയത്തിലേക്കു നീങ്ങിയത് മെത്രാഭിഷേക ശുശ്രൂഷയുടെ സഭാത്മകമാനം, സഭമുഴവന്റെയും വിശ്വാസപ്രകാശനത്തിന്റെയും കൂട്ടായ്മയുടേതുമായ ശുശ്രൂഷയാണിതെന്നത്, എടുത്തുകാട്ടുന്നതായിരുന്നു. പ്രദക്ഷിണത്തിന്റെ ഏറ്റവും പിന്നിലായിതിരുക്കർമ്മങ്ങളുടെ അർക്കദിയാക്കോനായ മുണ്ടകത്തിൽ ബഹുമാനപ്പെട്ട ജോസഫച്ചനാൽ അനുഗതനായി നിയുക്തമെത്രാൻ മദ്ബഹായിലേയ്ക്ക് പ്രേവശിച്ചു. മെത്രാഭിഷേക കർമ്മത്തിന്റെ കാർമ്മികനായ അഭിവന്ദ്യ പെരുന്തോട്ടം മാർ ജോസഫ് മെത്രാപ്പോലീത്തയും സഹകാർമ്മികരായ പവ്വത്തിൽ മാർ ജോസഫ് മെത്രാപ്പോലീത്തയും കല്ലറങ്ങാട്ട് മാർ ജോസഫ് മെത്രാനും സ്ഥാനവസ്ത്രങ്ങളണിഞ്ഞ് മാർത്തോമ്മാസ്ലീവായും ഏവൻഗേലിയോനും വഹിച്ച ശുശ്രൂഷികളുടെ അകമ്പടിയോടെ സങ്കീർത്തിയിൽനിന്നും പ്രദക്ഷിണമായി മദ്ബഹായിൽ ആഗതരായി. തുടർന്ന് മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുക്കാനെത്തിയ എല്ലാവർക്കും അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ പെരുന്തോട്ടം മാർ ജോസഫ് മെത്രാപ്പോലീത്താ സ്വാഗതം ആശംസിച്ചു.

നിയുക്തമെത്രാനെ സഭാസമക്ഷം ഔദ്യോഗികമായി അവതരിപ്പിക്കുന്ന നിയമനപത്ര വായനയാണ് തുടർന്ന് നടന്നത്. തറയിൽ ബഹുമാനപ്പെട്ട തോമസ് അച്ചനെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ കല്പന അതിരൂപത ചാൻസലർ പുത്തൻകളം പെരിയ ബഹുമാനപ്പെട്ട ടോമച്ചൻ വായിച്ചപ്പോൾ ദൈവജനം ആദരപൂർവ്വം എഴുന്നേറ്റു നിന്ന് ആദരപൂർവ്വം ശ്രദ്ധയോടെ നിലകൊണ്ടു.

തുടർന്ന് നടന്നത് മെത്രാഭിഷേക ശുശ്രൂഷയുടെ ഏറ്റം അടുത്ത ഒരുക്കമായ രക്തസാക്ഷികളുടെ തിരുശേഷിപ്പ് വന്ദനവും വിശ്വാസപ്രഖ്യാപനവുമായിരുന്നു. അർക്കദിയാക്കോൻ നിയുക്തമെത്രാനെ രക്തസാക്ഷികളുടെ തിരുശേഷിപ്പു വച്ചിരിക്കുന്ന പീഠത്തിങ്കലേക്ക് ആനയിച്ചു. താൻ, ആടുകൾക്കുവേണ്ടി ജീവനർപ്പിച്ച മിശിഹായുടെ ഇടയദൗത്യം നിറവേറ്റാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന് അനുസ്മരിച്ചുകൊണ്ട്, നിയുക്തമെത്രാൻ, സ്വജീവരക്തം ചിന്തി മിശിഹായ്ക്ക് സാക്ഷ്യംവഹിച്ച ധീരരക്തസാക്ഷികളോടുള്ള തന്റെ ഐക്യദാർഢ്യം പ്രഖ്യാപിച്ച് അവരുടെ മാതൃക ഏറ്റുവാങ്ങുവാൻ മുട്ടുകുത്തി പ്രാർത്ഥിച്ചു. അതിനുശേഷം നിയുക്ത മെത്രാന്റെ വിശ്വാസപ്രഖ്യാപനമാണ് നടന്നത്.

മദ്ബഹയിലെ ഇരിപ്പിടത്തിൽ ഉപവിഷ്ടനായ കാർമ്മികന്റെ മുമ്പാകെ മുട്ടുകുത്തി നിന്ന് സഭയുടെ വിശ്വാസസത്യങ്ങളോടും, സന്മാർഗ്ഗ പ്രബോധനങ്ങളോടുമുള്ള പ്രതിബദ്ധതയും തിരുസഭയോടും തന്റെ മേലധികാരികളോടുമുള്ള വിശ്വാസവും വിധേയത്വവും ദൈവതിരുമുമ്പാകെ നിയുക്ത മെത്രാൻ ഏറ്റുപറഞ്ഞു.

എല്ലാ തിരുക്കർമ്മങ്ങളും കർത്തൃപ്രാർത്ഥനയോടെ ആരംഭിക്കുന്ന പൗരസ്ത്യ സുറിയാനി രീതിയനുസരിച്ച് മെത്രാഭിഷേകകർമ്മവും കർത്തൃപ്രാർത്ഥനാഗീതത്തോടെയാണ് ആരംഭിച്ചത്. നമ്മുടെ പ്രാർത്ഥനാശൈലിയനുസരിച്ച് ദിവ്യകർമ്മങ്ങൾ പരികർമ്മംചെയ്യാൻവേണ്ടിയുള്ള ദൈവികശക്തിക്കും കൃപാവരത്തിനും വേണ്ടിയുള്ള കാർമ്മികന്റെ അർത്ഥനയാണ് തുടർന്ന് നടന്നത്. ദൈവത്തിന്റെ വിളിയെയും തിരഞ്ഞെടുപ്പിനെയും അഭിഷേകത്തെയും സൂചിപ്പിക്കുന്ന 89-ാം സങ്കീർത്തനം തുടർന്ന് ആലപിക്കുകയും, ദൈവതിരുമുമ്പാകെ നിൽക്കുന്ന അർത്ഥിയുടെ ശിരസ്സിൽ പ്രധാനാചാര്യത്വത്തിന്റെ കിരീടമണിയിക്കണമെന്നും അതുവഴി തന്റെ പ്രബോധനങ്ങളുടെ പ്രകാശകിരണങ്ങളാൽ തന്റെ അജഗണങ്ങളെ അന്ധകാരശക്തിയിൽനിന്നും രക്ഷിക്കാനും അവരുടെ ആത്മാക്കളെ പ്രകാശിപ്പിക്കാനുമുള്ള കൃപാവരം അദ്ദേഹത്തിൽ ചൊരിയണമെന്നും കാർമ്മികൻ പ്രാർത്ഥിച്ചു.

കാർമ്മികന്റെ മുമ്പിൽ മുട്ടുകുത്തി നില്ക്കുന്ന നിയുക്തമെത്രാന്റെ ചുമലിൽ ശോശപ്പ വിരിച്ച് അതിന്മേൽ സുവിശേഷഗ്രന്ഥം വച്ചുകൊണ്ടുള്ള സുവിശേഷ വായനയായിരുന്നു തുടർന്ന്. കർത്താവിന്റെ മധുരപ്രബോധനങ്ങളുടെ നുകം വച്ചുകൊണ്ട്, കൈവയ്പുശുശ്രൂഷ കൈക്കൊണ്ട് അനേകരെ കർത്താവിന്റെ സമാധാനത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കേണ്ട (മത്താ. 11:29) മെത്രാന്റെ സുവിശേഷപ്രഘോഷണദൗത്യത്തെ ഈ കർമ്മം വിളംബരം ചെയ്യുന്നു.

പിന്നീട് നടന്ന കൈവയ്പുപ്രാർത്ഥനകളിൽ ഒന്നാമത്തേത് തിരഞ്ഞെടുക്കപ്പെട്ട നിയുക്തമെത്രാനെ സമർപ്പിക്കുന്ന സമർപ്പണശുശ്രൂഷയായിരുന്നു. സ്ഥാനചിഹ്നങ്ങളണിഞ്ഞ് മേല്പട്ടക്കാരൻ, ഭരമേല്പിക്കപ്പെടുന്ന ശുശ്രൂഷാനിർവ്വഹണത്തിന് പരിശുദ്ധ റൂഹായുടെ കൃപാവരം ഇറങ്ങിവരണമേ എന്ന് പ്രാർത്ഥിച്ചപ്പോൾ സഹകാർമ്മികർ നിയുക്തമെത്രാന്റെ പാർശ്വത്തിൽ കൈവച്ചുകൊണ്ട് പ്രാർത്ഥനാപൂർവ്വം നിലകൊണ്ടു. രണ്ടാമത്തേത് അപേക്ഷയുടെ ഭാഗമായിരുന്നു. നിയുക്ത മെത്രാനിൽ ദൈവിക മുഖപ്രകാശം വീശണമേ എന്ന് തുടങ്ങുന്ന അപേക്ഷയിൽ പരിശുദ്ധ റൂഹായുടെ ആവാസത്താലും ശക്തിചൈതന്യത്താലും മേല്പട്ടശുശ്രൂഷിയുടെ പ്രധാന ദൗത്യങ്ങൾ നിർവഹിക്കാനുള്ള നല്വരങ്ങൾ നല്കണമേ എന്ന് കാർമ്മികൻ അർത്ഥിയുടെ ശിരസ്സിൽ കൈവച്ചു ആശിർവ്വദിച്ച സമയത്ത് സഹകാർമ്മികന്മാർ അർത്ഥിയുടെ ഇരുതോളുകളിൽ കരങ്ങൾ വച്ചുകൊണ്ടും സന്നിഹിതരായ മറ്റു മെത്രാന്മാർ വലതുകരംനീട്ടി കമഴ്ത്തിപ്പിടിച്ചുകൊണ്ടും നിയുക്ത മെത്രാനുവേണ്ടി പ്രാർത്ഥിച്ചു.

കൈവയ്പ്പ് പ്രാർത്ഥനയുടെ അവസാനം ശുശ്രൂഷാസ്ഥാന ദൗത്യചിഹ്നങ്ങളുടെ കൈമാറ്റമാണ് നടന്നത്. നവാഭിഷിക്തൻ ഭരമേല്ക്കുന്ന മേല്പ്പട്ട സ്ഥാനചിഹ്നങ്ങളുടെ അർത്ഥം വ്യക്തമാക്കുന്ന പ്രഖ്യാപനങ്ങളോടെ കാർമ്മികൻ അദ്ദേഹത്തെ മുടി ധരിപ്പിക്കുകയും അദ്ദേഹത്തിന്റെ വലതുകരത്തിൽ അംശവടി

അഥവാ ഇടയന്റെ വടി പിടിപ്പിക്കുകയും ചെയ്തശേഷം നെറ്റിയിൽ റൂശ്മാ ചെയ്ത് മെത്രാഭിഷേകപ്രഖ്യാപനം നടത്തുകയും ചെയ്തു. പരിശുദ്ധ റൂഹാ യുടെ കൃപാവരത്താൽ മെത്രാഭിഷേകം സ്വീകരിച്ച തറയിൽ മാർ തോമാ മെത്രാനെ അവിടെ സന്നിഹിതരായിരുന്ന മെത്രാന്മാരെല്ലാവരും അഭിനന്ദിച്ചു. അതിനുശേഷം മെത്രാഭിഷേക ശുശ്രൂഷ പരികർമ്മം ചെയ്യപ്പെട്ടതുസംബന്ധി ച്ചുള്ള രേഖകളിൽ സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ വൈസ് ചാൻസിലർ വാണിയപുരക്കൽ പെരിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യന ച്ചന്റെ സാന്നിധ്യത്തിൽ കാർമ്മികനും സഹകാർമ്മികരും നവാഭിഷിക്തനും ഒപ്പു വെച്ചതോടെ മെത്രാഭിഷേക ശുശ്രൂഷകൾ സമാപിച്ചു.

തുടർന്ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ അദ്ധ്യക്ഷനും മല ങ്കര കത്തോലിക്കാ സഭയുടെ പിതാവും തലവനുമായ അഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണവും ക്നാനായ യാക്കോബായ സഭയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ കുര്യാക്കോസ് മാർ സേവേരിയോസ് മെത്രാപ്പോലീത്ത അനുമോദന പ്രസംഗവും നടത്തി.

നവാഭിഷിക്തന്റെ കാർമ്മികത്വത്തിൽ തുടർന്ന് പരിശുദ്ധ കുർബാന അർപ്പി ക്കപ്പെട്ടു. ഓനീസാ ദ്കങ്കേ അഥവാ സ്ലീവാചുംബനത്തോടെ തുടർന്ന പരിശുദ്ധ കുർബാനയിൽ അഭിവന്ദ്യ തറയിൽ പിതാവിനോടൊപ്പം അഭിവന്ദ്യ മെത്രാപ്പോ ലീത്താ മാർ ജോസഫ് പെരുന്തോട്ടം, മെത്രാപ്പോലീത്താമാരായ മാർ മാത്യു മൂലക്കാട്ട്, മാർ ജോർജ്ജ് ഞരളക്കാട്ട്, മാർ ആൻഡ്രൂസ് താഴത്ത്, മെത്രാന്മാ രായ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ മാത്യു അറയ്ക്കൽ, മാർ ജോർജ്ജ് രാജേ ന്ദ്രൻ എന്നിവർ ബേമ്മയിൽ നിന്നുകൊണ്ട് സഹകാർമ്മികരായി. സുവിശേഷ വായനയ്ക്കുശേഷം കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ അദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ ആർച്ചുബിഷപ് മോസ്റ്റ് റവ. മരിയ കലിസ്റ്റ് സൂസപാക്യം പിതാവ് വചനസന്ദേശം നല്കി.

പരിശുദ്ധ കുർബാനയ്ക്കുശേഷം നവാഭിഷിക്തൻ അഭിവന്ദ്യ തറയിൽ മാർ തോമസ് മെത്രാൻ കർമ്മങ്ങളിൽ പങ്കെടുത്ത അമ്പതോളം വരുന്ന വൈദികമേല ദ്ധ്യക്ഷന്മാർക്കും വൈദികർക്കും സന്യസ്ഥർക്കും വിവിധ സമുദായ പ്രതിനിധി കൾക്കും രാഷ്ട്രീയ സാംസ്കാരിക നേതാക്കന്മാർക്കും അതിരൂപതയിലെ വിവിധ ഇടവകകളിൽനിന്നു വന്ന ഏഴായിരത്തോളം വരുന്ന അല്മായ സഹോ ദരീസഹോദരന്മാർക്കും ശുശ്രൂഷകൾക്കു നേതൃത്വം നല്കിയവർക്കും നന്ദിപ റഞ്ഞു. വൈകുന്നേരം 5.50 ന് കർമ്മങ്ങളെല്ലാം സമാപിച്ചതിനുശേഷം പാരീഷ് ഹാളിലും പള്ളി മൈതാനിയിലെ പന്തലിലുമായി തയ്യാറാക്കിയിരുന്ന കാപ്പി സൽക്കാരത്തിലും എല്ലാവരും പങ്കെടുത്തു. ദൈവകൃപയുടെയും കൂട്ടായ്മയു ടെയുടേതുമായ വലിയ സന്തോഷത്തിന്റെ അവസരമായിരുന്ന മെത്രാഭിഷേക കർമ്മങ്ങൾ ഭക്തിനിർഭരമായും ചിട്ടയോടെയും സംഘടിപ്പിക്കുന്നതിനു സഹാ യിച്ച എല്ലാവർക്കും നന്ദി.

**ഫാ. ജോസഫ് മുണ്ടകത്തിൽ (ജനറൽ കൺവീനർ)**

**ഫാ. വർഗീസ് താനമാവുങ്കൽ (കോർഡിനേറ്റർ)**

"അതിരൂപതയിൽ നാം ഒരു കുടുംബം"

## 130-ാമത് അതിരൂപതാ ദിനാചരണം

### എടത്വാ ഫൊറോന, ലെയോ പതിമൂന്നാമൻ മാർപ്പാപ്പ നഗർ

### പച്ച-ചെക്കിടിക്കാട് പള്ളി

### 2017 മെയ് 20 ശനി

2017 മെയ് 19-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ കബറിടത്തിൽ നിന്നും ആരംഭിച്ച ദീപശിഖ പ്രയാണത്തോടെ 130-ാമത് അതിരൂപതാദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. പെരിയ ബഹു. കുര്യൻ പുത്തൻപുരയച്ചൻ പ്രാർത്ഥനാശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും അതിരൂപത പ്രൊക്യുറേറ്റർ ബഹു. ഫിലിപ്പ് തയ്യിലച്ചൻ ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി - എസ്.എം.വൈ.എം. ന്റെ പ്രസിഡന്റ് ശ്രീ. നിഥിൻ ദീപശിഖ കൈമാറുകയും ചെയ്തു. തുടർന്ന് ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ നേതൃത്വത്തിൽ നിരവധി ബൈക്കുകളുടെ അകമ്പടിയോടെ ദീപശിഖ പ്രയാണം ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന്റെ സമീപപ്രദേശങ്ങളിലെ പള്ളികളുടെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി വേഴപ്രാ ജംഗ്ഷനിലെത്തിച്ചേർന്നു. അവിടെനിന്ന് എടത്വാ ഫൊറോന യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ നേതൃത്വത്തിൽ നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ എടത്വാ ഫൊറോന പള്ളിയങ്കണത്തിലെ ധന്യൻ തൊമ്മച്ചൻ പുത്തൻപറമ്പിലിന്റെ കബറിടത്തിൽ എത്തിച്ചേർന്നു. അവിടെ പെരിയ ബഹു. ജോൺ മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനാ ശുശ്രൂഷകൾക്കുശേഷം സമ്മേളനനഗരിയായ പച്ച-ചെക്കിടിക്കാട് പള്ളി അങ്കണത്തിൽ വൈകുന്നേരം 6.15 ന് എത്തിച്ചേർന്നു. എടത്വാ ഫൊറോന വികാരി പെരിയ ബഹു. ജോൺ മണക്കുന്നേലച്ചനും പച്ച-ചെക്കിടിക്കാട് പള്ളി വികാരി ബഹു. ജോർജ്ജ് കൊച്ചുപറമ്പിലച്ചനും പ്രയാണത്തെ അനേകം വിശ്വാസികളുടെ സാന്നിധ്യത്തിൽ സ്വീകരിച്ചു. തുടർന്ന് നടന്ന റംശാ പ്രാർത്ഥനയിൽ അഭി. തോമസ് തറയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. വികാരി ജനറാൾ പെരിയ ബഹു. മാണി പുതിയിടം സന്ദേശം നൽകി.

മെയ് 20 ശനിയാഴ്ച രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ അതിരൂപതാദിനം ആരംഭിച്ചു. 9.15 ന് ഗായകസംഘം ശ്രുതിമധുരമായ ഗാനശുശ്രൂഷ ആരംഭിച്ചു. 9.30 ന് വിശിഷ്ട വ്യക്തികളെ ബാന്റുസെറ്റിന്റെ അകമ്പടിയോടെ സ്വീകരിച്ചു. അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. സോണി കണ്ടങ്കരി പതാക ഉയർത്തി, തദവസരത്തിൽ ഗായകസംഘം അതിരൂപത ആന്തം ആലപിച്ചു. വികാരി ജനറാൾ പെരിയ ബഹു. ഫിലിപ്പ് വടക്കേകളത്തച്ചൻ നേതൃത്വം നല്കിയ ഖൂഥ്ആ പ്രാർത്ഥനാശുശ്രൂഷയോടെ പൊതുസമ്മേളനം ആരംഭിച്ചു.

130-ാമത് അതിരൂപതാദിനത്തിന് ആതിഥ്യം നല്കുന്ന പച്ച-ചെക്കിടിക്കാട് പള്ളി വികാരി ബഹു. ജോർജ്ജ് കൊച്ചുപറമ്പിലച്ചൻ സമ്മേളനനഗരിയെ പരിചയപ്പെടുത്തി. എടത്വാ ഫൊറോന വികാരി പെരിയ ബഹു. ജോൺ മണക്കുന്നേലച്ചൻ സമ്മേളനത്തിൽ പങ്കെടുത്ത വിശിഷ്ടാതിഥികൾക്കും ദൈവജന

ത്തിനും സ്വാഗതം ആശംസിച്ചു. അതിരൂപത ചാൻസലർ പെരി. റവ. ഡോ. ടോം പുത്തൻകളം 2016 ലെ അതിരൂപതാദിന റിപ്പോർട്ട് അവതരിപ്പിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാൻ വ്യക്തികളിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും സഭാശുശ്രൂഷ ഊർജ്ജസ്വലമാക്കണമെന്നും കുടുംബങ്ങളുടെയും വ്യക്തികളുടെയും വിശുദ്ധീകരണത്തിന് കുടുതൽ ജാഗ്രതപുലർത്തണമെന്നും അഭിവന്ദ്യ പെരുന്തോട്ടം പിതാവ് സൂചിപ്പിച്ചു. ചങ്ങനാശ്ശേരി വികാരിയാത്തിനു തുടക്കം കുറിച്ച ലെയോ പതിമൂന്നാമൻ മാർപ്പാപ്പ അതിരൂപതയുടെ പുണ്യസ്മരണാർഹനാണെന്നും അദ്ദേഹം പറഞ്ഞു. ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. അനൈക്യം നമ്മെ ദുർബലമാക്കുമെന്നും വിശ്വാസവും സ്നേഹവും കൈമുതലാക്കി ഐക്യത്തിന് ശ്രദ്ധ പുലർത്തണമെന്നും അഭിവന്ദ്യ പിതാവ് ഊന്നിപറഞ്ഞു. ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കാൻ നാം ജാഗ്രത പുലർത്തണമെന്നും പിതാവ് ചൂണ്ടിക്കാട്ടി.

അഭിവന്ദ്യ തോമസ് തറയിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. സഭ പ്രസ്ഥാനമല്ല ഒരു കുടുംബമാണ് എന്നും ദൈവാരാധനയിൽ നിന്ന് ഊർജ്ജമുൾക്കൊണ്ട് സഹജീവികളെ ആദരിക്കാൻ പഠിക്കണമെന്നും ആരാധന, പ്രഘോഷണം, കാരുണ്യപ്രവർത്തനം എന്നീ മൂന്നുകാര്യങ്ങളാണ് സഭയുടെ കാതൽ എന്നും അദ്ദേഹം പറഞ്ഞു.

മുഖ്യപ്രഭാഷണം നടത്തിയ CIAL Managing Director ശ്രീ. വിജെ. കുര്യൻ IAS ദൈവവിശ്വാസവും പ്രാർത്ഥനയുമാണ് തന്റെ ജീവിതവിജയത്തിന്റെ കാരണമെന്ന് പറഞ്ഞു. ചെറുപ്പം മുതൽ വി. കുർബാനയിൽ ദിവസവും പങ്കെടുക്കുന്ന തനിക്ക് വിശ്വാസത്തിൽ വളരാൻ പ്രചോദനമായത് നാലാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള തന്റെ മാതാവിന്റെ മാതൃകകളാണ്. ഇന്നത്തെ തലമുറയുടെ പോക്ക് ആശങ്കാജനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വികാരിജനറാൾ പെരിയ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ അജപാലന റിപ്പോർട്ട് അവതരിപ്പിച്ചു. അഡ്വ. ജോജി ചിറയിൽ എക്സലന്റ് അവാർഡ് ജേതാവിനെയും പ്രത്യേകം ആദരിക്കപ്പെടുന്നവരേയും സ്റ്റേജിലേയ്ക്ക് ക്ഷണിച്ച് പരിചയപ്പെടുത്തി. എക്സലന്റ്സ് ജേതാവായ ശ്രീ. സി.എഫ്. തോമസ് എം.എൽ.എ., വിവിധ തലങ്ങളിൽ നേട്ടങ്ങൾ കൈവരിച്ച ആനി ജോസഫ് കൊച്ചുതൈപ്പറമ്പിൽ ചേന്നങ്കരി, ജോസ്ന ജോസഫ് ഇലവുംമൂട്ടിൽ മാടപ്പള്ളി, ജബിൻ ബാബു മുണ്ടുപാലം, ജോസഫ് ജോൺ മുണ്ടുപാലം, പ്രഹാഷ് തോമസ് പുനലൂർ, വർഗീസ് മാത്യു കറുകക്കളം കണ്ടങ്കരി എന്നിവരെ പ്രത്യേക പുരസ്കാരം നല്കി ആദരിച്ചു. അഭി. ജോസഫ് പെരുന്തോട്ടം പിതാവ് അവാർഡുകൾ സമ്മാനിച്ചു. ഏഴുവീതം മക്കളുള്ള നെടുമണ്ണി കൊച്ചോലിയ്ക്കൽ ബിനോയ് വർഗീസ്-സിനി, അയർക്കുന്നം ചിറപ്പുറത്ത് ജെയിംസ് തോമസ്-പ്രീതി ജെയിംസ്, ആറു മക്കൾ വീതമുള്ള മാന്നാനം നെടുവേലിച്ചിറ വർഗീസ് ജോസഫ്-ഫിലോമന, ആർപ്പൂക്കര വട്ടപ്പറമ്പിൽ ജോസഫ് ജെയിംസ്-ആഷ, ചേപ്പുംപാറ തോപ്പിൽ ജോസഫ് ജോൺ-സ്മിത തുടങ്ങിയ ദമ്പതികളെ അഭിവന്ദ്യ പെരുന്തോട്ടം പിതാവ് ക്യാഷ് അവാർഡും സമ്മാനവും നൽകി ആദരിച്ചു. ഏറ്റവും മികച്ച പാരീഷ് ബുള്ളറ്റിനുള്ള അവാർഡ് ലൂർദ്ദ് ഫൊറോന പള്ളി കോട്ടയവും, സെന്റ് തോമസ് പള്ളി പുന്നത്തുറയും രണ്ടാം സമ്മാനം ലൂർദ്ദ് മാതാപ്പള്ളി മാമ്മൂടും, നസ്രത്ത് പള്ളി കുമരകവും അഭി. പിതാവിൽനിന്ന് ഏറ്റുവാങ്ങി. മികച്ച പാരീഷ്

ഡയറക്ടറിക്കുള്ള സമ്മാനം സെന്റ് മേരീസ് കത്തീഡ്രൽ പള്ളി ചങ്ങനാശ്ശേരിയും സെന്റ് ജൂഡ് പള്ളി യൂദാപുരവും രണ്ടാം സ്ഥാനം സെന്റ് മേരീസ് ബസിലിക്ക ചമ്പക്കുളവും സെന്റ് ജോസഫ് പള്ളി കണ്ടങ്കരിയും കരസ്ഥമാക്കി.

അടുത്തവർഷം നടക്കേണ്ട 131-ാമത് അതിരൂപതാദിനാഘോഷത്തിന് മുന്നോടിയായുള്ള പതാക തുരുത്തി ഫൊറോന പള്ളി വികാരി പെരിയ ബ. ഗ്രിഗറി ഓണംകുളം അച്ചനും മറ്റു പ്രതിനിധികളും ഏറ്റുവാങ്ങി. അതിരൂപതാദിന ജോയിന്റ് കോ-ഓർഡിനേറ്റർ റവ. ഫാ. ജോർജ്ജ് മാന്തുരുത്തിൽ അതിരൂപതാദിനത്തിൽ പങ്കെടുത്തവർക്കും അതിന്റെ വിജയത്തിനായി അദ്ധ്വാനിച്ചവർക്കും നന്ദി പ്രകാശിപ്പിച്ചു.

130-ാം അതിരൂപതാദിന പരിപാടികൾക്ക് വെരി റവ. ഫാ. ജോസഫ് മുണ്ടകത്തിൽ, ഫാ. ടോം ആര്യൻകാല, ഫാ. ജോസ് മുകളേൽ, ഫാ. ജോർജ്ജ് മാന്തുരുത്തിൽ എന്നിവരും എടത്വാ ഫൊറോന വികാരി പെരിയ ബഹു. ഫാ. ജോൺ മണക്കുന്നേൽ, പച്ച-ചെക്കിടിക്കാട് പള്ളി വികാരി റവ. ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ, അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ആന്റണി മാത്യൂസ് കണ്ടങ്കരി, പി.ആർ.ഒ. ജോജി ചിറയിൽ, കൺവീനർ പോളി തോമസ്, എടത്വാ ഫൊറോന കൗൺസിൽ സെക്രട്ടറി ഡോ. ജോച്ചൻ ജോസഫ് മറ്റ് വൈദികർ, ബഹു. സിസ്റ്റേഴ്സ്, അല്മായ പ്രതിനിധികൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു. അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി രണ്ടായിരത്തി അറുന്നൂറോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

**ഫാ. ടോം ആര്യൻകാല**
(കോ-ഓർഡിനേറ്റർ)
**ഫാ. ജോസ് മുകളേൽ,**
**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
(ജോയിന്റ് കോ-ഓർഡിനേറ്റേഴ്സ്)

## പാസ്റ്ററൽ കൗൺസിൽ സമ്മേളനം

14-ാമത് പാസ്റ്ററൽ കൗൺസിൽ സമ്മേളനം 2017 ജൂലൈ 8-ാം തീയതി ശനിയാഴ്ച അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെ അദ്ധ്യക്ഷതയിൽ രാവിലെ 9.30 മുതൽ 1 മണിവരെ അതിരൂപത ആസ്ഥാനത്തുള്ള മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ കൂടുന്നതാണ്. എല്ലാ അംഗങ്ങളും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സമ്മേളനത്തിൽ ചോദ്യങ്ങൾ/പ്രമേയങ്ങൾ അവതരിപ്പിക്കാനാഗ്രഹിക്കുന്ന അംഗങ്ങൾ ആയത് ജൂലൈ 28-ാം തീയതിക്കു മുമ്പായി സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

**ഡോ. സോണി കണ്ടങ്കരി**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി
ഫോൺ: 9447027820

## അനുസ്മരണം

# വിശ്വസ്തനായ കാര്യസ്ഥൻ



**റവ. ഫാ. തുമ്പയിൽ ജോസഫ്**

കുട്ടനാടിന്റെ വിരിമാറിലൂടെ ദേശദേശാന്തരങ്ങളെ ബന്ധിപ്പിച്ചൊഴുകുന്ന പമ്പാനദിയേക്കാളുപരി ദൈവസ്നേഹത്തിന്റെ നീർച്ചാലിൽ ദൈവിക പദ്ധതിക്കായി ബന്ധിക്കപ്പെട്ട തായങ്കരി മാടപ്പുരയ്ക്കൽ അന്തോനിയുടെയും ചമ്പക്കുളം തുമ്പയിൽ മറിയാമ്മയുടെയും ആറ് മക്കളിൽ നാലാമത്തെ മകനായി 1927 മാർച്ച് മാസം 25-ാം തീയതി തുമ്പയിൽ ജോസഫച്ചൻ ജനിച്ചു. ആദ്ധ്യാത്മിക പൈതൃകവും പാരമ്പര്യവും ഉള്ള ചമ്പക്കുളം കല്ലൂർക്കാട് ഇടവകയിൽ ആയിരുന്നു വിശ്വാസത്തിന്റെ ആദ്യപരിശീലനം. തന്റെ വിദ്യാഭ്യാസ കാലഘട്ടത്തിന് ശേഷം ഒരു പുരോഹിതനാവുക എന്ന തന്റെ ആഗ്രഹ സാക്ഷാത്കാരത്തിനായി അദ്ദേഹം സെമിനാരിയിൽ ചേർന്നു. വൈദിക പരിശീലനത്തിന്റെ ആദ്യനാളുകളിൽ പരിശീലനം പൂർത്തിയാകാതെ വീട്ടിലേയ്ക്ക് മടങ്ങേണ്ടിവന്ന പ്രതിസന്ധികൾ അച്ചന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും തന്റെ പദ്ധതിക്കായി തിരഞ്ഞെടുത്തു മാറ്റി നിർത്തിയ സ്നേഹസമ്പന്നനായ ദൈവത്തിന്റെ കരം ജോസഫച്ചനെ കൈവിട്ടില്ല. തുടർ പരിശീലനത്തിനായ് പാറേൽ സെമിനാരിയിൽ നിന്ന് ആലുവാ സെമിനാരിയിലേയ്ക്ക് അദ്ദേഹം അയക്കപ്പെട്ടു. അങ്ങനെ 1964 മാർച്ച് 12-ാം തീയതി അഭിവന്ദ്യ കാവുകാട്ടു തിരുമേനിയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. ദൈവസ്നേഹസമ്പന്നതയുടെ നീർച്ചാലാകാൻ... ശുശ്രൂഷകനാകാൻ... അച്ചൻ ദൈവജനത്തിനായ് മാറ്റപ്പെട്ടു; മാറ്റിവയ്ക്കപ്പെട്ടു. തന്നെ കണ്ടുമുട്ടുന്നവരെയും താൻ കണ്ടുമുട്ടുന്നവരെയും അദ്ദേഹം ദൈവസ്നേഹത്താൽ നിറച്ചു.

എന്റെ വൈദിക പരിശീലനനാളുകൾ മുതൽ ബഹു. ജോസഫ് തുമ്പയിലച്ചൻ എനിക്ക് എന്നും വലിയ പ്രചോദനമായിരുന്നു. ആ കാലത്ത് ഏറ്റുമാനൂർ ക്രിസ്തുരാജ ഇടവകയിൽ നീണ്ട ഒരു വർഷക്കാലം ഞായറാഴ്ചകളിൽ അച്ചനോടൊപ്പം ആയിരിക്കാൻ സാധിച്ചത് എന്റെ പൗരോഹിത്യ ജീവിതത്തിലെ വലിയൊരു മുതൽക്കൂട്ടായി ഞാൻ കാണുന്നു. വൈദികൻ ആയതിനു ശേഷവും അച്ചന് എന്നോടുള്ള പിതൃസഹജമായ സ്നേഹവും വാത്സല്യവും മൂലം അഭി

വന്ദ്യ പിതാവിനോട് ചോദിച്ച് എന്നെ കാവാലം സെന്റ് തെരേസാസ് ഇടവകയിൽ അച്ചന്റെ അസിസ്റ്റന്റ് വികാരിയാക്കി. ആ സഹവാസം വിശുദ്ധനും വിശ്വസ്തനുമായ ആ വൈദികനെ കൂടുതൽ അടുത്തറിയാൻ എന്നെ സഹായിച്ചു. അച്ചന്റെ ജീവിതം യഥാർത്ഥത്തിൽ സ്നേഹത്തിന്റെയും സഹനത്തിന്റെയും ഒരു യാഗബലിയായിരുന്നു.

തുമ്പയിൽ ജോസഫച്ചൻ തന്റെ പൗരോഹിത്യത്തോട് പൂർണ്ണ വിശ്വസ്തത കാണിച്ചിരുന്നു. നന്നായി പ്രാർത്ഥിക്കുന്ന ഒരു മനുഷ്യനായിരുന്നു അദ്ദേഹം. അഭിവന്ദ്യ പിതാക്കന്മാരോട് പൂർണ്ണ വിനയത്തോടെ, സ്നേഹത്തോടെ കീഴ്വഴങ്ങിയാണ് ജീവിച്ചത്. കാവുകാട്ട് പിതാവിനോടു മുതൽ തറയിൽ പിതാവിനോടു വരെ സ്നേഹത്തിലും വിനയത്തിലും വിധേയത്വത്തിലുമാണ് തുമ്പയിലച്ചൻ ജീവിച്ചിരുന്നത്. പിതാക്കന്മാരുടെ കല്പനകളോട് അങ്ങേയറ്റം പ്രതിബദ്ധത പുലർത്തിയിരുന്നു. പൗരോഹിത്യകൂട്ടായ്മയ്ക്ക് അദ്ദേഹം കൂടുതൽ മുൻഗണന നൽകി. ഫൊറോനാ വൈദിക കൂട്ടായ്മയിലും അതിരൂപതാ വൈദികസമ്മേളനത്തിലും അച്ചൻ മുടങ്ങാതെ സഹകരിച്ചിരുന്നു. തുമ്പയിൽ അച്ചനെ യൗസേപ്പിതാവ് എന്നാണ് വിശേഷിപ്പിച്ചിരുന്നത്.

തന്റെ സഹപ്രവർത്തകരായിരുന്ന വൈദികരോട് നല്ല സ്നേഹവും സൗഹൃദവും സ്വാതന്ത്ര്യവും മക്കൾക്കടുത്ത വാത്സല്യവും പുലർത്തിയ കരുതലുള്ള ഒരു വ്യക്തിയായിരുന്നു തുമ്പയിലച്ചൻ. കൊച്ചച്ചന്മാരെ അദ്ദേഹം വളരെയധികം പ്രോത്സാഹിപ്പിച്ചിരുന്നു. അച്ചനോടൊപ്പം ഉണ്ടായിരുന്ന എല്ലാ വൈദികരും ഈ അനുഭവം സാക്ഷ്യപ്പെടുത്തുന്നു. തന്റെ രോഗാവസ്ഥയിലും ഒരു പരാതിയോ പരിഭവമോ അദ്ദേഹം പ്രകടിപ്പിച്ചിരുന്നില്ല. ആ അവസ്ഥയിൽ പോലും തന്നെ സന്ദർശിക്കുന്നവരോട് കുശലാന്വേഷണം നടത്തിയിരുന്നു. തന്റെ സഹനങ്ങൾ എല്ലാം തമ്പുരാന് ഒരു സ്നേഹബലിയായി അച്ചൻ സമർപ്പിച്ചിരുന്നു. ഇങ്ങനെ ജീവിക്കാൻ അച്ചനെ പ്രേരിപ്പിച്ചത് വി. കുർബാനയ്ക്ക് മുമ്പും ശേഷവും ദിവ്യകാരുണ്യത്തിന്റെ മുന്നിലിരുന്നുള്ള പ്രാർത്ഥകളാണ് എന്നതിൽ എനിക്ക് തെല്ലും സംശയമില്ല.

മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല; ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്ക് വേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ (മർക്കോസ് 10, 45) ദൈവപുത്രനോട് താദാത്മ്യപ്പെടുവാൻ മനുഷ്യനായി അവതരിച്ച രൂപമായിരുന്നു തുമ്പയിലച്ചൻ. അച്ചന്റെ അജപാലന ശുശ്രൂഷ മേഖലകൾ-തത്തംപള്ളി (1964), കുളത്തൂർ (1971), കടയനിക്കാട് (1974), മുട്ടാർ ന്യൂ (1976), പൂന്തോപ്പ് (1979), മണിമല ന്യൂ (1980), പൊടിപ്പാറ (1984), ചേന്നങ്കരി (1985), മണിമല (1986), തെള്ളകം (1987), നെടുമണ്ണി (1992), പാറമ്പുഴ (1993), വായ്പൂർ ഓൾഡ് (1994), ഏറ്റുമാനൂർ (1995), കുറുമ്പനാടം അസംപ്ഷൻ (2000), കാവാലം സെന്റ് തെരേസാസ് (2003) എന്നിവിടങ്ങളിലായിരുന്നു. ദൈർഘ്യമേറിയ അജപാലന ശുശ്രൂഷയ്ക്കൊടുവിൽ 2005-ൽ അച്ചൻ വൈദികമന്ദിരത്തിൽ വിശ്രമജീവിതത്തിനായി എത്തി.

തുമ്പയിലച്ചൻ തന്റെ അജപാലന ശുശ്രൂഷയിൽ വേറിട്ട ഒരു വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. സംഘടനകളെ ശക്തിപ്പെടുത്താൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ദീർഘവീക്ഷണത്തോടെ അച്ചൻ കാര്യങ്ങളെ നോക്കിക്കണ്ടു. ഈ ദീർഘവീക്ഷണത്തിനുദാഹരണമാണ് ഇന്നു നാം കാണുന്ന സഹൃദയ ഹോസ്പിറ്റൽ. അച്ചന്റെ അജപാല ശുശ്രൂഷയുടെ ആദ്യനാളുകളിൽ തത്തംപള്ളിയിൽ ഒരു സോഷ്യൽ വെൽഫെയർ സൊസൈറ്റി രൂപീകരിച്ചു. പിന്നീടത് ആ നാടിന്റെ തന്നെ തിലകക്കുറിയായ സഹൃദയ ഹോസ്പിറ്റൽ ആയിത്തീർന്നു. അച്ചന്റെ ജീവിതത്തിലും സഭയുടെ അജപാലന പ്രവർത്തനത്തിലും ഒരു നാഴിക കല്ലാണ് സഹൃദയ ഹോസ്പിറ്റൽ. ബഹു. തുമ്പയിൽ അച്ചനാണ് ഈ ഹോസ്പിറ്റലിന്റെ സ്ഥാപകൻ. നിരവധി രോഗങ്ങൾ പടർന്ന് പിടിച്ച് കൊണ്ടിരുന്ന അന്നത്തെ സാഹചര്യത്തിൽ തന്റെ ആരോഗ്യം പോലും ഗൗനിക്കാതെ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന തുമ്പയിലച്ചൻ അവരുടെയിടയിൽ കഷ്ടതയിലും ക്ലേശങ്ങളിലും ജീവിച്ചു. പിന്നീട് അതേ രോഗാവസ്ഥ തന്നെ അച്ചനെയും ബാധിക്കുകയും അതുമൂലം അച്ചൻ ഒരുപാട് ക്ലേശങ്ങളും, വേദനകളും ജീവിതകാലം മുഴുവൻ അനുഭവിക്കുകയും ചെയ്തു. ഒരു പരാതിയും പരിഭവവും ഇല്ലാതെ നിശബ്ദനായി മരണം വരെ അദ്ദേഹം അത് സഹിച്ചു.

തുമ്പയിലച്ചൻ തന്റെ പൗരോഹിത്യം മാറ്റിവച്ചത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവിതവും ആരോഗ്യവും അനേകർക്ക് പകർന്നു നൽകാനും വേണ്ടിയാണ്. സ്നേഹസമ്പന്നനായ ദൈവം എപ്രകാരമാണോ ജോസഫച്ചനെ ചമ്പക്കുളത്ത് നിന്ന് വിളിച്ചുകൊണ്ടുവന്നത് അപ്രകാരം ആ വിളിക്ക് ഉചിതമായ പ്രത്യുത്തരം നൽകി അച്ചൻ ദൈവസന്നിധിയിലേക്ക് മടങ്ങി... ആ സ്നേഹബലി വിശ്വസ്തതയോടെ പൂർത്തിയാക്കി...

എത്ര സമുന്നതം... തുമ്പയിലച്ചാ
അങ്ങ് ജീവിച്ച വിശിഷ്ടകാലം
മമജീവിതത്തിലെന്നും പകർത്തുമാ
പുണ്യജീവിത പാതകളെ...

**ഫാ. അനിൽ കരിപ്പിങ്ങാംപുറം**

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

## ന്യൂസ് ആന്റ് വ്യൂസ് പ്രസിദ്ധീകരിച്ചു

എടത്വാ ഫൊറോനയിലെ പച്ച ചെക്കിടിക്കാട് ഇടവകയിൽ നടന്ന 130–ാമത് അതിരൂപതാ ദിനത്തിൽ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതിയുടെ ചുമതലയിൽ ന്യൂസ് & വ്യൂസ് പ്രസിദ്ധീകരിച്ചു. അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന മൂന്ന് അഭി. പിതാക്കന്മാരെ അടുത്തറിയുന്നതിനുള്ള വിവരങ്ങളും, പാസ്റ്ററൽ പ്രസ്ബിറ്ററൽ കൗൺസിലുകളുടെ ജൂബിലി വിശേഷങ്ങളും, ഡിപ്പാർട്ടുമെന്റുകളുടെ പ്രധാന പ്രവർത്തനങ്ങളുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## റബർ കർഷകരുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരമുണ്ടാക്കണം

കേരളത്തിന്റെ സാമ്പത്തിക സുസ്ഥിതിയിൽ നിർണ്ണായക ഘടകമായ റബർ കാർഷീക മേഖല വലിയ പ്രതിസന്ധിയിലൂടെ കടന്നു പോകുകയാണെന്നും ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ മൂലം കർഷകർ പലരും കൃഷി ഉപേക്ഷിക്കേണ്ടി വരുന്ന സാഹചര്യത്തിലാണെന്നും, കാർഷീകമേഖലയിലെ തകർച്ച കേരളത്തിന്റെ വളർച്ചയെ ദോഷകരമായി ബാധിക്കുമെന്നും ചങ്ങനാശ്ശേരി അതിരൂപതാ പബ്ലിക്ക് റിലേഷൻസ്- ജാഗ്രതാ സമിതി വിലയിരുത്തി.

റബർ ബോർഡ് ആസ്ഥാനം കേരളത്തിൽ നിന്നും മാറ്റുവാനും, റബർ ആക്ട് പിൻവലിക്കുവാനുമുള്ള നീക്കങ്ങളിൽ നിന്നും കേന്ദ്ര ഗവൺമെന്റ് പിൻമാറണമെന്നും, റബറിന് വില സ്ഥിരത ഉറപ്പാക്കണമെന്നും, റബർ ആവർത്തന കൃഷിക്കുള്ള സബ്സിഡി അടിയന്തിരമായി നൽകണമെന്നും, കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നവിധം ദേശീയ റബർനയം രൂപീകരിക്കണമെന്നും അതിരൂപതാ ജാഗ്രതാ സമിതി കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

അതിരൂപതാ കേന്ദ്രത്തിൽ പി.ആർ. ഓ അഡ്വ. ജോജി ചിറയിലിന്റെ അദ്ധ്യക്ഷതയിൽ 24/5/17 ൽ കൂടിയ യോഗത്തിൽ അഡ്വ. പി. പി. ജോസഫ്, ജോബി പ്രാക്കുഴി എന്നിവർ വിഷയാവതരണം നടത്തി. കെ. വി. സെബാസ്റ്റ്യൻ, ടോം ജോസഫ്, അഡ്വ. ജോർജ്ജ് വർഗീസ്, ഡൊമിനിക്ക് ജോസഫ്, ലിബിൻ കുര്യാക്കോസ്, പ്രൊഫ. സോണി കണ്ടങ്കരി, പി.എ കുര്യാച്ചൻ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ–ഓർഡിനേറ്റർ, ജാഗ്രതാസമിതി

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

കുടുംബക്കൂട്ടായ്മാ പ്രവർത്തനങ്ങൾ ഓരോ ഇടവകയിലും കാര്യക്ഷമമായി സംഘടിപ്പിക്കുന്നതിനായി കഠിനാദ്ധ്വാനം ചെയ്യുന്ന ബഹുമാനപ്പെട്ട അച്ചന്മാരെ നന്ദിയോടും സ്നേഹത്തോടും ഓർക്കുന്നു. കുടുംബക്കൂട്ടായ്മാ ഫൊറോനാ സമിതികൾക്കു നാം രൂപം കൊടുത്തുവരുകയാണ്. ആലപ്പുഴ ഫൊറോനയിൽ ഇതിനോടകം രൂപികരിക്കപ്പെട്ടുകഴിഞ്ഞു. ഈ മാസം തുരുത്തി ഫൊറോനാ സമിതി രൂപികൃതമാകും. ഈ വർഷംതന്നെ എല്ലാ ഫൊറോനകളിലും രൂപികരിക്കപ്പെടേണ്ടതായുണ്ട്. ബഹുമാനപ്പെട്ട ഫൊറോനാ ഡയറക്ടച്ചന്മാരോട് സഹകരിച്ചുകൊണ്ട് എല്ലാം ഭംഗിയായി ചെയ്യുവാൻ നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം. നമ്മുടെ കൂട്ടായ്മകൾ കൂടുതൽ സജീവമാകേണ്ടതായുണ്ട്. അതിനായി രൂപതയിൽനിന്നും നൽകുന്ന നിർദ്ദേശങ്ങളോട് പൂർണ്ണമായി സഹകരിക്കണമെ. നമ്മുടെ കൂട്ടായ്മകളിൽ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകണം. ശരിയായ പ്രബോധനവേദികൾ കൂട്ടായ്മ തലത്തിൽ ഉണ്ടായാൽ മാത്രമേ സഭയെ സ്നേഹിക്കുവാനും, അബദ്ധപ്രബോധനങ്ങളിൽ വീഴാതിരിക്കുവാനും നമുക്കു സാധിക്കുകയുള്ളു.

എല്ലാ പ്രവർത്തനങ്ങളിലും ദൈവകൃപ നിങ്ങളോടൊത്തുണ്ടാകട്ടെയെന്നാശംസിക്കുന്നു.

പ്രാർത്ഥനയോടെ,

**ഫാ. ആന്റണി പുത്തൻകളം**
(ഡയറക്ടർ)

## അറിയിപ്പുകൾ

**ഡിഡാക്കെ:** 2017 മെയ്.13-ാം തീയതി ഡിഡാക്കെ പരിശിലനപരിപാടി നടത്തുകയുണ്ടായി.റവ. ഫാ. ജോൺസൺ ചാലയ്ക്കൽ യുഗാന്ത്യോന്മുഖ ദൈവശാസ്ത്രത്തെയും, സാത്താൻ ആരാധനയെക്കുറിച്ചും വളരെയേറെ വിജ്ഞാനപ്രദമായ ക്ലാസ് നൽകുകയുണ്ടായി. 42 പേർ പങ്കെടുത്തു. ജൂൺ മാസത്തെ ക്ലാസ്സ് നയിക്കുന്നത് റവ. ഡോ. ജോസഫ് പാറയ്ക്കലാണ്. മാധ്യമങ്ങളിലെ നൂതനാഭിമുഖ്യങ്ങൾ എന്നതാണ് വിഷയം. ജൂൺ 10 ശനിയാഴ്ച 9.30 മുതൽ 12.30 വരെയാണ് സമയക്രമീകരണം. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

### കെരിഗ്മാ - 2017

ഓരോ ഫൊറോനയിലേയും വിവിധ ഇടവകകളിൽ നിന്നുള്ള കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഒത്തുചേരലാണ് കെരിഗ്മാ - 2017. ആലപ്പുഴ ഫൊറോനയിൽ സംഗമം നടന്നുകഴിഞ്ഞു. ഓരോ ഫൊറോനയ്ക്കും സംഗമത്തിനായി നൽകുന്ന തീയതികൾ ശ്രദ്ധിച്ച് ഈ സംഗമത്തിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

## പെനുവേൽ റിട്രീറ്റ്

അതിരൂപതാ തലത്തിൽ കുന്നന്താനത്ത് കുടുംബകൂട്ടായ്മ ജനറൽ കൺവീനർമാർക്കും ലീഡേഴ്സിനുമായി സംഘടിപ്പിക്കുന്ന ത്രിദിന ധ്യാനമാണ് പെനുവേൽ റിട്രീറ്റ്. ആരാധനാനുഭവത്തിൽ ആഴപ്പെടുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ധ്യാന തീയതികൾ ബഹുമാനപ്പെട്ട അച്ചന്മാരെ അറിയിക്കുന്നതാണ്.

## ബസാലേൽ സായാഹ്ന കൺവൻഷൻ

ഇടവകകളിൽ കുടുംബക്കൂട്ടായ്മ ലീഡേഴ്സിനായി നടത്തുന്ന സായാഹ്ന കൺവൻഷനാണിത്. ഓരോ ഇടവകയുടെയും സൗകര്യാർത്ഥം വൈകുന്നേരങ്ങളിൽ അതിരൂപതയിൽനിന്നും ഡയറക്ടറച്ചന്റെ നേതൃത്വത്തിലുള്ള ടീം പരിപാടികൾക്ക് നേതൃത്വം നൽകുന്നു. കുടുംബക്കൂട്ടായ്മയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഓഡിയോ-വിഷ്വലായി അവതരിപ്പിക്കുന്നു. വി. കുർബ്ബാനയുടെ ആരാധനയും ഉണ്ടായിരിക്കുന്നതാണ്.

## ലോഗോസ് ക്വിസ് 2017

ജൂൺ 1-ാം തീയതി ലോഗോസ്ക്വിസ് രജിസ്ട്രേഷൻ ആരംഭിക്കുകയാണ്. മുൻ വർഷങ്ങളിലേതുപോലെ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനുശേഷം ഗ്ലാൻസ് എന്ന പേജിന്റെ പ്രിന്റ് എടുത്ത് നൽകി അതിരൂപതാ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരാൾക്ക് രജി. ഫീസ് 10 രൂപയാണ്. ഇതിൽ 9 രൂപ ഓഫീസിൽ അടച്ചാൽ മതിയാകുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പരുകൾ 85 47 67 31 62, 99 61 36 93 80.

## ലോഗോസ് ഫാമിലി ക്വിസ്

ലോഗോസ് ഫാമിലി ക്വിസ് മത്സരം ഈ വർഷവും നടത്തപ്പെടുന്നു. കുടുംബാംഗങ്ങൾ അവരവരുടെ വിഭാഗങ്ങളിൽ മത്സരിച്ച് ലഭിക്കുന്ന മാർക്കിന്റെ ആവറേജ് എടുത്ത് ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന കുടുംബത്തെ സംസ്ഥാന മത്സരത്തിനായി തെരഞ്ഞെടുക്കുന്നു. സംസ്ഥാന മത്സരത്തിന് പിതാവ്, മാതാവ്, ഒരു കുട്ടി എന്നിവരടങ്ങുന്നതാണ് ടീം.

## ലോഗോസ് പഠനസഹായി

ബഹുമാനപ്പെട്ട തോമസ് തെക്കേക്കരയച്ചൻ തയ്യാറാക്കിയ ലോഗോസ് പഠനസഹായി കുടുംബക്കൂട്ടായ്മ ഓഫിസിൽ ലഭ്യമാണ്. 336 പേജുകളിലായി തയ്യാറിക്കിയിരിക്കുന്ന പുസ്തകത്തിന്റെ വില 45 രൂപയാണ്. 10 കോപ്പിയിൽ കൂടുതലെടുത്താൽ 40 രൂപയ്ക്കും 50 കോപ്പിയിൽ കൂടുതലെടുത്താൽ 35 രുപയ്ക്കും ഓഫിസിൽ നിന്നും ലഭിക്കുന്നു.

## ബൈബിൾ സ്പോൺസേഴ്സ് ഫോറം

ബൈബിൾ സ്വന്തമായില്ലാത്തവർക്ക് സൗജന്യനിരക്കിൽ (30 രൂപ) ബൈബിൾ നൽകുന്നതിനായി ബൈബിൾ സ്പോൺസേഴ്സ് ഫോറം പ്രവർത്തിച്ചുവരുന്നു. ഈ പദ്ധതിയിൽ അംഗമായിക്കൊണ്ട് ദൈവവചനത്തിന്റെ പ്രചാരകരാകുവാൻ ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഒരു ബൈബിൾ മറ്റൊരാൾക്ക് സൗജന്യമായി നൽകുവാൻ നിങ്ങൾ നൽകേണ്ടത് 100 രുപയാണ്. ഈ പദ്ധതിയോടു സഹകരിച്ച് ഒരു ബൈബിളെങ്കിലും ഇല്ലാത്തവർക്കു

നൽകുന്നതിനുള്ള ഈ സുവിശേഷ പ്രചരണ പരിപാടിയോട് സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. സൗജന്യ ബൈബിൾ വാങ്ങാൻ വരുന്നവർ ബഹുമാനപ്പെട്ട വികാരിയച്ചന്റെ കത്തു കൊണ്ടുവരേണ്ടതാണ്.

**ഒരു സന്തോഷവാർത്ത**

കുടുംബക്കൂട്ടായ്മയുടെയും, ബൈബിൾ അപ്പോസ്തലേറ്റിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ www.kudumbakoottayma.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കുടുംബക്കൂട്ടായ്മ മുഖപത്രമായ സത്യദർശനം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**നിയമിതനായി**

തുരുത്തി ഫൊറോനയിലെ കുടുംബകൂട്ടായ്മയുടെ ഡയറക്ടറായി വടക്കേക്കര സെന്റ് മേരീസ് പള്ളി വികാരി റവ. ഫാ. മാത്യു കളത്തിൽ നിയമിതനായിരിക്കുന്നു. ബഹുമാനപ്പെട്ട അച്ചന് എല്ലാവിധ ആശംസകളും നേരുന്നു.

**നന്ദിയുടെ ഒരുവാക്ക്**

കഴിഞ്ഞ ഒരു വർഷക്കാലം കുടുംബക്കൂട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ഉത്തരവാദിത്വം അഭിവന്ദ്യ പിതാവ് എനിക്കു നല്കിയിരുന്നല്ലോ. ഈ കാലയളവിൽ എന്റെ എല്ലാ പ്രവർത്തനങ്ങളിലും ശക്തമായ സഹായസഹകരണങ്ങൾ നൽകിയ എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും, ആദ്യമായി ഫൊറോന ഡയറക്ടർമാരായി നിയമിതരായ എല്ലാ അച്ചന്മാർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും, കുടുംബകൂട്ടായ്മ കൺവീനർമാർക്കും, കൂട്ടായ്മാ ലീഡേഴ്സ് എന്നിവർക്കും ഹൃദയംനിറഞ്ഞ നന്ദി. MTh പഠനത്തിനായി സ്ഥലംമാറിപോകുന്ന എനിക്ക് പകരമായി നിയമിതനായ റവ. ഫാ. മാത്യു നടയ്ക്കൽ അച്ചന് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും നേർന്നുകൊള്ളുന്നു. തുടർന്നും എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകണമേ.

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ

### ജൂൺ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| ജൂൺ | 4 | പന്തക്കുസ്താ–അഭിഷേകപ്രാർത്ഥന |
| | 9–11 | യുവജന ധ്യാനം |
| | 12–14 | വിവാഹഒരുക്ക ധ്യാനം |
| | 15 | അഖണ്ഡ ജപമാല (10 a.m. - 2 p.m.) |
| | 19–21 | വിവാഹഒരുക്ക ധ്യാനം |
| | 20 | സോണൽ സേവനസമിതി കൂട്ടായ്മ (2 p.m. - 6 p.m.) |
| | 25–29 | വിശ്വാസാനുഭവ ധ്യാനം (സെഹിയോൻ ടീം – ഞായർ 5.00 p.m. – വ്യാഴം 2 p.m.) |
| | 30 | എക്ലേസിയ – സിസ്റ്റേഴ്സിന്റെ ധ്യാനം |

**ഫാ. മാത്യു താന്നിയത്ത്**
9446903631

# കെ.സി.എസ്.എൽ.

പ്രിയമുള്ള കെ.സി.എസ്.എൽ കൂട്ടുകാരേ,

സന്തോഷപ്രദമായ വലിയ അവധിക്കുശേഷം പുതിയ വിദ്യാലയവർഷത്തിലേക്ക് തിരശീല ഉയരുകയാണല്ലോ. ഇനി പൂർണ്ണമായും നമ്മുടെ ശ്രദ്ധ പഠനത്തിലേയ്ക്കായിരിക്കണം. അതിനൊപ്പം നമ്മിലെ കഴിവുകളെ വേണ്ടവിധം വളർത്താനും ശ്രദ്ധിക്കുമല്ലോ. പുതിയ പുതിയ അറിവുകൾ നേടാൻ ഈ ഒരു വർഷം ക്രിസ്തുരാജൻ നമ്മെ സഹായിക്കട്ടെ. എല്ലാ വിജയാശംസകളും പ്രാർത്ഥനാപൂർവ്വം നേരുന്നു. ഈ അവധിക്കാലം വളരെ നന്നായി, ഫലപ്രദമായി ഉപയോഗിച്ചു എന്നുകരുതുന്നു.

2017–2018 പ്രവർത്തനവർഷം ഉദ്ഘാടനവും പ്രതിഭാസംഗമവും, 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ലീഡർഷിപ്പ് ക്യാമ്പും, സ്റ്റുഡന്റ്സ് കൗൺസിൽ തെരഞ്ഞെടുപ്പും കഴിഞ്ഞ വർഷത്തെപ്പോലെ ജൂൺമാസത്തിൽ നടക്കുന്നതാണ്. അതിന്റെ തീയതിയും സ്ഥലവും സംബന്ധിച്ച വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ബൗദ്ധികവും മാനസികവും ശാരീരികവുമായ വളർച്ച നേടുന്ന ഒരു വിദ്യാലയവർഷം ഏവർക്കും ആശംസിച്ചുകൊണ്ട്.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. മാത്യു വാരുവേലിൽ**
**ഫാ. ലൈജു കണിച്ചേരിൽ**

## അഭിനന്ദനങ്ങൾ

അധ്യാപകൻ എന്നനിലയിലും സഭാത്മകവും സാമൂഹികവുമായ മേഖലകളിലും മികച്ച സംഭാവനകളർപ്പിക്കുന്നവർക്ക് കെ.സി.ബി.സി. നൽകുന്ന പരമോന്നത ബഹുമതിയായ ഷെവലിയാർ പി.റ്റി. തോമസ് അധ്യാപക അവാർഡിന് ശ്രീ. കുര്യാച്ചൻ പുതുക്കോട്ടിൽ അർഹനായി. മുൻ കെ.സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റും മുൻ എസ്.ബി. സ്കൂൾ പ്രിൻസിപ്പലുമാണ് സാർ. വിദ്യാഭ്യാസ ദർശനം, ന്യൂസ് ആന്റ് വ്യൂസ് തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ ചീഫ് എഡിറ്ററായും പ്രവർത്തിക്കുന്ന കുര്യച്ചൻ സാർ നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവുമാണ്. സാറിന് കെ.സി.എസ്.എൽ. കുടുംബാംഗങ്ങളുടെ സ്നേഹനിർഭരമായ പ്രാർത്ഥനാശംസകളും അഭിനന്ദനങ്ങളും.

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹമുള്ളവരേ,

പുതിയ അദ്ധ്യയനവർഷം ആരംഭിക്കുകയാണല്ലോ. ഈ വർഷം സംഘടനയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. സംഘടന സ്ഥാപിതമായതിന്റെ 70-ാം വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. ഈ ജൂബിലി വർഷത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ശാഖാ തലത്തിൽ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കുമല്ലോ. അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30-ന് പാറേൽ പള്ളിയിൽവച്ച് ആരംഭിക്കുന്നതാണ്. അതോടെ 2017-18 പ്രവർത്തനവർഷത്തെ പരിപാടികൾ ആരംഭിക്കും. ജൂൺ 10-ാം തീയതി നടക്കുന്ന സമ്മേളനത്തിൽ ശാഖാ മേഖലാ തലങ്ങളിൽനിന്ന് ബന്ധപ്പെട്ടവരെല്ലാം നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ശാഖാ മേഖലാ തലങ്ങളിൽ അതിരൂപതാ മാർഗ്ഗരേഖയും നിർദ്ദേശങ്ങളും അനുസരിച്ച് ഉചിതമായ പരിപാടികളോടെ സംഘടനാ പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

പുത്തൻ വർഷത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിയച്ചൻ**
**ജോസിയച്ചൻ**

## അറിയിപ്പുകൾ

**2017 ജൂൺ**

2 വെള്ളി : ചരമദിനം - ധന്യൻ മാർ തോമസ് കുര്യാളശേരി

3 ശനി : പന്തക്കുസ്താ തിരുനാൾ

10 ശനി : അതിരൂപതാതല പ്രവർത്തന വർഷ ഉദ്ഘാടനം, മാനേജിംഗ് കമ്മിറ്റി

11 ഞായർ: പ്രവർത്തന വർഷ ഉദ്ഘാടനം (ശാഖകളിൽ) സംസ്ഥാന പ്രവർത്തനവർഷ ഉദ്ഘാടനം, പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ

17 ശനി : പ്രവർത്തന വർഷ ഉദ്ഘാടനം (മേഖലകളിൽ)

29 വ്യാഴം: വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ കടമുള്ള ദിവസം. (ഓഫീസ് അവധി)

30 വെള്ളി: കുഞ്ഞേട്ടൻ പുരസ്കാര ലിസ്റ്റ് സ്കോളർഷിപ്പ് അപേക്ഷ സംസ്ഥാനതലത്തിൽ നല്കേണ്ട അവസാന തീയതി

**ജൂലൈ**

1 ശനി : അംഗത്വസ്വീകരണം അതിരൂപതാതല ഉദ്ഘാടനം

3 തിങ്കൾ : വി. തോമ്മാശ്ലീഹായുടെ തിരുനാൾ, കടമുള്ള ദിവസം. അംഗത്വസ്വീകരണം നടത്തുക, മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുകത്തിരുനാൾ

**നന്ദി**

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഓഫീസ് സെക്രട്ടറിയായി ശുശ്രൂഷചെയ്തശേഷം പുതിയ കർമ്മരംഗത്തേയ്ക്ക് യാത്രയാകുന്ന സി. മരീനാ LWSHന് അതിരൂപതാ കുടുംബത്തിന്റെ കൃതജ്ഞതാനിർഭരമായ യാത്രമംഗളങ്ങൾ നേരുന്നു.

**സ്വാഗതം**

മിഷൻലീഗ് അതിരൂപതാ ഓഫീസ് സെക്രട്ടറിയായി ചുമതലയേറ്റ സി. മേരീ റോസ് DSFS ന് അതിരൂപതാ കുടുംബത്തിന്റെ സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ.

**കൈയ്യെഴുത്തു മാസിക 2016 – 17**

Ist – സെന്റ് അൽഫോൻസാ മഹേന്ദ്രപുരം

IInd – ഫാത്തിമ മാതാ ഫാത്തിമാപുരം

IIIrd – ഹോളി ഫാമിലി പൊടിപ്പാറ
സെന്റ് സേവ്യേഴ്സ് തൃക്കൊടിത്താനം

**പ്രോത്സാഹന സമ്മാനങ്ങൾ**

1. ഡോൺ ബോസ്കോ ചെത്തിപ്പുഴ
2. സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് നെടുംകുന്നം
3. സെന്റ് ജോസഫ്സ് വെരൂർ
4. സെന്റ് ജോസഫ്സ് ആറാട്ടുവഴി
5. സെന്റ് ജോർജ്ജ് അമ്പൂരി
6. ഹോളി ഫാമിലി ഈസ്റ്റ് മിത്രക്കരി
7. സെന്റ് റീത്താസ് തകഴി
8. സെന്റ് സെബാസ്റ്റ്യൻസ് അയർക്കുന്നം
9. ഹോളി ഫാമിലി മാന്നില
10. സെന്റ് റീത്താസ് കണ്ണാടി

**പ്രത്യേക ശ്രദ്ധയ്ക്ക്**

ചെറുപുഷ്പമിഷൻലീഗ് അതിരൂപതാ നേതൃസംഗമവും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 10 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. മേഖലാ ഡയറക്ടേഴ്സ്, അതിരൂപതാ-മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ, മേഖലാ, ശാഖാ ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ്, കുട്ടികളുടെ ഭാരവാഹികൾ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 60 രൂപ. പുതിയ പ്രവർത്തന വർഷ മാർഗ്ഗരേഖയും പഠനപുസ്തകവും വാങ്ങുവാൻ സൗകര്യം ഉണ്ടായിരിക്കും. സമ്മേളനാവസരത്തിൽ ബെസ്റ്റ് മേഖല, ബെസ്റ്റ് ശാഖാ, കയ്യെഴുത്തു മാസിക, രണ്ടാംഘട്ടത്തിലെ മികച്ച ശാഖകൾ എന്നിവയുടെ സമ്മാനങ്ങളും വിതരണം ചെയ്യുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 5ന് മുമ്പായി ഓഫീസിൽ അറിയിക്കുവാൻ ശ്രദ്ധിക്കുക.

# 130-ാമത് ചങ്ങനാശ്ശേരി അതിരൂപതാ ദിനാചരണം



























അതിരൂപത


അതിരൂപതയിൽ
നാം ഒരു കുടുംബം



















ചങ്ങനാശേരി അതിരൂപത
















# സന്ദേശനിലയം

**ഈശോയിൽ സ്നേഹമുള്ളവരേ,**

ഈശോയിൽ പ്രിയരേ, സന്ദേശനിലയം വജ്രജൂബിലി വർഷത്തിലേയ്ക്കു പ്രവേശിക്കുകയാണ്. പിന്നിട്ട അറുപതു വർഷങ്ങൾ വിശ്വാസപരിശീലനരംഗത്ത് വ്യക്തമായ ദിശാബോധം നല്കുന്നതിൽ സന്ദേശനിലയം ബദ്ധശ്രദ്ധമായിരുന്നു. പുതിയ മതബോധന വർഷം ജൂൺ 4-ാം തീയതി പന്തക്കുസ്താതിരുനാളോടെ ആരംഭിക്കുകയാണല്ലോ. "എഴുന്നേൽക്കുക, പണിതുയർത്തുക" എന്ന ആപ്തവാക്യം ഈ വർഷത്തെ നമ്മുടെ വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ മുഖമുദ്രയാകണം. ഈ മതബോധനവർഷം അപ്രകാരം കൂടുതൽ ഉണർവോടെ പ്രവർത്തിക്കാൻ നമുക്കു സാധിക്കട്ടെ.

കുടുംബകേന്ദ്രീകൃതമായ മതബോധന പരിശീലനം ഈ കാലഘട്ടത്തിന്റെ പ്രധാന ആവശ്യമാണെന്ന് മനസ്സിലാക്കി മാതാപിതാക്കളുടെ പങ്കാളിത്തം കൂടുതലായി ഉൾക്കൊള്ളിക്കുവാനും, സഭയുടെ വിശ്വാസപരിശീലനം ജീവിതവഴികളിലെ മാറ്റിവയ്ക്കാനാവാത്ത ബോധന സമയങ്ങളാണെന്ന ബോധ്യങ്ങൾ അവതരിപ്പിക്കുവാനും മതാധ്യാപകർക്കു സാധിക്കണം. ഈ വർഷം അതിനാവശ്യമായ കർമ്മപദ്ധതികൾക്കു ഇടവകതലത്തിൽ രൂപം നല്കുവാൻ പ്രത്യേകം ശ്രദ്ധിക്കാം.

കഴിഞ്ഞ നാലുവർഷമായി സന്ദേശനിലയം അസി. ഡയറക്ടർ, കതിരൊളി ചീഫ് എഡിറ്റർ എന്നീ ചുമതലകൾ സ്തുത്യർഹമായി നിർവ്വഹിച്ച ബഹു. അറയ്ക്കൽ ബിജോയ് അച്ചൻ ഈ ചുമതലകളിൽ നിന്നും അതിരൂപതയിലെ മറ്റു പ്രധാന ഉത്തരവാദിത്വങ്ങളിലേയ്ക്ക് മാറുകയാണ്. സന്ദേശനിലയത്തിന്റെ സജീവസാന്നിദ്ധ്യമായിരുന്ന അറയ്ക്കലച്ചന് നമുക്ക് ഹൃദയപൂർവ്വം നന്ദി നേരാം. തന്റെ പുതിയ പ്രവർത്തനമേഖലകൾക്ക് ആശംസകളർപ്പിക്കാം.

നമ്മുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മികച്ച സൺഡേസ്കൂളുകളായി അംഗീകാരം ലഭിച്ചവർക്ക് പ്രത്യേകാഭിനന്ദനങ്ങൾ. നമ്മുടെ പ്രവർത്തനങ്ങൾ ഫലപ്രദമാകട്ടെ. കൂടുതൽ ഉത്സാഹത്തോടും തീക്ഷ്ണതയോടുംകൂടി നമ്മുടെ നിയോഗങ്ങൾ പൂർണ്ണമാക്കുവാൻ നമുക്കാത്മാർത്ഥമായി പരിശ്രമിക്കാം. പുതിയ മതബോധന വർഷത്തിന്റെ ആശംസകൾ ഏവർക്കും നേർന്നുകൊണ്ട്

നിങ്ങളുടെ

**ജോബിയച്ചൻ**

**ജോസിയച്ചൻ**

## സന്ദേശനിലയം അറിയിപ്പുകൾ

**2017 ജൂൺ**

3 ശനി : മതബോധനവർഷാരംഭം അതിരൂപതാതല ഉദ്ഘാടനം തുരുത്തി മർത്തമറിയം ഫൊറോനാ പള്ളിയിൽ

4 ഞായർ : ശ്ലീഹാക്കാലം ഒന്നാം ഞായർ
പന്തക്കുസ്താ തിരുനാൾ

അതിരൂപതാ മതബോധനദിനം, വിദ്യാരംഭം
മതബോധനവർഷം - ഇടവകതല ഉദ്ഘാടനം

| | | |
|---|---|---|
| 8 വ്യാഴം | : | വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാ |
| 9 വെള്ളി | : | സ്വർണ്ണവെള്ളി, മാർ അപ്രേം |
| 10 ശനി SS | : | CML അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം |
| 11 ഞായർ | : | ശ്ലീഹാക്കാലം രണ്ടാം ഞായർ, ക്ലാസ്സ് - 1 |
| 17 ശനി | : | Word & Media Class - 1 മുൻവർഷം പങ്കെടുക്കാത്തവരും ഈ വർഷം പുതിയതായി നിയമിക്കപ്പെട്ടവരുമായ ഒന്നാം ക്ലാസ്സ് അധ്യാപകർക്ക് |
| 18 ഞായർ | : | ശ്ലീഹാക്കാലം മൂന്നാം ഞായർ, ക്ലാസ്സ് - 2 |
| 24 ശനി | : | ഫൊറോന സെമിനാർ - തുരുത്തി |
| 25 ഞായർ | : | ശ്ലീഹാക്കാലം നാലാം ഞായർ, ക്ലാസ്സ് 3 |
| 29 വ്യാഴം OH | : | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ (കടമുള്ള ദിവസം) |

**2017 ജൂലൈ**

| | | |
|---|---|---|
| 1 ശനി | : | ഫൊറോന സെമിനാർ - തൃക്കൊടിത്താനം |
| 2 ഞായർ | : | ശ്ലീഹാക്കാലം അഞ്ചാം ഞായർ, ക്ലാസ്സ് - 4 |
| 3 തിങ്കൾ OH | : | മാർതോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ കടമുള്ള ദിവസം, അതിരൂപതാ മതാധ്യാപക ദിനം |
| 8 ശനി SS | : | CLT, MCC കോഴ്സുകളുടെ ഉദ്ഘാടനം |
| 9 ഞായർ | : | ശ്ലീഹാക്കാലം ആറാം ഞായർ, ക്ലാസ്സ് 5 പി.റ്റി.എഫ്, സൺഡേ സ്കൂൾ ലീഡേഴ്സ് മീറ്റ് |

## പ്രത്യേകശ്രദ്ധയ്ക്ക്

സി.എൽ.റ്റി. 38-ാം ബാച്ച്, എം.സി.സി. 10-ാം ബാച്ച് എന്നിവയുടെ ഉദ്ഘാടനം ജൂലൈ 8 ശനിയാഴ്ച 10ന് സന്ദേശനിലയം ഹാളിൽ വച്ച് നടക്കും. പുതിയ ബാച്ചുകളിലേയ്ക്കുള്ള പ്രവേശനഫോറം സന്ദേശനിലയം ഓഫീസിൽ നിന്നും ലഭ്യമാണ്. കോഴ്സിൽ ചേരുന്നവർ ജൂലൈ 2നകം ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

ജൂൺ 18-ാം തീയതി ഞായറാഴ്ചയ്ക്കകം സൺഡേസ്കൂൾ ലീഡർമാരെ തിരഞ്ഞെടുക്കേണ്ടതാണ്. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽനിന്നും ലീഡർമാരായി തിരഞ്ഞെടുക്കണം. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരിൽ 9-ാം ക്ലാസ്സിൽ നിന്നുള്ള ആൺകുട്ടിയും പെൺകുട്ടിയും സ്കൂൾ ലീഡർമാരായിരിക്കും.

## പി.റ്റി. എഫ്. പ്രതിനിധികൾ

ജൂൺ 18-ാം തീയതിക്കകം പ്രതിനിധികളെ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുക.

## പി.റ്റി. എഫ്. സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്

സൺഡേസ്കൂൾ ലീഡേഴ്സ് പി.റ്റി. എഫ്. പ്രതിനിധികളുടെ അതിരൂപ താതലസമ്മേളനം ജൂലൈ 9-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്.

## അഭിനന്ദനങ്ങൾ

മെയ് 9, 10, 11 തീയതികളിൽ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് VII-ാം ക്ലാസ്സ് കുട്ടികൾക്കായി നടന്ന പ്രതിഭാസംഗമത്തിൽ പങ്കെടുത്ത ജസ്വിൻ ജെയ്മോൻ ചെറുവാണ്ടൂർ, ക്ലെയർ ആന്റണി കായൽപ്പുറം, അർപ്പിത മറിയം ഔസേഫ് മങ്കൊമ്പ്, ജോ ജിയോ ജോസഫ് മിത്രക്കരി എന്നിവർക്ക് അതിരൂപതയുടെ അഭിനന്ദനങ്ങൾ.

## ആദരാഞ്ജലികൾ

തുരുത്തി സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപിക ബിനു മാത്യു മാളിയേക്കലിന്റെ പിതാവിന്റെ നിര്യാണത്തിലും കായൽപ്പുറം സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി വത്സമ്മ പറപ്പള്ളിയുടെ മാതാവിന്റെ നിര്യാണത്തിലും കുളത്തൂർ ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. സണ്ണി കുഴിപ്പള്ളിയുടെ സഹോദരന്റെ നിര്യാണത്തിലും കുടമാളൂർ സെന്റ് മേരീസ് സൺഡേസ്കൂൾ വിദ്യാർത്ഥി ജിത്തു ജോസഫ് വെള്ളാപ്പള്ളിയുടെ നിര്യാണത്തിലും മുടിയൂർക്കര ഹോളി ഫാമിലി സൺഡേസ്കൂൾ വിദ്യാർത്ഥി നോബിൾ വടയാറ്റേട്ടിന്റെ നിര്യാണത്തിലും പാറമ്പുഴ ഹോളി ഫാമിലി സൺഡേസ്കൂൾ അധ്യാപിക ശ്രീമതി മീനു ടോമിയുടെ മാതാവിന്റെ നിര്യാണത്തിലും ചങ്ങനാശ്ശേരി അസംപ്ഷൻ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. കെ.ജെ. ജോസഫ് കൊച്ചുകളത്തിന്റെ സഹോദരന്റെ നിര്യാണത്തിലും സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## പ്രത്യേക അറിയിപ്പ്

പാഠപുസ്തകത്തിന്റെയും വർക്കുബുക്കിന്റെയും തുക അടയ്ക്കാനുള്ളവർ താഴെ കാണുന്ന അക്കൗണ്ടിൽ പണം നിക്ഷേപിക്കാവുന്നതാണ്. പണം അടച്ചതിനുശേഷം 9495664623 ഈ നമ്പറിൽ വിളിച്ചറിയിക്കേണ്ടതാണ്.

Bank : South Indian Bank, Changanassery Branch
A/c Holder : Rev. Fr. Director, Sandesanilayam
A/c No. : 0013053000048380
IFSC Code : SIBL 0000013

## 2016 - 17 വർഷത്തെ അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരായവർ

| Class V | | Mark |
|---|---|---|
| 1. Sona Susan Mathew | St. Gregorious Veliyanadu | 86 |
| 2. Jubitta Shaji | St. Mary's Mundupalam | 82 |
| 3. Aleena Jaimon | Little Flower Arpookara | 80 |

| | | | |
|---|---|---|---|
| 4. | Annie Benny | St. Xaviers Thrickodithanam | 80 |

**Class VI**

| | | | |
|---|---|---|---|
| 1. | Merin Treesa Roy | St. Mary's Athirampuzha | 80 |
| 2. | Ashly Roy | SH Gagultha | 80 |

**Class VII**

| | | | |
|---|---|---|---|
| 1. | Jusvin Jaimon | St. Sebastians Cheruvandoor | 90 |
| 2. | Clare Antony Parapally | St. Joseph Kayalpuram | 88 |
| 3. | Arpitha Mariam Ouseph | St. Pious Xth Moncombu | 86 |
| 4. | Joe Geo Joseph | St. Xaviers Mithrakary | 84 |
| 5. | Aksa Thomas | St. Johns Thekkekara | 84 |
| 6. | Aleena Siju | St. Pious Xth Moncombu | 82 |
| 7. | Ardra Maria Stanson | Holy Family Mudiyoorkara | 80 |
| 8. | Claramma Kizhakkekuttu | St. Gregorious Kesariya | 80 |
| 9. | Thresiamma Joseph | St. Joseph Kayalpuram | 80 |

**Class VIII**

| | | | |
|---|---|---|---|
| 1. | Anna Sonia Biju | St. Pious Xth Moncombu | 92 |
| 2. | Silda Sholly | St. Sebastians Ayarkunnam | 90 |
| 3. | Amala Anna Anil | St. George Edathua | 84 |
| 4. | Samson Thoma | St. Xavier's Thrickodithanam | 82 |
| 5. | Aagin K. Prince | St. Gregorious Mannarkunnu | 80 |

**Class IX**

| | | | |
|---|---|---|---|
| 1. | Jewel Binu | St. Mary's Athirampuzha | 88 |
| 2. | Rosy Varghese | Fathima Matha Pallikkoottumma | 84 |
| 3. | Jeena Sebastian | St. Xavier's Thrickodithanam | 82 |
| 4. | Alan Dominic | St. Mary's Vaipur | 82 |
| 5. | Sandra Maria John | St. Alphonsa Pongammoodu | 80 |

**Class X**

| | | | |
|---|---|---|---|
| 1. | Aida Fracis | St. Pauls Vezhapra | 80 |

**Class XI**

| | | | |
|---|---|---|---|
| 1. | Jins George | St. Joseph Champakara | 88 |
| 2. | Thresiamma Joseph | St. Mary's Ithithanam | 85 |
| 3. | Bichu Joseph | St. Mary's Ithithanam | 84 |
| 4. | Jan Mary Joseph | St. Joseph Kayalpuram | 84 |

| | | | |
|---|---|---|---|
| 5. | Amala Anna George | St. Joseph Kayalpuram | 82 |
| 6. | Abayamol Pappachan | St. Francis Assissi Poonthoppu | 80 |
| 7. | Christeena Mathew | St. Teresas Vazhapally | 80 |

2016 – 17 മതബോധനവർഷം മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച സൺഡേ സ്കൂളുകൾക്ക് സന്ദേശനിലയം നല്കിയ ഗോൾഡൻ സ്റ്റാർ, സിൽവർ സ്റ്റാർ അവാർഡുകൾ നേടിയ സൺഡേസ്കൂളുകൾ

**GOLDEN STAR - 2017-18**

1. St Joseph's Sunday School Thellakom
2 . Lourde Matha Sunday School Chennamkary
3. S H Sunday School Gagultha Champakulam
4. St. Jeroms Sunday School Nazareth
5. St. Marys Sunday School Champakulam
6. St.Josephs Sunday School Kondakkal
7. St. Joseph's Sunday School Chennamkary
8. St. Thomas Sunday School Ponga
9 . St. Marys Cathedral Sunday School Chry
10. Assumption Sunday School Changanacherry
11. Don Bosco Sunday School Chethipuzha
12. St Marys Sunday School Thuruthy
13. Holy Family Sunday School Podippara
14. St. Marys Sunday School Ithithanam
15. Marth Mariam Sunday School Pulimugham
16. Holy Family Sunday School East Mithrakary
17 St. Antonys Sunday School Puthuppally
18 Marth Mariyam Sunday School Cheppumpara
19 St. Xaviers Sunday School Villoonni
20 Holy Family Sunday School Mudiyoorkkara
21 Holy Family Sunday School Parampuzha
22 St. Francis D Sales SS Kiliroor
23 St. Marys Sunday School Kudamalloor
24 St. Antonys Sunday School Kurumpanadom
25 Little Flower Sunday School Madappally
26 St. Mary's Sunday School Eravuchira

27 Holy Magi Suday School Manimala
28 St Josephs Sunday School Champakkara
29 Little Flower Sunday School Punnaveli
30 St Ritas Sunday School Kannady
31 St Joseph's Sunday School Ramankary
32 Ischolamatha Sunday School Punnakkunnathusserry
33 St. Pious Xth Sunday School Moncombu
34 St. Xaviers Sunday School Thrickodithanam
35 St. Sebastians Sunday School Kodinattukunnu
36 St. Thomas Sunday School Nalukody
37 St. Marys Sunday School Mundupalam

**SILVER STAR 2016-17**

1 St Mathews Sunday School, Kottackapuram
2 St George Sunday School Cheeramchira
3 St. Marys Sunday School Vadakkekara
4 Lourde Matha Sunday School Eara
5 St. Thomas Sunday School Puzhvathu
6 St. Jude Sunday School Yudapuram
7 St. George Sunday School Edathua
8 St. Nicholas Sunday School Karumady
9 St. Marys Sunday SchoolAryankavu
10 St. Thomas Sunday School Vadavathoor
11 Holy Family Sunday School Mannila
12 Little Flower Sunday School Chunkappara
13 Fathima Matha Sunday School Nedumanny
14 St. John The Baptist Sunday School Nedumkunnam
15 St. Marys Sunday School Vaipur Old
16 St Antonys Sunday School Myladi
17 Nirmala Bhavan Sunday School TVM
18 St. Joseph Sunday School Emmaus

# ഫാമിലി അപ്പോസ്തലേറ്റ്

സ്നേഹം നിറഞ്ഞ കുടുംബപ്രേഷിതരേ,

സുഖമെന്ന് വിശ്വസിക്കുന്നു. കുടുംബപ്രേഷിത പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നുണ്ടാവുമല്ലോ.

അഭിവന്ദ്യ ഫ്രാൻസിസ് മാർപ്പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ കുടുംബജീവിതം നയിക്കുന്നവരോടായി പറയുന്നു: 'ക്രൈസ്തവ ദമ്പതികൾ പരസ്പരവും തങ്ങളുടെ സന്താനങ്ങൾക്കും ബന്ധുക്കൾക്കും പ്രസാദവരത്തിന്റെ സഹകാരികളും വിശ്വാസത്തിനു സാക്ഷികളും ആണ്' (no. 321). ഉത്തമ കുടുംബജീവിതത്തിലൂടെ നാം വിശ്വാസത്തിന് സാക്ഷ്യം നൽകണം. മനോഹാരിതകൊണ്ട് മറ്റുള്ളവരെ കീഴടക്കുന്ന ആകർഷകമായ സാക്ഷ്യങ്ങൾ നൽകണമെന്ന് മാർപ്പാപ്പ പറുയന്നു. 'സാക്ഷ്യപേടകം' എന്ന ശതദിന കർമ്മപദ്ധതിയിൽ പങ്കെടുക്കന്നതുവഴി മാതൃ-പിതൃവേദി സംഘടനകൾക്ക് ഇടവകയിൽ ഉത്തമ സാക്ഷ്യമേകാൻ സാധിക്കും. നമ്മുടെ സംഘടനാ പ്രവർത്തനങ്ങൾവഴി നല്ല കുടുംബങ്ങൾ രൂപപ്പെടാനും ഇടവകയിലും സമൂഹത്തിലും സാക്ഷ്യമേകുന്ന വ്യക്തിത്വങ്ങളെ രൂപപ്പെടുത്താനും സാധിക്കട്ടെ. കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

**ഫാ. ജോസഫ് ഇലഞ്ഞിമറ്റം**
(അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ**
(ഡയറക്ടർ)

## സാക്ഷ്യപേടകം

'മർത്തീരിയ' എന്ന ഈ വർഷത്തെ പ്രോജക്ടിനെ അടിസ്ഥാനപ്പെടുത്തി 'സാക്ഷ്യപേടകം' എന്ന ശതദിന കർമ്മപദ്ധതി 2017 ജൂൺ 11 ന് എല്ലാ മാതൃ-പിതൃവേദി യൂണിറ്റുകളിലും ആരംഭിക്കുന്നതാണ്. പിതൃദിനാഘോഷങ്ങളോടെ ആരംഭിച്ച് സെപ്റ്റംബർ 21 ന് മാതൃവേദി ജന്മദിനത്തിൽ അവസാനിക്കുന്ന 100 ദിവസ കർമ്മപദ്ധികളാണ് വിഭാവനം ചെയ്യുന്നത്. സംഘടനയെ ശക്തിപ്പെടുത്തുന്നതിനും കുടുംബജീവിതത്തെ ഉത്തമസാക്ഷ്യജീവിതമാക്കുന്നതിനും വേണ്ടിയാണ് ഈ കർമ്മപദ്ധതി നടപ്പിലാക്കുന്നത്. ഇരുപത്തിയഞ്ചോളം പ്രോഗ്രാമുകളിൽനിന്നും ഓരോ യൂണിറ്റിനും അവശ്യമെന്നു തോന്നുന്ന പ്രോഗ്രാമുകൾ ക്രമീകരിക്കാൻ ശ്രമിക്കണം. 'സാക്ഷ്യപേടകം' ശതദിന കർമ്മപദ്ധതി വിജയപ്രദമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ദമ്പതിധ്യാനം

ജൂലൈ 7,8,9 തീയതികളിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ തുരുത്തി കാനായിൽ ദമ്പതിധ്യാനം നടത്തുന്നു. പ്രധാനമായും യുവദമ്പതികളെയാണ് ഉദ്ദേശിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 600 രൂപ.

## കൂപ്പൺ നറുക്കെടുപ്പ്

മാതൃവേദി-പിതൃവേദിയുടെ യൂണിറ്റ്, ഫൊറോന, അതിരൂപത തലത്തിലുള്ള ഫണ്ട് സ്വരൂപിക്കുന്നതിനുവേണ്ടി ഒരു സമ്മാന കൂപ്പൺ പദ്ധതി ജൂൺ പകുതിയോടുകൂടി ആരംഭിക്കുന്നു. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## ഫൊറോന പ്രവർത്തനവർഷ ഉദ്ഘാടനങ്ങൾ

എടത്വാ ഫൊറോന മാതൃവേദി-പിതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം എടത്വാ സെന്റ് ജോർജ്ജ് പാരീഷ്ഹാളിൽ നടന്നു. പെരിയ ബഹു. ജോൺ മണക്കുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ബഹു. ഫാ. ബോബി ജോസ് കട്ടിക്കാട് OFm. cap ക്ലാസ് നയിച്ചു. അതിരൂപത പ്രസിഡന്റ് ശ്രീ. വർഗീസ് നെല്ലിയ്ക്കൽ, ജോ. സെക്രട്ടറി ശ്രീമതി കുഞ്ഞുമോൾ ലാലി എന്നിവരും മറ്റ് അതിരൂപത ഭാരവാഹികളും പങ്കെടുത്തു. ഫൊറോന ഡയറക്ടർ റവ. ഫാ. ആന്റണി നെനാപറമ്പിൽ, റവ. സി. ആലീസ് SABS മറ്റ് ഫൊറോന ഭാരവാഹികൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

2017 മെയ് 7-ാം തീയതി ഞായറാഴ്ച നെടുങ്കുന്നം ഫൊറോന പ്രവർത്തന വർഷ ഉദ്ഘാടനം ചക്കാലക്കുന്ന് (വായ്പൂർ ന്യൂ) പള്ളി ഓഡിറ്റോറിയത്തിൽ നടന്നു. നെടുങ്കുന്നം ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് പുതുപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗം മുൻ അതിരൂപത ഡയറക്ടർ റവ. ഫാ. എബി ചങ്ങങ്കരി ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ബഹു. ജോസഫ് മണ്ണാത്തറയച്ചൻ, റവ.സി. ലിൻസ്മേരി, ശ്രീ. ജോൺസി കാട്ടൂർ, ശ്രീ. ജീവൻ ജോസ്, ശ്രീമതി ജെസ്സി വർഗ്ഗീസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

## മെയ് മാസം നടത്തിയ പ്രോഗ്രാമുകൾ

**ഏപ്രിൽ**

29 ഇത്തിത്താനം മാതൃ-പിതൃ സെമിനാർ

30 പായിപ്പാട് ലൂർദ്ദ്മാതാ, മാതൃവേദി-പിതൃവേദി ക്വിസ് മത്സരം

**മെയ്**

7 'സാക്ഷ്യകൂടാരം' ആലപ്പുഴ ഫൊറോനാതല മാതൃ-പിതൃസംഗമം അസി. ഡയറക്ടർ ക്ലാസ്സെടുത്തു.

8 മാധ്യമബോധന സെമിനാർ - നവോദയ കുട്ടികൾക്ക്

14 അറുനൂറ്റുംപാടം - 'കുടുംബജീവിത പ്രേഷിതത്വം' സെമിനാർ

വടവാതൂർ-മാതൃ-പിതൃ സംഗമം, ചമ്പക്കര - മാധ്യമബോധന സെമിനാറും പ്രവർത്തനവർഷ ഉദ്ഘാടനവും.

19 പുളിങ്കുന്ന് ഫൊറോന മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ വി. റീത്താ തീർത്ഥാടനം പുളിങ്കുന്ന് പള്ളിയിൽനിന്ന് കണ്ണാടി സെന്റ് റീത്താസ് പള്ളിയിലേയ്ക്ക് അതിരൂപത ഡയറക്ടർ ഉദ്ഘാടനം നടത്തി. അഭിവന്ദ്യ തോമസ് തറയിൽ പിതാവ് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

20 **അതിരൂപതാദിനം**

'പ്രോലൈഫ് പ്രമോഷന്റെ ഭാഗമായി 6 മക്കളിൽ കൂടുതലുള്ള 5 മാതാപിതാക്കളെ ആദരിച്ചു. ഫാമിലി അപ്പോസ്തലേറ്റ് അതിനാവശ്യമായ ക്യാഷ് പ്രൈസ് നൽകി.

21 അമ്പൂരി ഫൊറോന നേതൃസംഗമം ഡാൽമുഖം സെന്റ് മേരീസ് പള്ളിയിൽ നടന്നു. അതിരൂപതാ ഡയറക്ടർ സാക്ഷ്യപേടകം കർമ്മപദ്ധതി വിശദീകരിച്ചു.

തിരുവനന്തപുരം ലൂർദ്ദ് പള്ളിയിൽ ഗ്രാന്റ് പേരന്റ്സ് മീറ്റ് നടന്നു. ഗ്രാന്റ് പേരന്റ്സിനെ ആദരിക്കുകയും അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. അതിരൂപത ഡയറക്ടർമാർ പങ്കെടുത്തു.

മാതൃവേദിയുടെ സഹമദ്ധ്യസ്ഥ വി. റീത്തായുടെ ജന്മദിനാഘോഷം തൃക്കൊടിത്താനം സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയങ്കണത്തിൽ നടന്നു. അസി. ഡയറക്ടർ ക്ലാസ്സ് നയിച്ചു.

23 അതിരൂപത നേതൃസംഗമം ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ യൂണിറ്റ് ആനിമേറ്റർമാർ, പ്രസിഡന്റുമാർ എന്നിവരുടെ മീറ്റിംഗ്. അതിരൂപതാ ഭാരവാഹികളും ആനിമേറ്റർ റവ. സി. ജോബിൻ എഫ്.സി.സിയും നേതൃത്വം നൽകി.

27 പ്രോലൈഫ് സെൽ മീറ്റിംഗ് പാസ്റ്ററൽ സെന്ററിൽ

28 തൃക്കൊടിത്താനം ഫൊറോന 'ഏയ്ഞ്ചൽസ് മീറ്റ് 'മാതൃ-പിതൃസംഗമം സന്ദേശം അതിരൂപത ഡയറക്ടർ, ക്ലാസ്സ് നയിച്ചത് അസി. ഡയറക്ടർ റവ. ഫാ. ജോസഫ് ഇലഞ്ഞിമറ്റം, ദമ്പതി സംഗമം - കുടമാളൂരിൽ.

കുടുംബസംഗമം - മാടപ്പള്ളിയിൽ

## ജൂൺമാസത്തെ പ്രധാന പ്രോഗ്രാമുകൾ

**ജൂൺ**

4 മണിമല ഫൊറോന നേതൃസംഗമവും 'സാക്ഷ്യപേടകം' മണിമല ഫൊറോന ഉദ്ഘാടനവും

10 'പ്രോലൈഫ് സെൽ മീറ്റ്'
നയിക്കുന്നത് അഭിവന്ദ്യ മാർ തോമസ് തറയിൽ

11 സാക്ഷ്യപേടകം യൂണിറ്റ്തല ഉദ്ഘാടനം എല്ലാ ഇടവകകളിലും

14 ലോക പിതൃദിനം

15 അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഫാമിലി അപ്പോസ്റ്റലേറ്റ് കുടുംബത്തോടൊപ്പം.

## വിദ്യാഭ്യാസ സഹായം

നാലും അതിൽ കൂടുതലും മക്കളുള്ള ദമ്പതികളുടെ മക്കൾക്ക് ഫാമിലി അപ്പോസ്റ്റലേറ്റ് വിദ്യാഭ്യാസ സഹായം നൽകുന്നു. അപേക്ഷാ ഫോം ഓഫീസിൽ ലഭ്യമാണ്.

## വിവാഹ ഒരുക്കധ്യാനം

FAMILY APOSTOLATE ARCHDIOCESE OF CHANGANASSERY

"Change the world from your home"

| 2017 ജൂൺ | 2017 ജൂലൈ | 2017 ആഗസ്റ്റ് |
|---|---|---|
| 12, 13, 14 (Zion) | 7, 8, 9 (Chry) | 7, 8,9 (Zion) |
| 19, 20, 21 (Zion) | 17, 18, 19 (Chry) | 11,12,13 (Chry) |
| 26, 27, 28 (Chry) | 24, 25, 26 (Chry) | 21, 22, 23 (Zion) |

# ആത്മതാകേന്ദ്രം

## ആസക്തി രോഗത്തിന് ഹോമിയോപതിക് ചികിത്സ

ആത്മതാ കേന്ദ്രത്തിന്റെയും ചങ്ങനാശ്ശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും ആത്മതാ കേന്ദ്രത്തിൽ വച്ചും, ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചയും, ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാ കേന്ദ്രത്തിലും, ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തൊടെ എല്ലാ ചൊവ്വാഴ്ചയും തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും നെടുംങ്കുന്നം മദതെരേസാ ഹോമിന്റെ സഹകരണത്തോടെ നെടുങ്കുന്നം ആതുരാശ്രമത്തിൽ വച്ചും, അതിരമ്പുഴ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ അതിരമ്പുഴ പള്ളി ഹാളിൽ എല്ലാ വ്യാഴാഴ്ചയും, മുണ്ടുപാലം സെന്റ് മേരീസ്പള്ളിയുടെ സഹകരണത്തോടെ മുണ്ടുപാലം പള്ളിയുടെ വചന വിസ്മയ ഹാളിൽ വച്ച് എല്ലാ വെള്ളിയാഴ്ചയും, മണിമല ഹോളിഫാമിലി പള്ളിയുടെ സഹകരണത്തോടെ മണിമല പ്രിൻസ് ഹോമിയോപ്പതി ക്ലിനിക്കിൽ എല്ലാ രണ്ടും നാലും ശനിയാഴ്ചയും മദ്യമയക്കുമരുന്നുകൾക്കെതിരായി ഹോമിയോ ചികിത്സാ നടത്തി വരുന്നു.

## ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ്<br>ഡോ. ധന്യ പ്രിൻസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS<br>ഡോ. ഹരികുമാർ<br>ഡോ. ഷമീനാ |
| നെടുംകുന്നം ആതുരാശ്രമം ഹോമിയോ ക്ലീനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സി. ഡി. തോമസ്<br>ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12.30 വരെ | ഡോ.എസ്സ്. ജി. ബിജു<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| മുണ്ടുപാലം സെന്റ് മേരീസ് പള്ളി | എല്ലാ വെള്ളിയാഴ്ചയും 3 മുതൽ 4.30 വരെ | ഡോ. ധന്യ പ്രിൻസ് |

| | | |
|---|---|---|
| മണിമല പ്രിൻസ് ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലീനിക്ക് | എല്ലാ രണ്ടും നാലും ശനി 2 മുതൽ 4 വരെ | ഡോ. സി.ജെ. ജോസഫ് ഡോ. ജെയിംസ് ജോസഫ് |
| അതിരമ്പുഴ സെൻ മേരീസ് ഫൊറോനാ പള്ളി | എല്ലാ വ്യാഴാഴ്ചയും 10.30 മുതൽ 12.30 വരെ | ഡോ. ഗീതാ ബാലകൃഷ്ണൻ |

## ആത്മതാകേന്ദ്രത്തിന്റെ സപ്പോർട്ട് എ ചൈൽഡ് സഹായപദ്ധതി 14-ാമത് വാർഷികസമ്മേളനവും പഠനോപകരണ വിതരണവും

ചങ്ങനാശ്ശേരി അതിരൂപതയുടെ ആരോഗ്യസേവന വിഭാഗമായ ആത്മതാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 14 വർഷമായി നടന്നു വരുന്ന സപ്പോർട്ട് എ ചൈൽഡ് എന്ന നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായി സഹായം നല്കുന്ന പദ്ധതിയുടെ 14-ാമത് വാർഷിക സമ്മേളനവും പഠനോപകരണങ്ങളുടെ വിതരണവും മെയ് 27 ശനി യാഴ്ച രാവിലെ 11.30ന് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ ഉദ്ഘാ ടനം നിർവ്വഹിച്ചു. ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോർജ്ജ് കപ്പാംമൂട്ടിൽ അദ്ധ്യക്ഷത വഹിച്ചു, ബഹു. സി.എഫ് തോമസ് എം.എൽ.എ മുഖ്യസന്ദേശം നല്കി. വെരി റവ. ഫാ. ഫിലിപ്പ് തയ്യിൽ അനുഗ്രഹപ്രഭാഷണം നടത്തി, ചങ്ങ നാശ്ശേരി ജംഗഷൻ ഫെയ്സ് ബുക്ക് കൂട്ടായ്മയുടെ പ്രതിനിധികളായ ഡോ. എസ്.ജി ബിജു, ശ്രീ. നവാസ്, ശ്രീ. ജീനോ ജോർജ്ജ്, ശ്രീ. ജോസ് കുളങ്ങര ചങ്ങനാശ്ശേരി സെൻട്രൽ വൈസ്മെൻസ് ക്ലബ്ബ് പ്രസിഡന്റ് എന്നിവർ പഠനോ പകരണ വിതരണവും സാമ്പത്തിക സഹായ വിതരണവും നടത്തി.

സ്പോൺസേഴ്സ് പ്രതിനിധികൾ ആശംസകൾ അർപ്പിച്ചു. റ്റി.എം. മാത്യു സ്വാഗതവും ട്രീസാ മാത്യു റിപ്പോർട്ടും, ജസ്റ്റിൻ മാത്യു കൃതജ്ഞതയും പറ ഞ്ഞു. വാർഷിക സമ്മേളനത്തിൽ പങ്കെടുത്തവർക്ക് S.H..പാറേൽ /സെന്റ് മാത്യുസ് പ്രൊവിൻഷ്യൽ ഹൗസിൽ നിന്ന് ഉച്ചഭക്ഷണം തന്ന് സഹായിച്ചു. പഠനോപകരണങ്ങളിൽ സാമ്പത്തികസഹായം തന്ന് സഹായിച്ചവരേയും നന്ദി യോടെ ഓർക്കുന്നു.

**ഫാ. ജോർജ്ജ് കപ്പാംമൂട്ടിൽ**
ഡയറക്ടർ

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാതലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ: **0481 2411819 / 9447778093**

# ചാസ്

ബഹു. അച്ചാ/സുഹൃത്തേ,

പുതിയ ഭരണസമിതികൾ യൂണിറ്റുകളിലും മേഖലകളിലും ഉത്തരവാദിത്വമേറ്റെടുത്ത് പദ്ധതികൾ വിഭാവനം ചെയ്ത് മുന്നോട്ടു പോകുകയാണല്ലോ. മെയ് മാസം തന്നെ മിക്കവാറും എല്ലാ മേഖലകളിലും PME നടത്താനും പുതുതായി തെരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികളെ നേരിട്ട് കാണാനും കഴിഞ്ഞു. വളരെ തുറന്ന മനസ്സോടെ ചിന്തകളും, അഭിപ്രായങ്ങളും പങ്കുവയ്ക്കാനുള്ള അവസരമായി മേഖലാ PME കൾ മാറി. ഏറെ താത്പര്യത്തോടെ ചാസിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ സന്നദ്ധരായി മുന്നോട്ടുവന്നിരിക്കുന്ന എല്ലാ ഭാരവാഹികളെയും അനുമോദിക്കുന്നു.

സഭയുടെ സാമൂഹിക പ്രബോധനങ്ങൾക്കും, ചങ്ങനാശ്ശേരി അതിരൂപതയുടെ സാമൂഹിക നിലപാടുകൾക്കും, ചാസിന്റെ വികസന കാഴ്ചപ്പാടുകൾക്കുമനുസൃതമായി യൂണിറ്റ്, മേഖലാ, കേന്ദ്ര തലങ്ങളിൽ പദ്ധതികളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. അതിനായി ഓരോ യൂണിറ്റിലും മാർഗ്ഗരേഖയും, കലണ്ടറും തയാറാക്കുന്നത് അഭികാമ്യമായിരിക്കും. സംഘങ്ങളെയും, ഫാർമേഴ്സ് ക്ലബുകളെയും, മറ്റ് ജനകീയ പ്രസ്ഥാനങ്ങളെയുമുൾപ്പെടുത്തിക്കൊണ്ടുള്ള ഇത്തരത്തിലൊരു പ്ലാനിംഗ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ സഹായകമാകും. ഏവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. ജേക്കബ് കുഴിപ്പള്ളിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2017 മെയ് മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 320. മേരിക്കുട്ടി ജോസഫ് | ഉദയ | പള്ളാത്തുരുത്തി | ആലപ്പുഴ |
| 321. റിറ്റി ബാബു മഠത്തിപറമ്പ് | പൊൻപുലരി | ഇത്തിത്താനം | ചങ്ങനാശ്ശേരി |
| 322. എ. സുകുമാരൻ | ഐശ്വര്യ | വാവോട് | അമ്പൂരി |
| 323. എ.പി. കുര്യാക്കോസ് | കൃപ | പങ്ങട | കോട്ടയം |
| 324. കുസുമോസ് ചെറിയാൻ | കാരുണ്യ | കുറിച്ചി | തുരുത്തി |

**(2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം**

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 86. ജോർജ് എണ്ണത്തറയിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 87. അന്നമ്മ തോമസ് പാലാവൂർ | ആറാട്ടുവഴി | ആലപ്പുഴ |
| 88. അന്നമ്മ ജോർജ് ചിരംവേലിൽ | മുട്ടാർ | എടത്വാ |

| | | |
|---|---|---|
| 89. കുഞ്ഞൂഞ്ഞമ്മ ജോസ് കല്ലൂർകളം | പാറേൽ | ചങ്ങനാശ്ശേരി |
| 90. മിനി സണ്ണി തൂമ്പുന്നയിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 91. തോമസ് എ.വി. എഴുവന്താനം | പായിപ്പാട് | തൃക്കൊടിത്താനം |
| 92. മേരിക്കുട്ടി കണ്ണാത്തുശ്ശേരി | വെരൂർ | ചങ്ങനാശ്ശേരി |
| 93. മേരി തോമസ് തലയിണക്കുഴിയിൽ | അതിരമ്പുഴ | അതിരമ്പുഴ |

**• ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 23. മോളി ഒ.ജെ ഓട്ടകാഞ്ഞിരം | നാൽപ്പാത്തിമല | അതിരമ്പുഴ |
| 24. ലാലി ജോർജ് വടക്കേചാവേലിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 25. മാത്യു ജോസഫ് കാഞ്ഞിരംകാലായിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |

**(3) ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2017 മെയ് മാസം 18 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 34 അപേക്ഷകർക്ക് 38250/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

**കെയർ എ ഫാമിലി പ്ലാൻ**

ചാസ് കെയർ എ ഫാമിലി പ്ലാനിന്റെ ആദ്യഗഡു വിതരണം ചാസ് കോൺഫ്രൻസ് ഹാളിൽ മെയ് 19 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു. പ്രോഗ്രാം ഡയറ്ടർ ശ്രീ. ജോസ് പുതുപ്പള്ളി പദ്ധതി വിശദീകരണം നടത്തി. ചാസ് അസി. ഡയറക്ടർ ഫാ. ലിജോ കുഴിപ്പള്ളിൽ, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം, ആനിമേറ്റർ കുഞ്ഞുമോൾ ടോം എന്നിവർ പ്രസംഗിച്ചു. (16 കുടുംബങ്ങൾക്ക് 10,000/രൂപ വീതം 1,60,000/- രൂപ നൽകി).

## മേഖലവാർത്തകൾ

**മേഖലാ സാമൂഹിക പ്രവർത്തക സംഗമം**

ചാസ് യൂണിറ്റ് ഭാരവാഹികളുടെ മേഖലാസംഗമവും മേഖലാഭാരവാഹികളുടെ തെരഞ്ഞെടുപ്പും വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു. 2017-20 കാലഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ചാസിന്റെ ദർശനവും കാഴ്ച്ചപ്പാടും, സഭയിൽ സാമൂഹിക പ്രവർത്തനത്തിന്റെ പ്രസക്തി, വിവിധ സാമൂഹിക ക്ഷേമ വികസന പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ വിശദീകരിച്ചു. മേഖലാ ഭാരവാഹികളും കോ-ഓർഡിനേറ്റർമാരും മേഖലാ സമ്മേളനത്തിന് നേതൃത്വം നൽകി. മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി.

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| മെയ് 16, 10.30 am | കുറുമ്പനാടം | കുറുമ്പനാടം |
| മെയ് 16, 2.30 pm | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| മെയ് 17, 2.30 pm | കുടമാളൂർ | മുടിയൂർക്കര |
| മെയ് 23, 10.30 am | ചങ്ങനാശ്ശേരി | കത്തീഡ്രൽ |
| മെയ് 26, 10.30 am | അതിരമ്പുഴ | അതിരമ്പുഴ |
| മെയ് 26, 2.30 pm | മണിമല | കരിമ്പനകുളം |

| | | |
|---|---|---|
| മെയ് 29, 2.30 pm | അമ്പൂരി | അമ്പൂരി |
| മെയ് 30, 10.00 am | എടത്വാ | കൊടുപ്പുന്ന |

**മഹിളാസമാജം വാർഷികം**

പങ്ങട യൂണിറ്റിൽ പ്രവർത്തിക്കുന്ന ഐശ്വര്യ മഹിളാസമാജത്തിന്റെ 18–ാമത് വാർഷികം ഏപ്രിൽ 19 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ കൊച്ചുമലയിൽ, കൂരോപ്പട ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ഉമാ ദേവി എന്നിവർ പ്രസംഗിച്ചു.

**മേഖലാ സുവർണ്ണസംഗമം**

അമ്പൂരി മേഖലാ സുവർണ്ണസംഗമം മെയ് 6 ന് അമ്പൂരി ഫൊറോനാ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. ഫൊറോനാ വികാരി വെരി. റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. ഫൊറോനാ സെക്രട്ടറി ശ്രീ. പി. എസ്. നൈനാൻ മുതിയാമല റിപ്പോർട്ട് അവതരിപ്പിച്ചു. വാർഡ് മെമ്പർ ശ്രീമതി ലാലി ജോൺ, ആനിമേറ്റർ സിസ്റ്റർ ആൻസെലിൻ കോടികുളം, ശ്രീമതി എൽസി മാത്യു മറ്റക്കോട്ടിൽ, വാവോട് യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോൺ കുടകുത്തിയിൽ, അമ്പൂരി ഫൊറോനാ പ്രസിഡന്റ് ശ്രീ. ഒ.റ്റി. ജോസ് ഓടലാനി എന്നിവർ പ്രസംഗിച്ചു. മേഖലയിലെ ഏഴ് യൂണിറ്റിൽനിന്നും ഭാരവാഹികളും അഗങ്ങളും പങ്കെടുത്തു. മേഖലാ കോ-ഓർഡിനേറ്റർ നേതൃത്വം നൽകി.

**വാർഡ് ലീഡേഴ്സ് മീറ്റിംഗ്**

അതിരമ്പുഴ യൂണിറ്റിന്റെ നേതൃത്വത്തിൽ പുതിയ സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി മെയ് 7 ന് യൂണിറ്റിലെ വാർഡ് ലീഡേഴ്സിന്റെ യോഗം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിയക്ക് കോട്ടയിൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർ സംഘരൂപീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ് നയിച്ചു. 85 അംഗങ്ങൾ പങ്കെടുത്തു.

**ഫാർമേഴ്സ് ക്ലബ് വാർഷികം**

പങ്ങട യൂണിറ്റിൽ പ്രവർത്തിക്കുന്ന കൈരളി ഹരിതാഫാർമേഴ്സ് ക്ലബിന്റെ വാർഷികം മെയ് 7 ന് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ലിജോ കുഴിപ്പള്ളിൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ കൊച്ചുമലയിൽ അദ്ധ്യക്ഷതവഹിച്ചു. പാമ്പാടി പ്രാഥമികാരോഗ്യ വിഭാഗം ഡയറക്ടർ ഡോ. മനോജ് ജീവിതശൈലി രോഗങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു. കൂരോപ്പട ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ഉമാദേവി ആശംസകൾ നേർന്നു. യൂണിറ്റ് ഭാരവാഹികളും ഫാർമേഴ്സ് ക്ലബ് ഭാരവാഹികളും നേതൃത്വം നൽകി.

**കാർഷിക സെമിനാർ**

കാർഷിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കൂരോപ്പട യൂണിറ്റ്, ഹരിതാ ഫാർമേഴ്സ് ക്ലബ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മെയ് 9 ന് സാന്താമരിയ പബ്ലിക്ക് സ്ക്കൂൾ ആഡിറ്റോറിയത്തിൽ കാർഷിക സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സ്കറിയ സ്രാമ്പിക്കൽ അദ്ധ്യക്ഷതവഹിച്ച സെമിനാർ ചാസ് അസി. ഡയറക്ടർ ഫാ. ലിജോ കുഴിപ്പള്ളിൽ ഉദ്ഘാടനം ചെയ്തു. സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം, യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.എം. ജോസഫ്, സെക്രട്ടറി ശ്രീ. റ്റി.എം. ആന്റണി, കമ്മറ്റി മെമ്പർ ശ്രീ. സിബി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. ജൈവ പച്ച

ക്കറികൃഷിയെക്കുറിച്ച് റിട്ട. പ്രോജക്ട് ഡയറക്ടർ ശ്രീമതി കെ.ജെ. ഗീതയും മൃഗസംരക്ഷണത്തിലെ നൂതന പ്രവണതകളെക്കുറിച്ച് വെറ്റിനറി ഡോക്ടർ കുറിയാക്കോസും ക്ലാസ് നയിച്ചു.

**സ്വാശ്രയസംഘസംഗമം**

**പച്ച-ചെക്കിടിക്കാട്** സോഷ്യൽ സർവ്വീസ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ മെയ് 9 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. 'ജീവിതശൈലിരോഗ'ത്തെക്കുറിച്ച് ആശാകിരണം കോ-ഓർഡിനേറ്റർ ബിന്ദു തോമസ് ക്ലാസ് നയിച്ചു. ഗർഭാശയ കാൻസറിന് കാരണമാകുന്ന സാനിട്ടറി പാഡ് ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശങ്ങളും കോട്ടൻതുണികൊണ്ട് നിർമ്മിച്ച കഴുകി ഉപയോഗിക്കാനാകുന്ന 'ലിവ് ഫ്രീ' സാനിട്ടറി പാഡിന്റെ നേട്ടങ്ങളെക്കുറിച്ചും വിശദീകരിച്ചു. 60 വനിതകൾ ക്ലാസിൽ പങ്കെടുത്തു.

**പള്ളാത്തുരുത്തി** 'ശില്പ' മഹിളാസമാജത്തിന്റെ ആഭിമുഖ്യത്തിൽ യൂണിറ്റിലെ വനിതാസ്വാശ്രയസംഘ സംഗമം മെയ് 16 ന് പാരീഷ് ഹാളിൽ നടത്തി. അഡ്വ. ഡി. സലിംകുമാർ 'സ്ത്രീ സുരക്ഷ' എന്ന വിഷയത്തെ കുറിച്ച് ക്ലാസ് നയിച്ചു. മഹിളാസമാജം പ്രസിഡന്റ് ശ്രീമതി ബിജിമോൾ അദ്ധ്യക്ഷതവഹിച്ചു.

**ട്രസ്റ്റ് വാർഷികം**

പായിപ്പാട് ട്രസ്റ്റിന്റെ വാർഷികം മെയ് 21 ഞായറാഴ്ച രാവിലെ ലൂർദ്ദ് മാതാ പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. മാനേജിങ് ട്രസ്റ്റി റവ. ഫാ. ജോസഫ് ചിറക്കടവിൽ അദ്ധ്യക്ഷതവഹിച്ചു. യോഗത്തിൽ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയൻ, സ്വാശ്രയസംഘം അംഗങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് വാർഷികം**

ഇത്തിത്താനം യൂണിറ്റിന്റെ വാർഷികം മെയ് 21 ന് നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് അസി. ഡയറക്ടർ റവ. ഫാ. ജോസി പൊക്കാവരയത്ത് അദ്ധ്യക്ഷതവഹിച്ചു.

**സ്വാശ്രയസംഘവാർഷികം**

മുടിയൂർക്കര യൂണിറ്റിലെ സെന്റ് ജോസഫ്, സെന്റ് സെബാസ്റ്റ്യൻ എന്നീ പുരുഷ സ്വാശ്രയസംഘങ്ങളുടെ വാർഷികം മെയ് 21 ന് നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് കാരുവേലിൽ ഉദ്ഘാടനം ചെയ്തു.

**മുട്ടകോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു**

പാറേൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മെയ് 24 ന് മുട്ടക്കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട് ഉദ്ഘാടനം നിർവഹിച്ചു.

**'ആശാകിരണം'**

**കാൻസർ ബോധവത്ക്കരണ ക്ലാസ്**

കിടങ്ങറ യൂണിറ്റിൽ മെയ് 6 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കുത്തുകല്ലുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു.

**കിഴക്കേമിത്രക്കരി** യൂണിറ്റിൽ മെയ് 15 ന് 'ജീവിതശൈലിരോഗ'ങ്ങളെകുറിച്ചും 'ലിവ് ഫ്രീ' യുടെ ഉപയോഗത്തെക്കുറിച്ചും ആശാകിരണം കോ-

ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. 55 അംഗങ്ങൾ പങ്കെടുത്തു.

**കത്തീഡ്രൽ** യൂണിറ്റിൽ മെയ് 18 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നിയിച്ചു.

**തൃക്കൊടിത്താനം** ബയാസ് സ്കൂളിൽ കുട്ടികൾക്കായ് മെയ് 17-19 തീയതികളിൽ സംഘടിപ്പ 'ഗ്രീഷ്മോത്സവം' പരിപാടിയിൽ കാൻസർ ബോധവത്ക്കരണത്തെക്കുറിച്ച്, ചാസ് ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു സാബു ക്ലാസ് നയിച്ചു. 138 കുട്ടികൾ പങ്കെടുത്തു.

**പെരുംകാവ്** യൂണിറ്റിൽ മെയ് 23 ന് സ്വാശ്രയസംഘാംഗങ്ങൾക്ക് വെള്ളാവൂർ പഞ്ചായത്ത് പ്രാഥമികാരോഗ്യ വിഭാഗം ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ബിനു കാൻസർ ബോധവത്ക്കരണ ക്ലാസ് നൽകി.

**പരിശീലന പരിപാടികൾ**

**അതിരമ്പുഴ ലിസ്യൂ** യുണിറ്റിൽ നടന്നുവരുന്ന തയ്യൽ പരിശീലകർക്കുവേണ്ടി, മെയ് 5 ന് ബേക്കറി നിർമ്മാണം, സാരി പെയിന്റിംഗ് എന്നിവയിൽ ശ്രീമതി സുനിതാ ജോസഫ് പരിശീലനം നൽകി. 25 അംഗങ്ങൾ പങ്കെടുത്തു.

**താഴത്തുവടകര** യൂണിറ്റിൽ മെയ് 11 ന് ചക്കയിൽനിന്നും മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ (മിക്സ്ചർ, അച്ചാർ, കട്ലേറ്റ്, ചക്കക്കുരു ചമ്മന്തിപ്പൊടി) ഉണ്ടാക്കുന്നതിന് മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി റെജി ജോൺ പരിശീലനം നൽകി.

**പായിപ്പാട്, നാലുകോടി** യൂണിറ്റുകളിൽ മെയ് 18, 23 തീയതികളിൽ ചക്കയിൽനിന്നും മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ (സ്ക്വാഷ്, മിക്സ്ചർ, ജാം, ഉണ്ണിയപ്പം) ഉണ്ടാക്കുന്നതിന് പായിപ്പാട് ശ്രീമതി റെജി ജോണും, നാലുകോടിയിൽ സിസ്റ്റർ ജോളിയും പരിശീലനം നൽകി.

**സംരംഭകത്വ തൊഴിൽ പരിശീലന സെമിനാർ**

മാന്നില യൂണിറ്റിൽ മെയ് 18 ന് ഹോളി ഫാമിലി പാരീഷ് ഹാളിൽ സ്ത്രീകൾക്കായി സംരംഭകത്വ പരിശീലന സെമിനാർ സംഘടിപ്പിച്ചു. ചാസ് ഖാദി ഗ്രാമവ്യവസായവിഭാഗം നടത്തുന്ന വിവിധ പരിശീലന പരിപാടികളെക്കുറിച്ച് ചാസ് അസി. ഡയറക്ടർ റവ. ഫാ. ജോർജ്ജ് മാന്തുരുത്തിൽ ഉദ്ഘാടനം നിർവഹിച്ച് സംസാരിച്ചു. ശ്രീ. ജോജോ കെ.സി. വിവിധ പരിശീലനങ്ങളും കാലയളവും പാലിക്കേണ്ട നിബന്ധനകളും വിശദീകരിച്ചു.

**ചക്കമഹോത്സവം**

ചേപ്പുംപാറ യൂണിറ്റിൽ ഹരിതാ ഫാർമേഴ്സ് JCI യുമായി സഹകരിച്ച് ചക്കയിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഏകദിന പരിശീലനം മെയ് 27 ശനിയാഴ്ച രാവിലെ 10 ന് ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. നിരവധി ചാനലുകളിലും പത്രമാധ്യമങ്ങളിലും പാചകപംക്തി കൈകാര്യം ചെയ്യുന്ന ശ്രീമതി ആൻസി മാത്യു പാലാ, ചക്കയുടെ വിവിധ ഗുണവശങ്ങളെ സംബന്ധിച്ച് സെമിനാർ നയിക്കുകയും 15 ഇനം വിഭവങ്ങൾ പാകം ചെയ്യാൻ പരിശീലിപ്പിക്കുകയും ചെയ്തു. 100 പേർ പരിശീലനത്തിൽ പങ്കെടുത്തു.

# ചാരിറ്റി വേൾഡ് ട്രസ്റ്റ്

*കൈകോർക്കുന്ന കാരുണ്യം*

**ചങ്ങനാശ്ശേരി അതിരൂപത**

## ഭിന്നശേഷിക്കാരുടെ ബാന്റ് ട്രൂപ്പ്

ചാരിറ്റിവേൾഡ് ട്രസ്റ്റിന്റെ ഭിന്നശേഷിക്കാർക്കായുള്ള സംരംഭമായ ജിമ്മിപടനിലം സെന്ററിന്റെ ആഭിമുഖ്യത്തിൽ ബാന്റ് ട്രൂപ്പ് സജ്ജമായിരിക്കുന്നു. ഏപ്രിൽ 27-ാം തീയതി വ്യാഴാഴ്ച 5 മണിക്ക് ചീരഞ്ചിറ ഇടവകയിൽ മാർ. തോമസ് തറയിൽ പിതാവിനെ സ്വീകരിച്ചുകൊണ്ടാണ് പ്രസ്തുത ബാന്റ് ട്രൂപ്പിന്റെ ഉദ്ഘാടനം നടത്തപ്പെട്ടത്. ഭിന്നശേഷിക്കാരായ 20 യുവ സൂനങ്ങളാണ് ബാന്റ് ട്രൂപ്പിലുള്ളത്. ഇവരുടെ കലാപരമായ കഴിവ് ആശ്ചര്യത്തോടെയാണ് തറയിൽ പിതാവും ഇടവകാംഗങ്ങളും നോക്കികണ്ടത്. ബാന്റ് ട്രൂപ്പ്, മെയ് 7-ാം തീയതി വെരൂർ ഇടവകയിൽ പ്രദക്ഷിണത്തിന് കൊഴുപ്പേകി.

## ജെയിംസുകുട്ടിയെയും, ശ്രീകുമാറിനെയും രക്ഷിക്കാൻ 19 ലക്ഷം

2017 ഏപ്രിൽ 30-ാം തീയതി ഞായറാഴ്ച ചമ്പക്കുളം ഗ്രാമത്തിൽ കാരുണ്യത്തിന്റെ ഉൽസവമായി. നിർദ്ധനരായ രണ്ട് വൃക്ക രോഗികളെ രക്ഷിക്കുവാൻ രാവിലെ 9 മുതൽ 2 വരെ ബക്കറ്റുമായി വീടു വീടാന്തരം കയറി ഇറങ്ങിയപ്പോൾ 15 ലക്ഷം ലഭിക്കേണ്ടസ്ഥാനത്ത് 19 ലക്ഷം 13 വാർഡുകളിൽ നിന്ന് ലഭിക്കുകയുണ്ടായി. രണ്ട് വർഷം മുമ്പ് മൂന്ന് രോഗികൾക്കായി ചമ്പക്കുളത്തുനിന്നും 26 ലക്ഷം രൂപ സമാഹരിച്ചിരുന്നു. അവരെല്ലാം ജീവിതത്തിലേക്ക് തിരിച്ചുവന്ന സന്തോഷം പങ്കിട്ടുകൊണ്ടാണ് നാടും നഗരവും ഉണർന്നത്.

## ഭിന്നശേഷിക്കാരുടെ വൊക്കേഷ്ണൽ ട്രെയിനംഗ്-തൊഴിൽ സംരംഭം

ജിമ്മിപടനിലം സെന്ററിൽ ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിൽ ഉള്ള കുട്ടികളുടെ വൊക്കേഷ്ണൽ ട്രെയിനിങ്ങ് വേനൽക്കാല അവധി കഴിഞ്ഞ് ജൂൺ 5-ാം തീയതി പുതിയ അദ്ധ്യായന വർഷം ആരംഭിക്കുന്നതാണ്. കുട്ടികളെ ഇവിടെ എത്തിക്കുവാനുള്ള വാഹനസൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കായി 0481-2727225, 9496375470 ബന്ധപ്പെടുക.

## റെയിൻബോ ക്ലബ്

ഭിന്നശേഷിയുള്ള കുട്ടികളുടെ ഏഴു കുടുംബങ്ങൾ ഒന്നിച്ചുചേർന്നുള്ള സംഗമവേദിയാണ് റെയിൻബോ ക്ലബ്. വടക്കേക്കര-സാബു കല്ലുകളത്തിന്റെ വീട്ടിൽ വച്ച് ക്ലബ് മീറ്റിങ്ങു നടന്നു. 8 കുടുംബങ്ങളിൽ നിന്ന് 12 പേർ പങ്കെടുത്തു.

## ഭിന്നശേഷിക്കാരുടെ സംഗമം

ഭിന്നശേഷിക്കാരുടെ സംഗമം ചാരിറ്റിവേൾഡിൽ വച്ച് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ വച്ച് നടത്തപ്പെട്ടു. 56 കുടുംബങ്ങൾ പങ്കെടുത്തു. ഡോ. ജേർജ്ജ് പടനിലം ക്ലാസ് എടുത്തു. തുടർന്ന് First aid box വിതരണം ചെയ്തു.

ശേഷം പേജ് 76

## അതിരൂപതാ ഡയറക്ടറുടേയും അതിരൂപതാ ഭാരവാഹികളുടെയും യൂണിറ്റ് സന്ദർശം

2017 മെയ് 10-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് അരുവിക്കുഴി ലൂർദ്ദ്മാതാ ഇടവകയിലെ DCMS യൂണിറ്റ് സന്ദർശിച്ചു. യൂണിറ്റിലെ പ്രവർത്തനങ്ങളെക്കുറിച്ചും ഭാവിപ്രവർത്തനപരിപാടികളെക്കുറിച്ചും ചർച്ച നടത്തി. ജൂൺ 4-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ വിദ്യാഭ്യാസ സെമിനാറും പഠനോപകരണ വിതരണം നടത്തുവാനും തീരുമാനിച്ചു.

യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.ഡി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗം ഡയറക്ടർഡ റവ. ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കൽ ആമുഖ പ്രസംഗം നടത്തി. വൈസ് പ്രസിഡന്റ് ശ്രീ. വി.ജെ. ജോൺ, ജോ. സെക്രട്ടറി ജോയി ജോസഫ്, ജെസ്സി ജോൺ എന്നിവർ പ്രസംഗിച്ചു.

## അതിരൂപതാ ഡയറക്ടറും ഭാരവാഹികളും ചേപ്പുംപാറ ഇടവകയിൽ ഭവനസന്ദർശനം നടത്തി.

2017 മെയ് 21-ന് ഉച്ചകഴിഞ്ഞ് 4 മണി മുതൽ മർത്തമറിയം ഇടവകയിലെ ചാവറ കുടുംബകൂട്ടായ്മയിലെ ഭവനങ്ങൾ സന്ദർശിക്കുകയും കുറേ ഭവനത്തിലെ അംഗങ്ങൾ ഒരുമിച്ചുകൂടി ഇടവകയിലെ ദലിത് കത്തോലിക്കാ അംഗങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി. വിപുലമായ യോഗം കൂടുന്നതിന് തീരുമാനിച്ചു.

യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് ശ്രീ. പീറ്റർ ജോൺ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കൽ അവതരണ പ്രസംഗം നടത്തി. വൈസ് പ്രസിഡന്റ് ശ്രീ. വി.ജെ. ജോൺ, ജോ. സെക്രട്ടറി ജോയി ജോസഫ് എന്നിവർ പ്രസംഗിച്ചു.

## വനിതാസെമിനാറും അതിരൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ജൂൺ 11-ന്

DCMS ന്റെ പോഷക ഘടകമായ ദലിത് കത്തോലിക്കാ വനിതാസംഘത്തിന്റെ ഏകദിനസെമിനാർ 2017 ജൂൺ 11-ാം തീയതി രാവിലെ 10 മണി മുതൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. സെമിനാറിൽ പങ്കെടുക്കുന്നതിന് ഓരോ ഇടവകയിൽ നിന്നും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

## DCMS അതിരൂപതാ കമ്മറ്റി ജൂൺ 11-ന്

DCMS അതിരൂപതാ എക്സിക്യൂട്ടീവ് യോഗം 2017 ജൂൺ 11-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് അതിരൂപതാ ഓഫീസിൽ കൂടുന്നതാണ്. വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ പങ്കെടുക്കുന്നതാണ്.

## DCYL അഗാപ്പേ-2017 ത്രിദിന നേതൃത്വ പരിശീലന യുവജനക്യാമ്പ്

ചങ്ങനാശ്ശേരി അതിരൂപത DCMS ന്റെ യുവജന സംഘടനയായ DCYL ന്റെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ ദളിത് കത്തോലിക്ക യുവജനങ്ങൾക്കായി ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് 'അഗാപ്പേ-2017', ളായിക്കാട് മേരി റാണി പബ്ലിക് സ്കൂളിൽ 2017 മെയ് 13,14,15 തീയതികളിൽ നടക്കുകയുണ്ടായി. ക്യാമ്പിന്റെ ഉദ്ഘാടനം മെയ് 13 ശനിയാഴ്ച ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു. DCMS അതിരൂപതാ ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി സമ്മേളനത്തിന് സ്വാഗതം ആശംസിക്കുകയും DCMS പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. മെയ് 15-ാം തീയതി ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ക്യാമ്പ് സന്ദർശിക്കുകയും യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു. വിനോദവും വിജ്ഞാനവും ഒരേപോലെ പകർന്ന് നൽകിയ ക്യാമ്പിൽ വിദ്യാഭ്യാസ, സാമൂഹിക രംഗത്തെ പ്രമുഖർ ക്ലാസ്സുകൾ നയിച്ചു.

## കെ.സി.ബി.സി. ദളിത് കത്തോലിക്കാ വിദ്യാഭ്യാസ സഹായപദ്ധതി

2017 ൽ 10, +2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ച ദലിത് കത്തോലിക്കാ വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസത്തിനുള്ള മുഴുവൻ കോഴ്സ് ഫീസും കെ.സി.ബി.സി. എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷൻ, വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിൽ അടയ്ക്കുന്നതിനുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി പ്രഖ്യാപിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

1. 2017-ൽ 10, +2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചിരിക്കണം
2. ദലിത് കത്തോലിക്കാ വിഭാഗത്തിൽപെട്ട വിദ്യാർത്ഥിയായിരിക്കണം.
3. യോഗ്യരായ കുട്ടികളുടെ അഞ്ച് വർഷത്തെ തുടർപഠനത്തിനുള്ള കോഴ്സ് ഫീസ് പൂർണ്ണമായും ഈ പദ്ധതി വഴി അതാത് സ്ഥാപനങ്ങളിൽ അടയ്ക്കുന്നതാണ്.
4. കോഴ്സ് ഫീസ് മാത്രമായിരിക്കും ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. കാപ്പിറ്റേഷൻ ഫീസ്, ഡൊണേഷൻ, ഹോസ്റ്റൽ ഫീസ്, ഉൾപ്പെടെയുള്ള മറ്റു ചെലവുകളൊന്നും ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.
5. കോഴ്സ് ഫീസ് കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിൽ നേരിട്ട് അടയ്ക്കുന്നതിനുള്ള ക്രമീകരണമായിരിക്കും ഉണ്ടായിരിക്കുന്നത്.
6. അർഹരായ വിദ്യാർത്ഥികൾ അതാത് രൂപതകളിലെ ദലിത് വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന ഡയറക്ടറുടെ പക്കൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ നൽകണം.
7. അപേക്ഷിക്കുന്ന കുട്ടിയുടെ കുടുംബത്തിന്റെ വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ കൂടാൻ പാടില്ല. മൂന്ന് ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നില്ല.

8. വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം ഇടവക വികാരിയച്ചന്റെ ശുപാർശക്കത്തും ഹാജരാക്കേണ്ടതാണ്.

9. രൂപതാ ഡയറക്ടറോ/DCMS സംഘടനയോ/ മറ്റ് രൂപത ദലിത് സംഘടനകളുടെ ഭാരവാഹികളോ രൂപതയിൽ ലഭിക്കുന്ന അപേക്ഷകൾ ജൂൺ 15-ാം തീയതിക്ക് മുമ്പായി കെ.സി.ബി.സി./എസ്.സി./എസ്.റ്റി/ ബി.സി. കമ്മീഷൻ ഓഫീസിൽ എത്തിച്ചുതരേണ്ടതാണ്.

10. കോഴ്സ് ഫീസ് മറ്റ് ഏതെങ്കിലും സ്കീം വഴി ലഭിക്കുന്ന കുട്ടിയാണെങ്കിൽ ആ തുക കിഴിച്ചുള്ള തുക മാത്രമെ കമ്മീഷൻ സ്ഥാപനത്തിൽ അടയ്ക്കൂ.

12. കേന്ദ്രസംസ്ഥാന ഗവൺമെന്റിന്റെയും അംഗീകൃത സർവ്വകലാശാലകളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലും മാത്രം ചേരുന്ന കുട്ടികൾക്കു മാത്രമെ ഈ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കൂ.

12. അതാതു രൂപതാകേന്ദ്രങ്ങളിൽ ദളിത് വിഭാഗങ്ങളുടെ ചുമതലയുള്ള ഡയറക്ടർ യോഗ്യരായ കുട്ടികളുടെ ബന്ധപ്പെട്ട വിവരങ്ങൾ പി.ഒ.സി.യിലുള്ള എസ്.സി./എസ്.റ്റി/ബി.സി. കമ്മീഷൻ ഓഫീസിൽ എത്തിച്ചു തരേണ്ടതാണ്. ജൂൺ 15-ാം തീയതിക്കു മുമ്പ് യോഗ്യരായ കുട്ടികളുടെ വിവരങ്ങൾ പി.ഒ.സി. ഓഫീസിൽ ലഭിച്ചിരിക്കണം. ലഭിച്ച കുട്ടികളുടെ യോഗ്യത പരിശോധിച്ച് അർഹരായിരിക്കുന്നവർ എന്ന് കണ്ടെത്തുന്ന കുട്ടികൾക്കായിരിക്കും ഈ സ്കോളർഷിപ്പ് ലഭിക്കുക. ലഭിച്ച അപേക്ഷകളിൽ എന്തെങ്കിലും രേഖകൾ ഇല്ലാതെയോ/ വ്യക്തമല്ലാത്തതോ ആണെങ്കിൽ ജൂൺ 30 വരെ കുറവുകൾ പരിഹരിക്കാൻ അവസരം ഉണ്ടായിരിക്കും.

**KCBC/SC/ST/BC കമ്മീഷൻ ഭവനനിർമ്മാണ പദ്ധതി**

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിലുള്ള എസ്.സി./എസ്.റ്റി/ ബി.സി. കമ്മീഷൻ കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിലും ഉള്ള ദരിദ്രരായ ഭവനരഹിതരായ ദലിത്കത്തോലിക്കർക്കായുള്ള ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഈ ഭവനനിർമ്മാണ പദ്ധതിപ്രകാരം ഒരു രൂപതയിൽ നിന്നും രൂപതാദ്ധ്യക്ഷന്റെ സാക്ഷ്യപ്പോടെ കമ്മീഷൻ ഓഫീസിൽ ലഭിക്കുന്ന ലിസ്റ്റിലെ ആദ്യ 10 കുടുംബങ്ങളെയായിരിക്കും തെരഞ്ഞെടുക്കുന്നത്. അതുകൊണ്ട് ലിസ്റ്റ് തയ്യാറാക്കുമ്പോൾ മുൻഗണനാ രീതി അവലംബിക്കണം.

2. ഒരു രൂപതയിൽ നിന്നും 10 വീടുകൾക്കുള്ള അപേക്ഷകൾ മാത്രമെ പരിഗണിക്കൂ.

3. ഭവനരഹിതരായവർക്കോ/നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തവർക്കോ പുതിയതായി പണിയുന്നതിനും, പുതുക്കിപണിയുന്നതിനും അവസരമുണ്ട്. എന്നാൽ നിലവിൽ സാമാന്യം തൃപ്തികരമായ വാസയോഗ്യമായ ഭവനങ്ങൾ ഉള്ളവർക്ക് കൂട്ടിച്ചേർത്ത് പണിയുന്നതിന് ഈ പദ്ധതി ഉദ്ദേശിക്കുന്നില്ല. ഭവനരഹിതരുടെ കാര്യം പരിഗണിച്ചിട്ട് മാത്രമെ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാവൂ. ഇക്കാര്യം

ദളിത് വിഭാഗചുമതല വഹിക്കുന്ന രൂപതാ ഡയറക്ടറും, ഇടവക വികാരിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. രൂപതകളിൽ നിന്നുള്ള ലിസ്റ്റ് ജൂൺ മാസം 30-ാം തീയതിക്കുള്ളിൽ എസ്.സി./എസ്.റ്റി/ബി.സി. കെ.സി.ബി.സി. കമ്മീഷന്റെ കൊച്ചി പാലാരിവട്ടത്തുള്ള ഓഫീസിൽ എത്തിച്ചുതരേണ്ടതാണ്.

5. ജൂലായ് മാസം 15-ാം തീയതിക്ക് മുമ്പ് കെ.സി.ബി.സി. കമ്മീഷൻ ലിസ്റ്റുകൾ പരിശോധിച്ച് ന്യൂനതകൾ പരിഹരിച്ച് അംഗീകരിക്കുന്നതാണ്.

6. 2017 ജൂലായ് മാസം മുതൽ പണികൾ ആരംഭിക്കാവുന്നതാണ്. ആദ്യഘട്ടം (നിർമ്മാണത്തിന്റെ മൂന്നിലൊന്ന്) പൂർത്തിയായാൽ ഭവനനിർമ്മാണത്തിന് സഹായിക്കുന്നവരിൽ നിന്നുള്ള സഹായതുക ലഭിക്കുന്നതാണ്.

7. ടി തുക രൂപതയിലെ ദലിത് വിഭാഗ ചുമതലയുള്ള ഡയറക്ടർ വഴിയോ/ ഇടവക വികാരി വഴിയോ സഹകരിക്കുന്നവരിൽ നിന്നും വാങ്ങാവുന്നതും ഭവനനിർമ്മാണത്തിന് ഉപയോഗിക്കേണ്ടതുമാണ്. കെ.സി.ബി.സി. കമ്മീഷൻ ഭവനങ്ങളുടെ ലിസ്റ്റ് സഹായിക്കുന്നവരെ ഏല്പിക്കുക മാത്രമെ ചെയ്യൂ. യാതൊരുവിധ പണം കൈമാറ്റങ്ങളും നടത്തുന്നതല്ല.

8. 2018 ഡിസംബറിന് മുൻപ് പണി പൂർത്തിയാക്കേണ്ടതാണ്. ദലിത് വിഭാഗ ചുമതലയുള്ള ഡയറക്ടർ ഭവനം നിർമ്മിക്കുന്ന ഇടവകകളിലെ വികാരമാരെ സമീപിച്ച് ഇടവകയിലെ ജനങ്ങളുടെയും സംഘടനകളുടെയും സഹായം സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ ഉത്സാഹിക്കണം. DCMS സംഘടനയും/ഇടവകയിലെയോ, രൂപതയിലെയോ ദലിത് സഹോദരങ്ങളും പൊതുപണികളിലെല്ലാം സഹകരിച്ച് ഭവന നിർമ്മാണ പദ്ധതി പൂർത്തികരികകുവാൻ സഹകരിക്കണം.

9. കെ.സി.ബി.സി. എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷൻ സമീപിച്ചിരിക്കുന്നവരിൽ നിന്നും ഒരു ഭവനത്തിന് ഒന്നേമുക്കാൽ ലക്ഷം രൂപാ ലഭിക്കുന്നതാണ്. ഓരോ രൂപതയിലെയും ദളിത് വിഭാഗങ്ങളുടെ ചുമതല വഹിക്കുന്ന ഡയറക്ടറായിരിക്കും ബന്ധപ്പെട്ട സഹായം നൽകുന്നവരിൽ നിന്നും ഈ തുക സ്വീകരിച്ച് തുക കൈപ്പറ്റിയതിനുള്ള രേഖകൾ അവർക്ക് നൽകേണ്ടത്.

10. 2018 ജനുവരി 30-ന് മുമ്പ് നിർദ്ദേശിക്കപ്പെട്ട ഭവനങ്ങൾ ഒന്നാംഘട്ടം പണി പൂർത്തിയാക്കിയില്ലെങ്കിൽ സഹായിക്കുന്നവർ പ്രസ്തുത ഭവനത്തിന്റെ നിർമ്മാണ ഉത്തരവാദിത്വത്തിൽ നിന്നും ധാരണപ്രകാരം ഒഴിവാകുന്നതാണ്. അതായത് 2018 ജനുവരി 30-ന് മുമ്പ് ഒന്നാംഘട്ടം ഭവനനിർമ്മാണം പൂർത്തിയാക്കിയാൽ മാത്രമെ ഒന്നേമുക്കാൽ ലക്ഷം രൂപാ നൽകുവാൻ ബന്ധപ്പെട്ടവർക്ക് ബാധ്യതയുള്ളൂ.

11. സഹായിക്കുന്നവർ നൽകുന്ന ഒന്നേമുക്കാൽ ലക്ഷം രൂപ ബാങ്കു ചെക്കു വഴിയായിരിക്കും നൽകുന്നത്. മൊത്തമായോ തവണകളായോ ടി തുക നൽകാനുള്ള സ്വാതന്ത്ര്യം തുക നൽകുന്നവർക്കായിരിക്കും.

12. 60 sq.ft. ൽ കുറയാത്ത അത്യാവശ്യ സൗകര്യങ്ങളുള്ള ഒരു ഭവനത്തിന് നിർമ്മാണതുക നാല് ലക്ഷം രൂപ വരുന്നതാണ്. സഹായമായി കെ.സി. ബി.സി. കമ്മീഷൻ നിർദ്ദേശിക്കുന്നവരിൽനിന്നും ഒന്നേമുക്കാൽ ലക്ഷം രൂപ മാത്രമെ ലഭിക്കൂ. ബാക്കു തുക രൂപതയോ/ഇടവകയോ/സംഘടനകളോ ചേർന്ന് കണ്ടെത്തേണ്ടതാണ്. നിർമ്മാണ ചെലവ് കുറയ്ക്കുവാൻ ഇടവക വികാരിയുടെ സഹായത്തോടെ പൊതുപണി രീതി അവലംബിക്കേണ്ടതാണ്.

13 കൂടുതൽ sq.ft. ആവശ്യമെങ്കിൽ ദലിത് വിഭാഗം രൂപതാ ഡയറക്ടർക്കോ/ ഇടവക വികാരിക്കോ ഭേദഗതി ചെയ്യാവുന്നതാണ്. കമ്മീഷനെ സഹായിക്കുന്നവരിൽ നിന്നും കുടൂതൽ തുക ലഭിക്കില്ല.

14. വീട് പണിയുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ്, അനുമതി മുതലായ ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കേണ്ടത് വീട് ആർക്കുവേണ്ടി പണിയുന്നുവോ ആ വ്യക്തിയോ/കുടുംബമോ/രൂപതാ, ഇടവക തലത്തിൽ ചുമതല വഹിക്കുന്നവരോ ആയിരിക്കണം. കമ്മീഷൻ നിർദ്ദേശിക്കുന്ന സഹായം നൽകുന്നവർക്ക് ടി കാര്യങ്ങളിൽ ഉത്തരവാദിത്വം ഉണ്ടായിരിക്കുകയില്ല.

അതിരൂപത കമ്മറ്റിക്കുവേണ്ടി,

**റ്റോമി മംഗലത്ത്** (ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി** (ഡയറക്ടർ DCMS)

---

*ചാരിറ്റിവേൾഡ് പേജ് 71-ൽ നിന്ന് തുടർച്ച....*

## ആരോഗ്യരക്ഷ മൊബൈൽ ലാബ്

രോഗമില്ലാത്ത തലമുറ എന്നതിലുപരിയായി രോഗ നിയന്ത്രിത തലമുറയെന്ന ലക്ഷ്യത്തോടെ ഇടവകകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടത്തപ്പെടുന്ന ആരോഗ്യരക്ഷ മെയ് 4-ാം തീയതി പാല, ഉഴവൂർ INE SME നേഴ്സിംഗ് കോളേജിൽ നടത്തപ്പെട്ടു. 136 പേരാണ് ഈ ക്യാമ്പിൽ പങ്കെടുത്തത്.

## കാരുണ്യസ്പർശം

രോഗം മൂലം കുടുംബങ്ങൾ ഇല്ലാതാകുന്ന അവസ്ഥ കാരുണ്യമുള്ള മനുഷ്യർക്ക് നോക്കി നിൽക്കുവാൻ സാധിക്കുകയില്ല. ഈ അവസ്ഥയിൽ രോഗികൾക്ക് ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 25 ക്യാൻസർ രോഗികൾക്കും 25 കിടപ്പുരോഗികൾക്കും പ്രതിമാസം 1000 രൂപ വീതം മെയ് മാസം 50000 രൂപ വിതരണം ചെയ്തു.

## ബ്രയിൻ ഡവലപ്പ്മെന്റ് സെന്റർ-പ്രവർത്തനം

Brain Based Education പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പ്രശ്നങ്ങൾ വിലയിരുത്തി തക്കതായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി പരിശീലനം നൽകുകയാണ് ബ്രയിൻ ബെയ്സ്ഡ് എജ്യൂക്കേഷൻ വഴി ഉദ്ദേശിക്കുന്നത്. ജൂൺ 10-ാം തീയതി 9.30 മുതൽ ക്ലാസ് ആരംഭിക്കും. 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കാണ് പഠന പരിശീലനം നൽകുന്നത്.

# കത്തോലിക്കാ കോൺഗ്രസ്

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രസിഡന്റായി ശ്രീ. ഇ.കെ. ടോമി ഇളംതോട്ടത്തെയും, ജനറൽ സെക്രട്ടറിയായി ശ്രീ. ജാൻസൻ ജോസഫ് പുതുപ്പറമ്പിലിനെയും, അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ നിയമിച്ചു.

## അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

അതിരൂപതാ പ്രസിഡന്റ് ശ്രീ. ടോമി ഇളംതോട്ടത്തിന്റെ അദ്ധ്യക്ഷതയിൽ 25-04-2017, 3 പി.എം. ന് കത്തീഡ്രൽ പള്ളിയിൽ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയുണ്ടായി. അതിരൂപതാ ഡയറക്ടർ റവ. ഫാ. സോണി കരുവേലിൽ അനുഗ്രഹപ്രഭാഷണം നടത്തിയ മീറ്റിംഗിൽ അതിരൂപതാ സെക്രട്ടറി ശ്രീ. എബ്രഹാം ജോസഫ് മണമേൽ സ്വാഗതവും, എക്സിക്യൂട്ടീവ് അംഗം ശ്രീ. പി.സി. കുഞ്ഞപ്പൻ നന്ദിയും രേഖപ്പെടുത്തി. ഏപ്രിൽ 28-ാം തീയതി നടക്കുന്ന കത്തോലിക്കാ കോൺഗ്രസ് ശതാബ്ദി ഉദ്ഘാടനത്തിലും, ഛായാചിത്ര പ്രയാണങ്ങളിലും സജീവമായി പങ്കെടുത്ത് വിജയിപ്പിക്കുവാൻ മീറ്റിംഗിൽ തീരുമാനിച്ചു. അതിനായി വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. കൂടാതെ വരാനിരിക്കുന്ന അംഗത്വ സ്വീകരണ ക്യാമ്പെയ്ൻ വിജയകരമായി ക്രമീകരിക്കുവാനും യോഗത്തിൽ തീരുമാനിച്ചു.

## കേന്ദ്രതല ശതാബ്ദി ഉദ്ഘാടനം

28-04-2017 വെള്ളിയാഴ്ച കത്തോലിക്കാ കോൺഗ്രസിന്റെ ശതാബ്ദി ഉദ്ഘാടനം, ചങ്ങനാശ്ശേരി-കോട്ടയം അതിരൂപതകളുടെ സംയുക്ത ആതിഥേയത്വത്തിൽ കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നിർവഹിച്ചു. ഉദ്ഘാടനത്തിനു മുന്നോടിയായി ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നും ഛായാചിത്ര, പതാകാ പ്രയാണങ്ങൾ ക്രമീകരിച്ചു. കത്തോലിക്ക കോൺഗ്രസിന് ആരംഭംകുറിച്ച മാന്നാനത്തുനിന്നും ആധുനിക കേരളത്തിന്റെ പ്രഥമ നവോത്ഥാന നായകനായ വിശുദ്ധ ചാവറ പിതാവിന്റെയും, എടത്വായിൽനിന്ന്, മാർത്തോമ്മാ നസ്രാണി സഭയിലെ അൽമായ ദൈവദാസനായ ഭാരത അസ്സീസ്സി പുത്തൻപറമ്പിൽ തൊമ്മച്ചന്റെയും ഛായാചിത്രപ്രയാണങ്ങൾ ഭക്ത്യാദരപൂർവ്വം വർണശബളമായ ഘോഷയാത്രയുടെയും ബൈക്ക് റാലിയുടെയും അകമ്പടിയോടെ സമ്മേളന നഗരയിലെത്തിക്കുകയുണ്ടായി. മാന്നാനത്തുനിന്നുള്ള പ്രയാണങ്ങൾക്കു നേതൃത്വം വഹിച്ച അതിരൂപതാ സെക്രട്ടറി ശ്രീ. ജോയി പാറപ്പുറത്തിനും, എടത്വായിൽ നിന്നുള്ള പ്രയാണത്തിന് നേതൃത്വം നൽകിയ ശ്രീ. വർഗ്ഗീസ് മാത്യു നെല്ലിക്കനും അതിരൂപതാ സമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും.

സമ്മേളന ദിവസം രാവിലെ 11.00 മണിക്ക് ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം പതാക ഉയർത്തി ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ഉച്ചകഴിഞ്ഞുള്ള പ്രതിനിധി സമ്മേളനത്തിൽ വിവിധ രൂപതാദ്ധ്യക്ഷന്മാർ പങ്കെടുക്കുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. പ്രസ്തുത ചടങ്ങുകളിലെല്ലാം ചങ്ങനാശ്ശേരി അതിരൂപതയുടെ സജീവമായ പങ്കാളിത്തം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. അന്നേദിവസം പരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും അതിരൂപതാ എക്സിക്യൂട്ടീവിന്റെ നന്ദി അറിയിക്കുന്നു. പ്രത്യേകമായി കോട്ടയം, കുടമാളൂർ അതിരമ്പുഴ ഫൊറോനാ പ്രസിഡന്റുമാരായ ശ്രീ. കെ.വി. മാത്യു, ശ്രീ. സാബു മാത്യു, ശ്രീ. കെ.എം. ചാക്കോ

എന്നിവർക്കും, മറ്റു ഭാരവാഹികളായ ശ്രീ. പയസ് പൊട്ടൻകുളം, അഡ്വ. സിബി വെട്ടൂർ, ശ്രീ. ജോയ് വരാപ്പള്ളിൽ എന്നിവർക്കും അതിരൂപതാ സമിതിയുടെ നന്ദിയും ആശംസകളും രേഖപ്പെടുത്തുന്നു.

## ആദരാഞ്ജലികൾ

AKCC അമ്പൂരി ഫൊറോനാ സെക്രട്ടറി ആയിരുന്ന ശ്രീ. കുമാരപുരം ജെ. വർഗ്ഗീസിനെയും, എ.കെ.സി.സി. വിദ്യാഭ്യാസ വേദിയുടെ ചെയർമാനായിരുന്ന അഡ്വ. ടോമി കണയംപ്ലാവന്റെയും അകാല വിയോഗത്തിൽ എ.കെ.സി.സി. കുടുംബം മുഴുവൻ അഗാധമായി ദുഃഖിക്കുകയും, അവരുടെ ബന്ധുക്കളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു. പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അവർ നൽകിയ സംഭാവനകളെ നന്ദിയോടെ ഓർക്കുകയും അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ശാഖാ-ഫൊറോനാ തെരഞ്ഞെടുപ്പ്

ശാഖാ-ഫൊറോനാ തെരഞ്ഞെടുപ്പ് ജൂൺ 30-ന് മുൻപ് പൂർത്തിയാക്കേണ്ടതുണ്ട്. വിശദവിവരങ്ങൾ ഫൊറോനാ പ്രസിഡന്റുമാർ, അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളിലൂടെയും ശാഖകളിൽ അറിയിക്കുന്നതാണ്. കൂടാതെ എല്ലാ വികാരിയച്ചന്മാരെയും വിശദാംശങ്ങൾ അറിയിക്കുന്നതാണ്.

**റവ. ഫാ. ഫ്രാൻസിസ് കരുവേലിൽ** (ഡയറക്ടർ)
**ശ്രീ. ടോമി ഇളംതോട്ടം** (പ്രസിഡന്റ്)
**ശ്രീ. ജാൻസൻ ജോസഫ് പുതുപ്പറമ്പിൽ** (ജന. സെക്രട്ടറി)
**ശ്രീ. ബാബു വള്ളപ്പുര** (ട്രഷറർ)


## ഗിരിധ്യാനം യാമപ്രാർത്ഥനയിൽ

***ഉടൻ പ്രസിദ്ധീകരിക്കുന്നു (ജൂലൈ 3)***

1/4 Crown
412 Pages

**വില Rs.600.00**

**വിശുദ്ധ കുർബാനയോടു ചേർന്നുപോകുന്ന, യാമപ്രാർത്ഥനകളെ കേന്ദ്രീകരിച്ച, ബഹുമാനപ്പെട്ട ഏലിയാച്ചൻ വടക്കേത്ത് സി. എം. ഐ തയ്യാറാക്കിയ 370 ധ്യാനങ്ങളടങ്ങിയ അമൂല്യഗ്രന്ഥം. ലളിതമായ ഭാഷയിൽ ജീവിതബന്ധിയായ പ്രായോഗികനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥത്തിന്റെ സൗജന്യനിരക്കി ലുള്ള കോപ്പികൾക്കും കൂടുതൽ വിവരങ്ങൾക്കും:**

**ബേസ് തോമാ ദയറാ, പാലമറ്റം**
**ഫോൺ:** 9744142231, 9497231179
bet.toma.plm.sst@gmail.com

**Denha Services-Manager**
**ഫോൺ:** 9495324726

# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

"നിങ്ങളുടെ പ്രസ്ഥാനത്തിന്റെ ആരംഭം, തിരുസഭയിലും, അവൾക്കുവേണ്ടിയും പരിശുദ്ധാത്മാവ് ലക്ഷ്യമാക്കിയ കൃപയുടെ ഒരു പ്രസരണമാണ്. കൃപയുടെ ഈ പ്രസരണം തന്നെ ആണ് നിങ്ങളുടെ മുഖമുദ്രയും" –ഫ്രാൻസിസ് മാർപ്പാപ്പ

**സബ്സോണൽ സേവന സമിതികളുടെ പുനഃസംഘടന**

കുന്നന്താനം, നെടുങ്കുന്നം, മണിമല, കുറുമ്പനാടം, ചെത്തിപ്പുഴ എന്നീ സബ്സോണുകളുടെ പുനഃസംഘടന പൂർത്തിയായി. യഥാക്രമം, സണ്ണി ഏലംകുന്നത്ത്, ലാലിച്ചൻ നെല്ലിക്കൽ, ടോമിച്ചൻ പുല്ലങ്കാവ്, ടോമിച്ചൻ കളത്തിൽ വീട്, ജോയി ജോസ് അഞ്ചനാട്ട് എന്നിവരുടെ നേതൃത്വത്തിൽ ഒൻപതംഗ സേവന സമിതി മേൽപറഞ്ഞ അഞ്ചു സബ്സോണുകളിലും തെരഞ്ഞെടുക്കപ്പെട്ടു.

കുട്ടനാട് സബ്സോണിന്റെ പുനഃസംഘടന, പൊങ്ങ, മാർ സ്ലീവാ പള്ളിയിൽ വച്ച് ഈ മാസം 27-ാം തീയതി വൈകുന്നേരം അഞ്ച് മണിക്ക് നടക്കും.

**കരിസ്മാറ്റിക് ജൂബിലി കൺവൻഷനുകൾ**

സെന്റ് സെബാസ്റ്റ്യൻ ഇടവക ചാഞ്ഞോടി (ഏപ്രിൽ 30); മൈലാടി വിൻസൻഷ്യൻ ആശ്രമം (മെയ് 2); മാർ ശ്ലീവാ പള്ളി, പൊങ്ങ (മെയ് 5); സെന്റ് ജോസഫ്സ് ഇടവക, ചേന്നങ്കരി (മെയ് 11); സെന്റ് ജോസഫ് ഇടവക വെരൂർ (മെയ് 12); സെന്റ് ജോൺസ് ഇടവക മങ്കൊമ്പ്, തെക്കേക്കര (മെയ് 24); സെന്റ് ആന്റണീസ് ഫൊറോന ഇടവക കുറുമ്പനാടം (മെയ് 26) എന്നിവിടങ്ങളിൽ ജൂബിലി കൺവൻഷനുകൾ നടന്നു കഴിഞ്ഞു.

**ഫാത്തിമാ മാതാവിന്റെ പ്രത്യക്ഷീകരണത്തിന്റെ ശതാബ്ദി**

ഫാത്തിമാ മാതാവിന്റെ പ്രത്യക്ഷീകരണത്തിന്റെ ജൂബിലി വർഷാചരണം കേരള സഭയിൽ സമുചിതം ആഘോഷിക്കാനുള്ള ഉത്തരവാദിത്തം കെസിബിസി, കരിസ്മാറ്റിക് മുന്നേറ്റത്തിന് നൽകിയിരിക്കുന്നു എന്ന സന്തോഷ വർത്തമാനം അറിയിക്കുന്നു. ഫാത്തിമാ മാതാവിന്റെ തിരുസ്വരൂപം വഹിച്ച് കൊണ്ടുള്ള പ്രയാണം സെപ്റ്റംബർ 30, ഒക്ടോബർ 1, 2 തീയതികളിൽ ചങ്ങനാശേരിയിലെ വിവിധ ദൈവാലയങ്ങളിൽ (പ്രത്യേകിച്ചും ഫാത്തിമാ മാതാവിന്റെ നാമധേയത്തിലുള്ള) സന്ദർശനം നടത്തുന്നു.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കൂടിയാലോചനകൾക്കായി, താൽപര്യമുള്ളവർ ബഹു. ഫാ. മാത്യു താന്നിയത്തുമായി ബന്ധപ്പെടണമെന്ന് അറിയിക്കുന്നു.

**പന്തക്കുസ്താ ദിനാചരണം**

പന്തക്കുസ്താ ദിനത്തിനുള്ള ഒരുക്കമായി എല്ലാവരും പരിശുദ്ധാത്മാവിനോടുള്ള നൊവേന ചൊല്ലി ഒരുങ്ങുന്നു. ജൂൺ 3-ാം തീയതി വൈകുന്നേരം 9.00ന് കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നിശാരാധന, വചനശുശ്രൂഷ അഭിഷേകശുശ്രൂഷ എന്നിവ ഉണ്ടായിരിക്കും.

**ജയിംസ് നടുവിലേപ്പറമ്പിൽ**
(കോ-ഓർഡിനേറ്റർ)

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നമ്മുടെ 63-ാമത് വാർഷികസമ്മേളനം 2017 മെയ് മാസം 14-ന് സമുചിതമായി ആഘോഷിച്ചുവല്ലോ. വാർഷികസമ്മേളനത്തിന്റെ അർത്ഥവും, ആവശ്യകതയും മനസ്സിലാക്കി സ്നേഹത്തോടും, സാഹോദര്യമനോഭാവത്തോടുംകൂടി ആദ്യാവസാനം വരെ പങ്കുചേർന്ന ഓരോ പ്രവർത്തകാംഗങ്ങളേയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. ഇവിടെ നമ്മുടെ വാർഷിക റിപ്പോർട്ടിന്റെ തുടക്കത്തിൽ കുറിച്ച ആ വാചകം ഒരിക്കൽ കൂടി ആവർത്തിക്കുകയാണ്. "എന്റെ ഏറ്റവും ചെറിയ സഹോദരരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്." എന്നതിരുവചനഭാഗം അതിരൂപതയിലെ മുഴുവൻ വിൻസെൻഷ്യൻ പ്രവർത്തകരും ആത്മാർത്ഥത നിറഞ്ഞ അർപ്പണബോധത്തോടെയും, പാവങ്ങളോടുള്ള കാരുണ്യംനിറഞ്ഞ മനസ്സോടും, സമയത്തിന്റെയും സമ്പത്തിന്റെയും ഓഹരി സന്തോഷപൂർവ്വം നല്കുവാൻ തയ്യാറായി എന്നാണ് വാർഷിക അവലോകനത്തിലൂടെ തെളിഞ്ഞത്. അവശരും, ആലംഭഹീനരുമായ അനേകർക്ക് ആശ്വാസത്തിന്റെ തണുപ്പേകുവാൻ സാധിച്ചുവെന്നുള്ളത് കഴിഞ്ഞവർഷത്തെ  പ്രവർത്തനത്തിന്റെ മധുരസ്മരണകൾക്ക് മികവേകുന്നു.

വിൻസെൻഷ്യൻ പ്രവർത്തനം ഒരു സ്നേഹശുശ്രൂഷയാണ്. നമ്മുടെ പ്രവർത്തനങ്ങളിൽ പാവങ്ങളോടുള്ള കാരുണ്യവും കരുതലുമാണ് മുന്നിട്ടുനില്ക്കേണ്ടത്. ഇവിടെ പ്രാർത്ഥനയുടെ ആവശ്യകതയെക്കുറിച്ചും കൂടുതൽ ചിന്തിക്കേണ്ടിയിരിക്കുന്നു. വി. വിൻസെന്റ് ഡി പോളിന്റെ നീതിവാക്യത്തിലേയ്ക്ക് കടന്നുചെല്ലുമ്പോൾ "ഒരു പ്രാർത്ഥനയുടെ മനുഷ്യനെ എനിക്കു തരിക, ഏതൊരു കാര്യവും സഫലമാക്കുവാൻ അയാൾ പ്രാപ്തനായിരിക്കും" എന്നു പ്രതിപാദിക്കുന്നത് ഏറെ ശ്രദ്ധേയമാണ്. ഇവിടെ നാം യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായത്തിലേയ്ക്ക് കടന്നുചെല്ലേണ്ടിയിരിക്കുന്നു. അവിടെ ഈശോനാഥൻ സ്വർഗ്ഗത്തിലേയ്ക്കു കണ്ണുകളുയർത്തി, തനിയ്ക്കുവേണ്ടിയും, ശിഷ്യന്മാർക്കുവേണ്ടിയും, വിശ്വസിക്കുന്ന ലോകസമൂഹത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്നതായി കാണാം. ഇതിലൂടെ സ്നേഹത്തിന്റെ പാത നമുക്കു നല്കുകകൂടി ചെയ്യുന്നു.

നമുക്ക് ഒരിക്കൽകൂടി വി. വിൻസെന്റ് ഡി പോളിന്റെ നീതി വാക്യത്തിലേക്കു കടക്കാം. "ഓ യേശുവേ, ദാരിദ്ര്യത്തിന്റെ ഒരു ജീവിതം നയിക്കുന്നതിനും, ഏറ്റം അപമാനകരമായ മരണം കൈവരിക്കുന്നതിനും അങ്ങയെ പ്രേരിപ്പിച്ച സ്നേഹം എത്ര സമൃദ്ധമാണ്. ആ സ്നേഹത്തിന്റെ ഒരു കണികയെങ്കിലും ഞങ്ങൾക്കുണ്ടായിരുന്നുവെങ്കിൽ വെറുതെ കൈകെട്ടിയിരിക്കുവാനും, ഞങ്ങൾ സഹായിക്കേണ്ടവരെ അവഗണിക്കുവാനും ഞങ്ങൾക്ക് കഴിയുമായിരുന്നുവോ"? വീണ്ടും "ദൈവം പാവങ്ങളെ സ്നേഹിക്കുന്നു. തന്മൂലം പാവങ്ങളോടു സ്നേഹമുള്ളവരെ അവിടുന്ന് സ്നേഹിക്കുന്നു. എന്തെന്നാൽ നാം ആരെയെങ്കിലും

അത്യധികം സ്നേഹിക്കുമ്പോൾ അയാളുടെ സ്നേഹിതരെയും ദാസരേയും കൂടി സ്നേഹിക്കുന്നു.”

## വിദ്യാഭ്യാസ സഹായം

ജൂൺമാസം നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട സമയമാണ്. വിദ്യാഭ്യസ സഹായത്തിന് ഊന്നൽ നല്കുക എന്നതാണ് പരമപ്രധാനം. അവശരും ആലംഭഹീനരുമായ മാതാപിതാക്കളുടെ കുട്ടികളെ കണ്ടുപിടിച്ച് നിർലോഭമായ സഹായം നല്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ കുട്ടികളെ ആവുന്നതും സഹായിക്കുവാൻ കൂടുതൽ ശ്രദ്ധിക്കണം. വിദേശ വിദ്യാഭ്യാസ സ്കോളർഷിപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടിരിക്കുകയാണ്. അതു മനസ്സിലാക്കി തനാം തന്നെ അതിനനുസൃതമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

## സി.സി. യോഗം

അടുത്ത സി.സി. യോഗം 08-07-2017 ശനിയാഴ്ച രാവിലെ 10 മണിക്ക് സി.സി. ഓഫീസിൽ വച്ചായിരിക്കും നടക്കുന്നത്. എല്ലാ എ.സി. പ്രസിഡന്റുമാരും സി.സി. എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുക്കണം.

## പ്രവർത്തനറിപ്പോർട്ടുകൾ

സാമ്പത്തികവർഷത്തിന്റെ ആരംഭം മുതൽതന്നെ റിപ്പോർട്ടും കണക്കുകളും കൂടുതൽ കാര്യക്ഷമതയോടുകൂടിത്തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രമിക്കുക. അതാതാഴ്ചകളിൽ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ തന്നെ അവ റിക്കാർഡു ചെയ്യുന്ന കാര്യവും മറക്കാതിരിക്കുക. പോരായ്മകൾ അതാതു സമ്മേളനങ്ങളിൽ തന്നെ വിശകലനം ചെയ്ത്, അപാകതകൾ പരിഹരിക്കുന്നതിനും ശ്രദ്ധാലുവാകുക. അതു നമ്മുടെ പ്രവർത്തനങ്ങൾക്കു തന്നെ മികവേകുവാൻ സഹായിക്കും. അങ്ങനെ ദൈവതിരുമുമ്പിൽ സ്വീകാര്യമായതു മാത്രം പ്രവർത്തിക്കുവാൻ നമുക്കു സാധിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്.

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്



**സെന്റ് വിൻസെന്റ് ഡി പോൾ സാസൈറ്റിയുടെ**
**സംസ്ഥാന സെക്രട്ടറിയായി ചുമതലയേറ്റ**
**ബ്ര. ബിനു കുര്യാക്കോസിന്**
**അഭിനന്ദനങ്ങൾ...**

## ലൂസമ്മ ജോസഫ് മുക്കാട് മെമ്മോറിയൽ

# ബൈബിൾ ക്വിസ് മത്സരം

തോട്ടുവാത്തല തിരുഹൃദയ സൺഡേസ്കൂളിന്റെ അഭിമുഖ്യത്തിൽ മുൻ ഹെഡ്മിസ്ട്രസ് ശ്രീമതി ലൂസമ്മ ജോസഫ് മുക്കാട് മെമ്മോറിയൽ ബൈബിൾ ക്വിസ് മത്സരം അതിരൂപതയിലെ സൺഡേസ്കൂൾ കുട്ടികൾക്കായി നടത്തപ്പെടുന്നു.

| | | |
|---|---|---|
| **വിഷയം** | : | സംഖ്യ : 26-36<br>സുഭാ. 21-31<br>മത്തായി 1-9<br>വെളിപാട് 4-9 |
| **സമയം** | : | **2017, ജൂലൈ 9 ഞായർ ഉച്ചതിരിഞ്ഞ് 2** p.m. |
| **സ്ഥലം** | : | **തിരുഹൃദയ മതബോധനകേന്ദ്രം - തോട്ടുവാത്തല** |
| **സമ്മാനങ്ങൾ** | : | Ist Prize 3000/- രൂപ + Ever Rolling Trophy<br>IInd Prize 2500/- രൂപ + Ever Rolling Trophy<br>IIIrd Prize 2000/- രൂപ + Ever Rolling Trophy |

**പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് സർട്ടിഫിക്കറ്റ്**

**നിബന്ധനകൾ**

* മത്സരാർത്ഥികൾ സൺഡേസ്കൂൾ വിദ്യാർത്ഥികൾ ആയിരിക്കണം.
* ഒരു ടീമിൽ 2 പേർ മാത്രമേ പാടുള്ളൂ.
* ഒരു ഇടവകയിൽ നിന്ന് എത്ര ടീമിനും പങ്കെടുക്കാവുന്നതാണ്.
* പി.ഒ.സി. ബൈബിൾ മാത്രമായിരിക്കും റഫറൻസ് ബൈബിൾ
* രജിസ്ട്രേഷൻ ഫീസ് - ടീമൊന്നിന് 100/- രൂപ
* മത്സരാർത്ഥികൾ ഇടവക വികാരിയുടെയോ ഹെഡ്മാസ്റ്ററിന്റെയോ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.

**രജിസ്ട്രേഷന്റെ അവസാന തീയതി ജൂലൈ 3**

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**

റവ. ഫാ. മാർട്ടിൻ മുടന്താഞ്ഞിലിൽ - 9447596997

ശ്രീമതി സുനി സിബിച്ചൻ ചെട്ടുപറമ്പ് (ഹെഡ്മാസ്റ്റർ) - 9562276792

ശ്രീ. രാജു സെബാസ്റ്റ്യൻ തലച്ചെല്ലൂർ (കൺവീനർ) - 9446806618

## ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം

ലീജിയൻ ഓഫ് ചങ്ങനാശ്ശേരി കമ്മീസിയത്തിന്റെ മെയ് മാസ സമ്മേളനം 14-05-2017 ഞായറാഴ്ച ഉച്ചക്കഴിഞ്ഞ് 2.30-ന് പാറേൽ ലീജിയൻ ഹാളിൽ പ്രസിഡന്റ് ബ്ര. ബേബി മാത്യു മതിച്ചിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

പ്രാരംഭപ്രാർത്ഥന, ജപമാല, നിയമഗ്രന്ഥ പാരായണം ഇവയ്ക്കു ശേഷം സെക്രട്ടറി ബ്ര. സി.എം. ജോസഫ് ചെറുകര റിപ്പോർട്ടു വായിച്ചു പാസ്സാക്കി. തുടർന്ന് വൈസ് പ്രസിഡന്റ് സി. എത്സമ്മ തോമസ് കോട്ടപ്പുറം ഹാജർ രേഖപ്പെടുത്തി. ആദ്ധ്യാത്മികനിയന്താവ് റവ. ഫാ. ജോജോ പുതുവേലിൽ, കമ്മീസിയം ഭാരവാഹികൾ അതിരമ്പുഴ കൂരിയാ എല്ലാ ഭാരവാഹികളും, കമ്മീസിയവുമായി അഫിലിയേറ്റു ചെയ്ത 19 പ്രസീദിയങ്ങളിൽ നിന്നുമെത്തിയ ഭാരവാഹികളടക്കം 40 മരിയൻ സൈനികർ സന്നിഹിതരായിരുന്നു. എല്ലാവരേയും പരി. അമ്മയുടെ നാമത്തിൽ സ്വാഗതം ചെയ്തു.

മദ്ധ്യസ്ഥനിൽനിന്നുമുള്ള ലീജിയന്റെ റിപ്പോർട്ടു വായിച്ചു. ഖജാൻജി ബ്ര. ഐസക് ആന്റണി കരിങ്ങണാമറ്റം ഏപ്രിൽ മാസത്തെ വരവുചെലവു സഭയിൽ അവതരിപ്പിച്ചു പാസ്സാക്കി.

തിരുഹൃദയനാഥ ചെത്തിപ്പുഴ പ്രസീദിയം ഒക്ടോബർ 2016 മുതൽ മാർച്ച് 2017 വരെ (6 മാസം)യുള്ള റിപ്പോർട്ട് അവതരിപ്പിച്ചു.

മെയ് 2017 മുതൽ 3 വർഷത്തേയ്ക്കുള്ള കമ്മീസിയം ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏകകണ്ഠേന മാതൃകാപരമായി നടത്തപ്പെട്ടു.

സൈനികജപശൃംഖല ആദ്ധ്യാത്മിക നിയന്താവ് ചൊല്ലി. പരി. കന്യകാമാതാവിന്റെ സംഘടനാ തെരഞ്ഞെടുപ്പ്, അതിന്റെ ചൈതന്യത്തിന് ചേരുംവിധം മാതൃകാപരമായി നടത്തപ്പെട്ടതിൽ ബഹു. ജോജോ അച്ചൻ എല്ലാവരേയും അഭിനന്ദിച്ചു. ലോകം ഇന്നേദിവസം മാതൃദിനമായി ആചരിക്കുകയാണ്. മാതാക്കൾക്ക് നൽകപ്പെടേണ്ട ബഹുമാനവും പരിഗണനയും കുഞ്ഞുനാളിലേ തങ്ങളുടെ കുടുംബങ്ങളിൽ അഭ്യസികകുന്നതിന് മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അച്ചൻ എല്ലാവരേയും ഓർമ്മപ്പെടുത്തി.

1917 മെയ് 13-ന് സ്പെയിനിൽ ഫാത്തിമായിൽ ലൂസി, ഫ്രാൻസിസ്, ജെസീന്താ എന്നീ മൂന്നു കുട്ടികൾക്ക് പരി. അമ്മ കാണപ്പെട്ടതിന്റെ നൂറാം വാർഷികം ലോകം മുഴുവനിലും മെയ് 13 ശനിയാഴ്ച സഭാമക്കൾ ആചരിക്കുകയുണ്ടായി. കമ്മീസിയത്തിന്റെ ആഭിമുഖ്യത്തിൽ 2017 മെയ് 14-ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് സെ. വിൻസെന്റ് ഹോം ചാപ്പലിൽ മരിയൻ സൈകനികർ ജപമാല എത്തിക്കുകയും, ബ്ര. മാർട്ടിൻ, ജോജോ അച്ചൻ ലഘു സന്ദേശം നൽകുകയും, ഫാ. സെബാസ്റ്റ്യൻ ഈറ്റോളിൽ, ഫാ. ഫീലിപ്പോസ് കാപ്പിത്തോട്ടം എന്നിവരുടെയും സാന്നിദ്ധ്യത്തിൽ പാറേൽ പള്ളിയിലേക്ക് ജപമാല പ്രദക്ഷിണം നടത്തുകയുമുണ്ടായി.

കമ്മീസിയം മീറ്റിംഗിന്റെ സമാപനപ്രാർത്ഥനയും ഫ്രാങ്ക്ഡഫിനെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനുള്ള പ്രാർത്ഥനയ്ക്കുശേഷം ആദ്ധ്യാത്മിക നിയന്താവ് ആശീർവ്വാദം നൽകി. മീറ്റിംഗ് 4.30 ന് സമംഗളം പര്യവസാനിച്ചു.

**റവ. ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മിക നിയന്താവ്

**ബ്ര. ബേബി മാത്യു മതിച്ചിപ്പറമ്പിൽ**
പ്രസിഡന്റ്

# ഫ്രാൻസിസ്ക്കൻ അല്മായസഭ
(Secular Franciscan Order - SFO)

"സമാധാനം-സൗഭാഗ്യം"

സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

ഒരു അധ്യയനവർഷം കൂടി കടന്നുവരുകയാണല്ലോ. നമ്മുടെ മക്കളുടെ പഠനാവശ്യങ്ങൾക്കുള്ള കരുതലുകൾ നടത്തുന്നതോടൊപ്പം നമ്മുടെ ഇടവക കളിലും, ചുറ്റുപാടുകളിലുമുള്ള നിർദ്ധനരായ വിദ്യാർത്ഥികളുടെ പഠന കാര്യ ങ്ങളിലും, അവർക്കുവേണ്ട വിദ്യാഭ്യാസ സഹായത്തോടൊപ്പം പ്രോത്സാഹന ങ്ങളും, സാമ്പത്തികസഹായങ്ങളും ചെയ്യുന്നതിനുള്ള കർമ്മപരിപാടികൾ ആലോചിച്ച് ഓരോ ഭ്രാതൃത്വവും സജീവമായി പ്രവർത്തിക്കുവാനും അതോ ടൊപ്പം പരിസ്ഥിതിയുടെ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയെ പ്രത്യേകം സ്മരിക്കേണ്ട ദിവസം കൂടിയാണ് ജൂൺ മാസം 5.

പ്രകൃതിയും പ്രകൃതിയിലെ സകല ജീവജാലങ്ങളും ദൈവത്തിന്റെ മനോ ഹരസൃഷ്ടികളാണ്. ഈ പ്രകൃതിയിൽ സമാധാനത്തോടും സന്തോഷത്തോ ടുംകൂടി ജീവിക്കേണ്ടവരാണ് സൃഷ്ടികളുടെ മകുടമായ മനുഷ്യർ. ഇവിടെ പക്ഷികളും, കാടും മേടും, പുൽത്തോപ്പുകളും, മലർവാടികളും, കാട്ടരുവിക ളും, കാട്ടാറുകളുമെല്ലാം ശുചിത്വമുള്ള അന്തരീക്ഷത്തിൽ നിർവിഘ്നം അവ യുടെ സൃഷ്ടാവിന്റെ ഇച്ഛയ്ക്കനുസരിച്ച് ജീവിക്കുവാൻ അനുവദിക്കേണ്ടത് മനു ഷ്യനാണ്. പ്രകൃതിയോടൊത്ത് ദൈവത്തിന്റെ ഇഷ്ടവും പദ്ധതിയും അനുസ രിച്ച് സകല സൃഷ്ടിജാലങ്ങളോടുംകൂടി ദൈവത്തെ സ്തുതിച്ചാരാധിക്കുവാനും പ്രകൃതിയോടു ചേർന്ന് വിശ്വസാഹോദര്യത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ട വരാണ് നമ്മൾ എന്നുമുള്ള യാഥാർത്ഥ്യമാണ് വി. ഫ്രാൻസിസ് അസ്സീസി ഈ ദിവസങ്ങളിൽ നമ്മെ ഓർമ്മപ്പെടുത്തുന്നത്. ഈ മാസങ്ങളിൽ പരിസ്ഥിതി പ്രവർത്തനങ്ങൾ ഭ്രാതൃത്വതലത്തിൽ സംഘടിപ്പിക്കുകയും പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുക.

## റീജണൽ സമ്മേളനങ്ങൾ

റീജണൽ സെമിനാറുകൾ തുടങ്ങുവാനുള്ള സമയമായി. സെമിനാറുകൾ അർദ്ധദിനമായി നടത്തുവാൻ ശ്രദ്ധിക്കണം. ഓരോ റീജണുകളുടെയും കീഴി ലുള്ള ഭ്രാതൃത്വങ്ങളിലെ അംഗങ്ങളുടെ സഭാവസ്ത്ര സ്വീകരണം, നിത്യവ്രത വാഗ്ദാനം എന്നിവയ്ക്ക് സമയമായിട്ടുണ്ടെങ്കിൽ അവരെ അതിനായി ഒരുക്കി അവരുടെ വ്രതവാഗ്ദാനങ്ങൾ നടത്തുവാൻ ഭ്രാതൃത്വ പ്രസിഡന്റുമാരും റീജ ണൽ ഭാരവാഹികളും ശ്രദ്ധിക്കണമെന്നും റീജണൽ സെമിനാറുകൾ മുൻകൂട്ടി തീയതി നിശ്ചയിച്ച് SFO അതിരൂപതാ കേന്ദ്രഓഫീസിൽ അറിയിക്കണമെന്നും താല്പര്യപ്പെടുന്നു.

## SFO 150-ാം ചരിത്രവർഷ ആഘോഷത്തിലേയ്ക്ക്

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ 1868 ഡിസംബർ 26-ാം തീയതി കുറുമ്പനാടം സെന്റ് ആന്റണീസ് പള്ളിയിൽ പാലാക്കുന്നേൽ മത്തായി മറിയം വല്യച്ചനിൽ നിന്നും മൂന്നാംസഭയുടെ സഭാവസ്ത്രവും ചരടും സ്വീകരിച്ചതിന്റെ 150 വർഷത്തിന്റെ തുടക്കം കുറിക്കുകയാണ്. ഈ വർഷത്തെ SFO അതിരൂപതാ വാർഷികത്തോടൊപ്പം കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപള്ളിയിൽ 150 വർഷ ആഘോഷങ്ങളുടെ തിരിതെളിയുന്നതാണ്. ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ ആഘോഷങ്ങളുടെ ഒരുക്കങ്ങൾ നടത്തുന്നതിനായി SFO അതിരൂപതാ കമ്മറ്റി ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതായിരിക്കും ഇതിന്റെ സമാപനം. 2018 ലെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 110-ാം ചരമവാർഷത്തോടൊപ്പം ആഘോഷിക്കുന്നതുമായിരിക്കും. ഈ ജൂബിലിവർഷത്തെ പ്രത്യേകമായി ദൈവതിരുമുമ്പിൽ സമർപ്പിച്ച് നമുക്കു പ്രാർത്ഥിക്കാം.

## നിര്യാതരായി

SFO വാഴപ്പള്ളി ഗെത്സെമനി ആശ്രമഭ്രാതൃത്വത്തിന്റെ വൈസ് പ്രസിഡന്റ് പുരയിടത്തിൽ ഡോ. പി.എ. ജോസഫ് (74), മാടപ്പള്ളി ഏലങ്കുന്നം ചെറുപുഷ്പ ഭ്രാതൃത്വാംഗം ശ്രീമതി ബിനു പുത്തൻപുരയ്ക്കലിന്റെ ഭർതൃമാതാവ് ഇത്തമ്മ തോമസ് (84), ഫാത്തിമാപുരം ഫാത്തിമാമാതാ ഭ്രാതൃത്വാംഗം അറവാക്കൽ അമ്മിണിക്കുട്ടി തോമസ് (70) എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി ഒപ്പീസ് പ്രാർത്ഥന നടത്തുകയും ശവസംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമെ.

ശ്ലീഹന്മാരിൽ ഇറങ്ങിവസിച്ച പരിശുദ്ധാത്മാവിന്റെ പന്തക്കുസ്താനുഭവവും പരിസ്ഥിതി മദ്ധ്യസ്ഥനായ വി. ഫ്രാൻസിസിന്റെ ഫ്രാൻസിസ്കൻ സാഹോദര്യവും സമൃദ്ധമായി ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.

സ്നേഹപൂർവ്വം,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ OFM.Cap.**
SFO അതിരൂപതാ Spiritual Assistant

## നവമാധ്യമ ശൈലിയും വിശ്വാസ ദർശനങ്ങളും ഏകദിന ശില്പശാല

ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സൺഡേ സ്കൂൾ 11,12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി മിഡീയ വില്ലേജ് കമ്മ്യൂണിക്കേഷൻസ് ഞായറാഴ്ചകളിൽ ഏകദിന ശില്പശാലകൾ സംഘടിപ്പിക്കുന്നു.

ഓഡിയോ - വിഷ്വൽ പ്രോഗ്രാം, ഗ്രൂപ്പ് ചർച്ചകൾ, ചോദ്യോത്തര വേളകൾ, മാധ്യമ വിശകലനം, ഗ്രൂപ്പ് ഗെയിംസ്, മാധ്യമ ചർച്ച, സ്ക്രിപ്റ്റ് റൈറ്റിംഗ്, ഷോർട്ട് ഫിലിം മേക്കിംഗ്, സിനിമാവലോകനം, നവമാധ്യമങ്ങൾ വിശ്വാസ പരിശീലനത്തിന് തുടങ്ങി നിരവധി പരിശീലന പരിപാടികൾ.

ശില്പശാലയിൽ പങ്കെടുക്കുന്നവർക്ക് 90.8 റേഡിയോ മീഡിയാ വില്ലേജിലും മീഡിയാ വില്ലേജ് ടിവിയിലും പ്രോഗ്രാം അവതരിപ്പിക്കാൻ അവസരം. ഒരു ശില്പശാലയിൽ 40 വരെ പേർക്ക് പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് 100 രൂപ. ഉച്ചഭക്ഷണം ലഭിക്കും. രാവിലെ 9.30 ന് ആരംഭിച്ച് വൈകിട്ട് 4 മണിക്ക് സമാപനം. ഇടവകളിലെ സൺഡേ സ്കൂളുകൾ മുൻകൂട്ടി ബുക്ക് ചെയ്യുക.

ഞായറാഴ്ചകൾ കൂടാതെ പൊതു അവധി ദിവസങ്ങളിലും, രണ്ടാം ശനിയാഴ്ചകളിലും ശില്പശാല നടത്തുവാൻ സൗകര്യം. ഞായറാഴ്ചകളിൽ ശില്പശാലയുടെ ആരംഭം വിശുദ്ധ കുർബ്ബാനയോടെ...

## യുവ - മീഡിയാ: ഓഡിയോ വിഷ്വൽ പ്രോഗ്രാം

മാധ്യമങ്ങളെ ക്രിയാത്മകമായി വിലയിരുത്തുവാനും, അവയുടെ വിപരീത സൂചനകൾ മനസ്സിലാക്കുവാനും ദിശാസൂചന നൽകുന്ന ഓഡിയോ-വിഷ്വൽ പ്രോഗ്രാം മീഡിയാ വില്ലേജ് കമ്മ്യൂണിക്കേഷൻസ് ഇടവകകൾ തോറും സംഘടിപ്പിക്കുന്നു. ക്രൈസ്തവ മൂല്യങ്ങൾ പാലിക്കുവാനും വിശ്വാസ വളർച്ചയ്ക്ക് ഉപകരിക്കുന്ന മാധ്യമ സൃഷ്ടികൾക്ക് രൂപം നൽകാനും യുവജനങ്ങളെ പ്രാപ്തരാക്കുന്ന 3 മണിക്കൂർ ഓഡിയോ-വിഷ്വൽ പ്രോഗ്രാം. 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സു വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം.

**'കാലഘട്ടത്തിന്റെ കൽപ്പടവുകളിലേയ്ക്ക് ഒരു കാൽവയ്പ്' അവസരം വിനിയോഗിക്കുക.**

ആവശ്യമുള്ള ഇടവകകൾ മുൻകൂട്ടി ബുക്ക് ചെയ്യുമല്ലോ...

ബുക്കിംഗിന് : 9446194320, 9544120698, 9400285923

സ്നേഹപൂർവ്വം,

**ഫാ. ആന്റണി എത്തയ്ക്കാട്ട്**

എക്സിക്യൂട്ടീവ് ഡയറക്ടർ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

# പുരോഹിതൻ വിശ്വാസത്തിന്റെ മനുഷ്യൻ

## (തിരുവചനഭാഗം: മർക്കോ 8,1–38)

മർക്കോസ് 6,31–7,37 ലും 8,1–30 ലുമുള്ള സുവിശേഷ വിവരണങ്ങൾ തമ്മിലുള്ള സാമ്യം ശ്രദ്ധേയമാണ്. ഒരേ തരത്തിലുള്ള സംഭവങ്ങൾ ആവർത്തിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ രണ്ടു ഭാഗങ്ങളും ഒരേ കാര്യങ്ങളെ സംബന്ധിച്ച രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങളാണെന്ന് ചില പണ്ഡിതർ കരുതുന്നുണ്ട്. എന്നാൽ മറ്റു ചിലരുടെ അഭിപ്രായത്തിൽ, തന്റെ വ്യക്തിത്വത്തെക്കുറിച്ച് ഈശോ പഠിപ്പിക്കാൻ ആഗ്രഹിച്ച പാഠങ്ങൾ ശിഷ്യർക്കു മനസ്സിലാകാത്തതിനാൽ മുമ്പു നല്കിയ പാഠങ്ങൾ ഈശോ വീണ്ടും ആവർത്തിക്കുകയാണ്. അഞ്ചു ഭാഗങ്ങളായി ഈ സുവിശേഷഭാഗത്തെ തിരിക്കാം. അപ്പം വർദ്ധിപ്പിക്കുന്നു (8,1–10), ഫരിസേയരുടെയും ശിഷ്യരുടെയും അവിശ്വാസം (8,11–21), അന്ധനു കാഴ്ച നല്കുന്നു (8,22–26), പത്രോസിന്റെ വിശ്വാസപ്രഖ്യാപനം (8,27–30), ഒന്നാം പീഡാനുഭവപ്രവചനം (8,31–38). പൊതുവായി പറഞ്ഞാൽ വിശ്വാസജീവിതത്തിന്റെ വിവിധ വശങ്ങളെ സൂചിപ്പിക്കുന്നവയാണ് ഈ സുവിശേഷസംഭവങ്ങൾ.

### 1. പുരോഹിതൻ: വിശ്വാസജീവിതം നയിക്കുന്നവൻ

"*അവൻ ജനക്കൂട്ടത്തോടു നിലത്തിരിക്കാൻ ആജ്ഞാപിച്ചു. പിന്നീട്, അവൻ ആ ഏഴപ്പം എടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ചു ജനങ്ങൾക്കു വിളമ്പാൻ ശിഷ്യന്മാരെ ഏല്പിച്ചു. അവർ അതു ജനങ്ങൾക്കു വിളമ്പി. കുറേ ചെറിയ മത്സ്യങ്ങളും അവരുടെ പക്കലുണ്ടായിരുന്നു. അവൻ അവയും ആശീർവദിച്ചു; വിളമ്പാൻ ശിഷ്യന്മാരെ ഏല്പിച്ചു. ജനം ഭക്ഷിച്ചു തൃപ്തരായി. ശേഷിച്ച കഷണങ്ങൾ ഏഴു കുട്ട നിറയെ അവർ ശേഖരിച്ചു*" (8,6–8).

യഹൂദരുടെ നാട്ടിൽ അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തൃപ്തരാക്കിയതിനുശേഷം (6,30–44) ഏഴപ്പംകൊണ്ട് നാലായിരംപേരെ തൃപ്തരാക്കുന്ന ഈ അത്ഭുതം വിജാതീയരുടെ നാട്ടിലാണ് ഈശോ പ്രവർത്തിക്കുന്നത്. ആദ്യത്തെ അത്ഭുതത്തിൽ ബാക്കി വന്ന അപ്പക്കഷണങ്ങൾ ശേഖരിച്ചത് പന്ത്രണ്ടു കുട്ട നിറയെ ആയിരുന്നുവെങ്കിൽ, രണ്ടാമത്തെ അത്ഭുതത്തിൽ ശേഷിച്ച കഷണങ്ങൾ ശേഖരിച്ചത് ഏഴു കുട്ട നിറയെ ആയിരുന്നു. പന്ത്രണ്ടു കുട്ടകൾ ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ സൂചിപ്പിക്കുവെങ്കിൽ, ഏഴു കുട്ടകൾ ലോകത്തിലെ എഴുപതു ദേശങ്ങളെ സൂചിപ്പിക്കുന്നു (ഉല്പ 10). ആദ്യത്തെ അത്ഭുത

ത്തിൽ കുട്ടയ്ക്ക് ഗ്രീക്കിൽ ഉപയോഗിക്കുന്ന വാക്ക് യഹൂദർ സാധാരണ കുട്ടയ്ക്ക് ഉപയോഗിക്കുന്നതാണെങ്കിൽ (കോഫിനോസ്), രണ്ടാമത്തെ അത്ഭുതത്തിൽ ഉപയോഗിക്കുന്നത് 'സ്പൂരിസ്' എന്ന പൊതുവായ വാക്കാണ്. ഈശോ ലോകം മുഴുവന്റെയും വിശപ്പുമാറ്റുന്നവനാണ് എന്നൊരു സൂചന ഈ അത്ഭുതത്തിനുണ്ട്. അതുപോലെതന്നെ, കൃതജ്ഞതാസ്തോത്രപ്രാർത്ഥനയ്ക്ക് 'എവുളോഗെയിൻ' എന്നതിനുപകരം 'എവുക്കരിസ്തെയിൻ' എന്ന വാക്കുപയോഗിച്ച് ഈ അത്ഭുതത്തെ പരിശുദ്ധ കുർബാനയോട് വ്യക്തമായി ബന്ധിപ്പിച്ചിരിക്കുന്നു. മൂന്നു ദിവസം തന്നോടുകൂടി ആയിരുന്നവർക്കുവേണ്ടി അപ്പം വർദ്ധിപ്പിക്കുന്നത് പഴയനിയമത്തിൽ ഉടമ്പടിബന്ധം സ്ഥാപിക്കുന്നതിനുമുമ്പ് ഇസ്രായേൽജനതയെ മൂന്നു ദിവസം ഒരുക്കിയതിനെ അനുസ്മരിപ്പിക്കുന്നുണ്ട് (പുറ 19,1-15). ലോകത്തിന്റെ ജീവനുവേണ്ടി ഈശോ നല്കുന്ന തന്റെ ശരീരമാകുന്ന 'ജീവന്റെ അപ്പ'(യോഹ 6,51-59)ത്തെയാണ് ഈ അത്ഭുതം പ്രത്യേകമായി അനുസ്മരിപ്പിക്കുന്നത്.

ഈ അത്ഭുതത്തിൽ ഈശോയാണ് അപ്പം വർദ്ധിപ്പിക്കുന്നതെങ്കിലും അത് ജനങ്ങൾക്കു വിളമ്പാൻ, അവരെ പോറ്റുക അസാദ്ധ്യമാണെന്നു വിചാരിച്ച, ശിഷ്യന്മാരെയാണ് അവിടുന്ന് ഏല്പിക്കുന്നത് (8,6-7). പരിശുദ്ധ കുർബാന എന്ന ദിവ്യരഹസ്യം ഈശോയാണ് സ്ഥാപിക്കുകയും യാഥാർത്ഥ്യമാക്കുകയും ചെയ്യുന്നതെങ്കിലും, അത് പരികർമ്മം ചെയ്യുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് ശ്ലൈഹികശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതരാണ്. അതുകൊണ്ട് ഈ അത്ഭുതം രഹസ്യങ്ങളുടെ രഹസ്യമായ പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ദിവ്യരഹസ്യങ്ങളുടെ പരികർമ്മികളായ പുരോഹിതരുടെ ശുശ്രൂഷയെ സൂചിപ്പിക്കുന്നുണ്ട്. വിശ്വാസത്തോടെ പരികർമ്മം ചെയ്യേണ്ടവയാണ് ദിവ്യരഹസ്യങ്ങൾ. ശിഷ്യരുടെ വിശ്വാസക്കുറവിനെ ഈ സുവിശേഷഭാഗത്ത് ഈശോ ചോദ്യം ചെയ്യുന്നുമുണ്ട് (8,14-21). സീറോ മലബാർ ആരാധനക്രമത്തിൽ മിശിഹായുടെ തിരുശ്ശരീരരക്തങ്ങളാകുന്ന ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരാകുവാൻ യോഗ്യരാക്കിയതിന് നന്ദി പറയുന്ന പ്രാർത്ഥനയിൽ, "ഈ ദാനം തികഞ്ഞ സ്നേഹത്തോടും ഉറച്ചവിശ്വാസത്തോടുംകൂടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു" കാർമ്മികൻ പ്രാർത്ഥിക്കുന്നു. അതുകൊണ്ട് പുരോഹിതൻ വിശ്വാസത്തിന്റെ രഹസ്യങ്ങൾ യോഗ്യതയോടെ പരികർമ്മം ചെയ്യുവാൻ തക്കവിധം വിശ്വാസജീവിതം നയിക്കുവാൻ പ്രത്യേകം വിളിക്കപ്പെട്ടവനാണ്.

## 2. പുരോഹിതൻ: വിശ്വാസം പഠിപ്പിക്കുന്നവൻ

"*ഇതു മനസ്സിലാക്കിയ ഈശോ അവരോടു പറഞ്ഞു: നിങ്ങൾക്ക് അപ്പമില്ലാത്തതിനെക്കുറിച്ച് എന്തിനു തർക്കിക്കുന്നു? ഇനിയും നിങ്ങൾ മനസ്സിലാക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നില്ലേ? നിങ്ങളുടെ ഹൃദയങ്ങൾ മന്ദീഭവിച്ചിരിക്കുന്നുവോ? കണ്ണുണ്ടായിട്ടും നിങ്ങൾ കാണുന്നില്ലേ? ചെവിയുണ്ടായിട്ടും നിങ്ങൾ കേൾക്കുന്നില്ലേ? നിങ്ങൾ ഓർമ്മിക്കുന്നില്ലേ?*" (8,17-18).

അടയാളം ആവശ്യപ്പെടുന്ന ഫരിസേയരെയും (8,11-13) ഗ്രഹണശക്തിയില്ലാത്ത ശിഷ്യരെയു (8,14-21)മാണ് ഈ സുവിശേഷഭാഗം അവതരിപ്പിക്കുന്നത്.

ഈശോയുടെ അത്ഭുതങ്ങളൊന്നും അവിടുത്തെ ദൈവത്വത്തിന്റെ അടയാള മായി കണക്കാക്കാതെ, അവിടുത്തെ അധികാരം തെളിയിക്കാൻ ഫരിസേയർ സ്വർഗത്തിൽനിന്നും ഒരടയാളം ആവശ്യപ്പെടുന്നു. അവർ അത് ഈശോയെ പരീക്ഷിക്കാൻ ചോദിച്ചതാണെന്ന് മർക്കോസ് വ്യക്തമാക്കുന്നുണ്ട്. ആത്മീയ കാര്യങ്ങളിൽ താല്പര്യമുള്ളവരും ഈശോയുടെ ദൈവത്വം മറ്റാരെക്കാളും പെട്ടെന്നു തിരിച്ചറിയേണ്ടിയിരുന്നവരുമായ ഫരിസേയർ അവിശ്വാസികളായി ത്തീർന്നു എന്നുമാത്രമല്ല, അവിടുത്തെ പരീക്ഷിക്കുന്ന സാത്താന്റെ ഉപകരണ ങ്ങളായിത്തീരുകയും ചെയ്തു എന്നതായിരിക്കാം ഈശോയുടെ നെടുവീർപ്പിന്റെ കാരണം (8,12). കഠിനഹൃദയരായി അവിശ്വാസത്തിൽ തുടരുന്നവരെ ഒരത്ഭു തംകൊണ്ടും വിശ്വാസികളായി മാറ്റാൻ കഴിയില്ല. ഫരിസേയരുടെയും ഹേറോ ദേസിന്റെയും പുളിപ്പിനെക്കുറിച്ച് കരുതലോടെയിരിക്കുവാൻ ഈശോ പറഞ്ഞതു ഗ്രഹിക്കുവാൻ ശിഷ്യർക്കും കഴിഞ്ഞില്ല. ഈശോയുടെ പരസ്യജീവിതം അന്ത്യ ഘട്ടത്തോടടുക്കുകയാണ്. ഈശോ ഇതിനോടകം ചെയ്ത അത്ഭുതങ്ങൾ, പ്രത്യേ കിച്ച് അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച രണ്ടു സംഭവങ്ങൾ, മിശിഹായുടെ ദൈവത്വത്തെക്കുറിച്ച് ശിഷ്യർക്ക് വ്യക്തമായി ബോധ്യം നല്കേണ്ടവയായിരു ന്നു. പക്ഷേ, ഈശോ ആരാണെന്ന് അറിയുന്നതിൽ അവർ പരാജയപ്പെട്ടിരി ക്കുന്നു. ഈ അറിവിന്റെ അഭാവത്തിൽ അവർക്ക് ഈശോയുടെ ശ്ലീഹന്മാരായി പ്രവർത്തിക്കുവാൻ കഴിയുകയില്ല. മുമ്പ് അവിശ്വാസികളെ വിശേഷിപ്പിക്കുവാൻ ഉപയോഗിച്ച ഭാഷ (4,11-12) ശിഷ്യരുടെനേരെ അവിടുന്നു പ്രയോഗിക്കുന്നു: "എന്നിട്ടും നിങ്ങൾ ഗ്രഹിക്കുന്നില്ലേ?" (8,21).

ഫരിസേയരുടെ പുളിമാവ് അവരുടെ അബദ്ധപ്രബോധനത്തെയാണ് സൂചി പ്പിക്കുന്നത് (മത്താ 16,12). ക്രിസ്തുശിഷ്യരെ വഴിതെറ്റിക്കുന്ന അബദ്ധപ്രബോ ധനങ്ങളുടെ പുളിമാവ് ഇന്ന് എവിടെയും സുലഭമാണ് - പത്രമാസികകളിലും സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ദൃശ്യശ്രാവ്യമാധ്യമങ്ങളിലും വിവിധ ക്രൈസ്തവസെക്റ്റുകളുടെ പ്രഘോഷണങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും എല്ലാം. ഈ അബദ്ധപ്രബോധനത്തെ നേരിടാൻ വിശ്വാസികൾക്കു കഴിയണ മെങ്കിൽ പുരോഹിതൻ വിശ്വാസം പഠിക്കുന്നവനും ഗ്രഹിക്കുന്നവനും പഠിപ്പി ക്കുന്നവനുമാകണം. പുരോഹിതന്റെ പ്രഥമദൗത്യം വിശ്വാസപ്രബോധനമാ ണെന്ന് സഭയുടെ ഔദ്യോഗികരേഖകൾ എടുത്തു പറയുന്നുണ്ട് (PO 4). ഈശോ രണ്ടു പ്രാവശ്യം പ്രവർത്തിച്ച അത്ഭുതങ്ങൾ കാണുകയും അവയിൽ സഹക രിക്കുകയും ചെയ്തിട്ടും അതിന്റെ പാഠം ഉൾക്കൊണ്ട് അവിടുന്നിലുള്ള ദൈവ സാന്നിദ്ധ്യം അറിയാനും അവിടുന്നിൽ വിശ്വസിക്കാനും കഴിയാതെ പോയ ശിഷ്യർ പുരോഹിതർക്ക് ഒരു മുന്നറിയിപ്പാണ്. പുരോഹിതരുടെ ദൈവശാസ്ത്ര പരിശീലനം അവരെ വിശ്വാസത്തിന്റെ പൊരുൾ ഗ്രഹിക്കുന്നവരും വിശ്വാസം ജനങ്ങളെ പഠിപ്പിക്കുന്നവരുമാക്കുവാൻ എത്രമാത്രം സഹായകമാകുന്നുണ്ട്? സെമിനാരി പരിശീലനത്തിനുശേഷം പുരോഹിതശുശ്രൂഷയിൽ ദൈവശാസ്ത്ര പരമായ തുടർപരിശീലനവും പഠനവും കാര്യക്ഷമമായി നടത്തുവാൻ കഴിയു ന്നുണ്ടോ? പൗരോഹിത്യസ്വീകരണശേഷം ജീവിതാനുഭവങ്ങളെ വിശ്വാസ ത്തിന്റെ വെളിച്ചത്തിൽ വേണ്ടവിധം വിലയിരുത്തുവാനും ഗ്രഹിക്കുവാനും പുരോ

ഹിതൻ പരിശ്രമിക്കണം. അപ്രകാരം ചെയ്യുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യണം.

### 3. പുരോഹിതൻ: വിശ്വാസാനുഭവത്തിൽ വളരുന്നവൻ

*"അവൻ അന്ധനെ കൈയ്ക്കുപിടിച്ച് ഗ്രാമത്തിനു വെളിയിലേക്കു കൊണ്ടുപോയി. അവന്റെ കണ്ണുകളിൽ തുപ്പിയശേഷം അവന്റെമേൽ കൈകൾ വച്ചുകൊണ്ടു ചോദിച്ചു: നീ എന്തെങ്കിലും കാണുന്നുണ്ടോ? നോക്കിയിട്ട് അവൻ പറഞ്ഞു: ഞാൻ മനുഷ്യരെ കാണുന്നുണ്ട്. അവർ മരങ്ങളെപ്പോലിരിക്കുന്നു; നടക്കുന്നതായും കാണുന്നു. വീണ്ടും ഈശോ അവന്റെ കണ്ണുകളിൽ കൈകൾ വച്ചു. അവൻ സൂക്ഷിച്ചുനോക്കി; കാഴ്ച തിരിച്ചുകിട്ടുകയും ചെയ്തു. അവൻ എല്ലാ വസ്തുക്കളും വ്യക്തമായി കണ്ടു"* (8,23-25).

അന്ധനു കാഴ്ച നല്കുന്ന ഈ സംഭവം വി. മർക്കോസിന്റെ സുവിശേഷത്തിൽമാത്രം രേഖപ്പെടുത്തിയിട്ടുള്ള ഒരു സംഭവമാണ്. ഉടനടി അത്ഭുതം നടക്കാത്ത ഏകസംഭവവുമാണ്. ഘട്ടംഘട്ടമായി അവനു കാഴ്ചശക്തി ലഭിക്കുന്നു എന്നത് പ്രതീകാത്മകമായ അർത്ഥമാണ് ഈ അത്ഭുതത്തിനുള്ളത് എന്നതിന്റെ സൂചനയാണ്. ഈശോയുടെ മിശിഹാത്വവും ദൈവത്വവും തിരിച്ചറിയാൻ സാധിക്കാത്ത, അവിടുത്തെ പ്രവൃത്തികളുടെയും വാക്കുകളുടെയും അർത്ഥം കാണാൻ കഴിയാത്ത, ശിഷ്യരുടെ പ്രതീകമാണ് ആ അന്ധൻ. ആ അന്ധനു ലഭിച്ചതുപോലെ ഘട്ടംഘട്ടമായിട്ടായിരിക്കും ശിഷ്യർക്ക് വിശ്വാസത്തിന്റെ കാഴ്ച ലഭിക്കുക. ഈശോയുടെ പരസ്യജീവിതകാലമാണ് ഒന്നാം ഘട്ടം. ഈ ഘട്ടത്തിൽ ശിഷ്യന്മാർക്ക് ഈശോയെ പൂർണമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഈശോയുടെ ഉത്ഥാനത്തിനുശേഷമുള്ളതാണ് രണ്ടാം ഘട്ടം. പരിശുദ്ധാത്മാവിന്റെ ആഗമനത്തെത്തുടർന്ന് 'സത്യത്തിന്റെ പൂർണതയിലേക്കു നയിക്കുന്ന അരൂപി'യുടെ ശക്തിയാൽ അവർ ഈശോ ആരാണെന്ന് വ്യക്തമായി മനസ്സിലാക്കി. "അവൻ സൂക്ഷിച്ചുനോക്കി; കാഴ്ച തിരിച്ചുകിട്ടുകയും ചെയ്തു" എന്നാണ് മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശ്വസത്തിൽനിന്നുളവാകുന്ന അറിവിന്റെ ഉൾക്കാഴ്ച ലഭിക്കുന്നത് ദൈവകൃപയാലാണെങ്കിലും, മനുഷ്യന്റെ ഉത്തരവാദിത്വപൂർണമായ സഹകരണത്തിനും അതിൽ സ്ഥാനമുണ്ട്.

മാമ്മോദീസായിലൂടെയാണല്ലോ നാം സഭയുടെ വിശ്വാസത്തിലേക്കു പ്രവേശിപ്പിക്കപ്പെടുക. മാമ്മോദീസാ എന്ന കൂദാശാ പരികർമ്മത്തിൽ തുപ്പൽ ഉപയോഗിക്കുന്ന പതിവ് പണ്ട് നിലവിലിരുന്നു. കാർമ്മികൻ അണ്ണാക്കിൽനിന്നും തുപ്പലെടുത്ത് ശിശുവിന്റെ കണ്ണുകളിലും കാതുകളിലും കുരിശുവരച്ച് 'തുറക്കപ്പെടുക' എന്നു പറയുന്ന രീതി ഉണ്ടായിരുന്നു. ഈ സുവിശേഷസംഭവവുമായി ബന്ധപ്പെട്ടായിരിക്കാം ഈ രീതി സഭയിൽ നിലവിൽ വന്നത്. മാമ്മോദീസായിലൂടെയാണല്ലോ നാം വിശ്വാസവെളിച്ചം കാണുന്നതും വിശ്വാസപരമായ വിളി കേൾക്കുന്നതും. മാമ്മോദീസായിലൂടെ സഭയുടെ വിശ്വാസത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന നമ്മിൽ വ്യക്തിപരമായ തലത്തിൽ വിശ്വാസവളർച്ചയുണ്ടാകണം. ജീവിതാനുഭവങ്ങളെയും ജീവിതസാഹചര്യങ്ങളെയും വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുവാനും സ്വീകരിക്കുവാനും സാധിക്കുന്ന

വരിലാണ് ഇപ്രകാരമുള്ള വിശ്വാസവളർച്ചയുണ്ടാവുക. പ്രാർത്ഥനാജീവിതത്തിലൂടെ ജീവിതാനുഭവങ്ങളിൽ ദൈവത്തിന്റെ സ്നേഹസാന്നിദ്ധ്യം തിരിച്ചറിയുന്നവർക്കു മാത്രമേ ഇപ്രകാരം വിശ്വാസത്തിൽ വളരുവാൻ സാധിക്കുകയുള്ളു. വിശ്വാസികൾക്കെല്ലാം ഇത് ആവശ്യമാണെങ്കിൽ, അവരെ വിശ്വാസത്തിൽ നയിക്കേണ്ട പുരോഹിതർക്ക് ഇതാവശ്യമാണെന്നതിനു സംശയമില്ല. അവർ ഇപ്രകാരം വിശ്വാസത്തിൽ വളരുകയും മറ്റുള്ളവരെ വിശ്വാസത്തിൽ വളർത്തുകയും വേണം.

## 4. പുരോഹിതൻ: മിശിഹാരഹസ്യത്തിന്റെ ശുശ്രൂഷകൻ

"*അവൻ ചോദിച്ചു: എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? പത്രോസ് മറുപടി പറഞ്ഞു: നീ മിശിഹായാണ്. തന്നെക്കുറിച്ച് ആരോടും പറയരുതെന്ന് അവൻ അവരോടു കല്പിച്ചു*" (8,29-30).

"മിശിഹായും ദൈവപുത്രനുമായ ഈശോയുടെ സുവിശേഷം" എന്ന ആമുഖവാക്യത്തിൽ ആരംഭിച്ച വി. മർക്കോസിന്റെ സുവിശേഷത്തിലെ അർത്ഥപൂർണമായ കേന്ദ്രഖണ്ഡികയാണ് ഈ സുവിശേഷഭാഗം. മർക്കോ 1-8 അദ്ധ്യായങ്ങളിലെ മിശിഹാവതരണത്തിന്റെ ഉപസംഹാരമായി "ഞാൻ ആരാകുന്നു?" എന്ന ഈശോയുടെ ചോദ്യവും, "നീ മിശിഹായാകുന്നു" എന്ന പത്രോസിന്റെ പ്രഖ്യാപനവും പരിഗണിക്കാം. ഈശോയുടെ വ്യക്തിത്വത്തെപ്പറ്റിയുള്ള ഈ ചോദ്യം പ്രത്യക്ഷമായും പരോക്ഷമായും മർക്കോ 1-8 അദ്ധ്യായങ്ങളിൽ പലപ്പോഴും ഉയർന്നുവരുന്നുണ്ട്. ആദ്യത്തെ അത്ഭുതമായ അശുദ്ധാരൂപി ബഹിഷ്കരണവും സിനഗോഗിൽ ഈശോ ചെയ്ത പ്രഭാഷണവും കാണികളിൽ ഉളവാക്കിയ പ്രതികരണം ശ്രദ്ധേയമാണ്: "ഇതെന്ത്? അധികാരപൂർവകമായ നവീന പ്രബോധനമോ? ഇദ്ദേഹം അശുദ്ധാരൂപികളോടുപോലും ആജ്ഞാപിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നല്ലോ?" (1,27). ജനങ്ങളുടെ ഈ ആശ്ചര്യപ്രകടനത്തിൽ പരോക്ഷമായിരിക്കുന്ന പ്രധാന ചോദ്യം "ഇവൻ ആരാകുന്നു" എന്നതുതന്നെ. ഇതേ ചോദ്യം പരോക്ഷമായി തുടർന്നുള്ള വിവരണങ്ങളിൽ കാണാം (2,7; 6,2.14.16). ശിഷ്യന്മാരും ഈ ചോദ്യംതന്നെ ചോദിക്കുന്നുണ്ട് (6,48-50). ഇപ്പോൾ ഈശോതന്നെ അവരോട് ഈ ചോദ്യം ചോദിക്കുന്നു. ജനങ്ങളുടെ വികലവീക്ഷണങ്ങളെക്കാൾ കൂടുതൽ യുക്തമായ ദർശനം ശിഷ്യന്മാർക്കുണ്ട്. എങ്കിലും അതു തികച്ചും അപൂർണവും ഭാഗികവുമാണ്. അടുത്ത അദ്ധ്യായങ്ങളിൽ അവർക്കു ലഭിക്കുന്ന പ്രബോധനങ്ങളുടെയും, സർവ്വോപരി പീഡാനുഭവ-മരണ-ഉത്ഥാനങ്ങളുടെയും വെളിച്ചത്തിൽ മാത്രമാണ് അവർ മിശിഹാരഹസ്യം മനസ്സിലാക്കുന്നവരും പ്രഘോഷിക്കുന്നവരുമായിത്തീർന്നത്.

പുരോഹിതൻ മിശിഹാരഹസ്യത്തിന്റെ ശുശ്രൂഷകനാണ്. അതുകൊണ്ട് ഈശോമിശിഹായെപ്പറ്റിയുള്ള ശരിയായ ദർശനവും കാഴ്ചപ്പാടുകളും ഉള്ളവനായിരിക്കണം. ഇരുപതു നൂറ്റാണ്ടുകളിലൂടെ ഈശോയെപ്പറ്റിയും സുവിശേഷത്തെപ്പറ്റിയും മനുഷ്യർ അനേകം അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. ചിലതു തെറ്റും മറ്റുചിലത് അപര്യാപ്തവും അസ്വീകാര്യവുമാണ്. എന്നാൽ, വിശുദ്ധ പിതാക്കന്മാരും ഭക്താത്മാക്കളും പ്രകാശം ചൊരിയുന്ന ദർശനങ്ങൾ നല്കിയിട്ടുണ്ട്.

ബൈബിൾ വ്യാഖ്യാതാക്കൾ ഗൗരവമേറിയ പഠനങ്ങളിലൂടെ വിലയേറിയ ഉൾക്കാഴ്ചകൾ പങ്കുവച്ചിട്ടുണ്ട്. അവയും വിശുദ്ധഗ്രന്ഥ വായനയും പഠനവും ധ്യാനവുംവഴി ലഭിക്കുന്ന ഉൾക്കാഴ്ചകളും സമന്വയിപ്പിച്ച് മിശിഹാരഹസ്യത്തെക്കുറിച്ച് വ്യക്തിപരവും തൃപ്തിപരവുമായ ഒരു ദർശനവും ആഭിമുഖ്യവും പുരോഹിതൻ സ്വയം രൂപവൽക്കരിക്കണം. മിശിഹായിൽ പിതാവായ ദൈവം ആവിഷ്കരിച്ച രക്ഷാപദ്ധതിയുടെ രഹസ്യം (എഫേ 1,3-14) പരികർമ്മം ചെയ്യുന്ന വ്യക്തി എന്ന നിലയിൽ പുരോഹിതൻ മിശിഹാരഹസ്യത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാടുകളുള്ളവനും മിശിഹാരഹസ്യത്തോട് ശരിയായ ആഭിമുഖ്യവും പ്രതിബദ്ധതയുമുള്ളവനുമാകണം.

## 5. പുരോഹിതൻ: വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുന്നവൻ

"*ഈശോ പിന്തിരിഞ്ഞു നോക്കിയപ്പോൾ ശിഷ്യന്മാർ നില്ക്കുന്നതു കണ്ട് പത്രോസിനെ ശാസിച്ചുകൊണ്ടു പറഞ്ഞു: സാത്താനേ, നീ എന്റെ മുമ്പിൽനിന്നു പോകൂ. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്. അവൻ ശിഷ്യന്മാരോടൊപ്പം ജനക്കൂട്ടത്തെയും തന്റെ അടുത്തേക്കു വിളിച്ചുവരുത്തി അവരോടു പറഞ്ഞു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ*" (8,33-34).

തന്റെ മിശിഹാത്വം തിരിച്ചറിഞ്ഞ ശിഷ്യന്മാർക്ക് അതിന്റെ സ്വഭാവവും തന്നെ അനുഗമിക്കുക എന്നതിന്റെ അർത്ഥവും ഈശോ വെളിപ്പെടുത്തിക്കൊടുക്കുന്ന ഭാഗമാണിത്. തന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും പ്രവചിച്ചുകൊണ്ടാണ് തന്റെ മിശിഹാത്വത്തിന്റെ സ്വഭാവം ഈശോ ശിഷ്യർക്കു വെളിപ്പെടുത്തുന്നത്: "മനുഷ്യപുത്രൻ" എന്നു സ്വയം വിശേഷിപ്പിച്ചുകൊണ്ടാണ് ഈ വെളിപ്പെടുത്തൽ നടത്തുന്നത്. ദാനി 7,13-14 ആണ് ഇതിനാധാരം. ഈശോ സുവിശേഷത്തിൽ തന്നെത്തന്നെ വിശേഷിപ്പിക്കാനുപയോഗിച്ച, അവിടുത്തേക്ക് ഏറ്റം പ്രിയപ്പെട്ട, സംജ്ഞയാണ് 'മനുഷ്യപുത്രൻ'. സുവിശേഷത്തിൽ 81 തവണ ഈ പേര് പ്രത്യക്ഷപ്പെടുന്നുണ്ട്. 'മനുഷ്യപുത്രൻ' എന്ന പേര് ഇതുവരെ ഈശോ ഉപയോഗിച്ചത് തന്റെ ദൈവികാധികാരത്തെ സൂചിപ്പിക്കാനായിരുന്നു - ദൈവികമായ പാപമോചനാധികാരവും (2,10) സാബത്താചരണം നിശ്ചയിക്കാനുള്ള അധികാരവും (2,28). എന്നാൽ, ഇവിടെ ഈ സംജ്ഞ തന്റെ പീഡാസഹനവുമായി ബന്ധപ്പെടുത്തിയാണ് ഈശോ ഉപയോഗിക്കുന്നത്. പഴയനിയമത്തിൽ മനുഷ്യപുത്രൻ ഒരേസമയം സഹിക്കുന്നവനും മരിക്കുന്നവനും മഹത്ത്വീകൃതനുമാണ്. ദൈവികപദ്ധതിയിൽ മിശിഹായുടെ മരണവും ഉത്ഥാനവും മനുഷ്യരക്ഷയുടെ കേന്ദ്രബിന്ദുവാണെന്ന് പീഡാനുഭവപ്രവചനങ്ങൾ സൂചിപ്പിക്കുന്നു.

ഈ വെളിപ്പെടുത്തൽ ശിഷ്യർക്ക് അഗ്രാഹ്യവും അസ്വീകാര്യവുമായിരുന്നു. പത്രോസിന് ഈശോ പറഞ്ഞത് മനസ്സിലായി. എങ്കിലും അത് അംഗീകരിക്കുവാൻ ഒരുക്കമായിരുന്നില്ല. അതുകൊണ്ടാണ് പത്രോസ് ഈശോയെ മാറ്റി നിർത്തി തടസ്സം പറയാൻ തുടങ്ങിയത് (8,32). പക്ഷേ, ഈശോ പത്രോസിനെ ഇവിടെ ശാസിച്ചുകൊണ്ടു പറയുന്നു: "സാത്താനേ, നീ എന്റെ മുമ്പിൽനിന്നു

പോകൂ. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" (8,33). "ശിഷ്യന്മാർ നില്ക്കുന്നതുകണ്ട് പത്രോസിനെ ശാസിച്ചു" എന്നാണ് പറയുന്നത്.അതുകൊണ്ട് ഈ ശാസന പത്രോസിനു മാത്രമല്ല, പത്രോസ് പ്രതിനിധീകരിക്കുന്ന എല്ലാ ശിഷ്യർക്കുമുള്ളതാണ്. മിശിഹായെക്കുറിച്ചും മിശിഹാശിഷ്യത്വത്തെക്കുറിച്ചുമുള്ള നമ്മുടെ ചിന്തകളിൽ സഹനമെന്ന രഹസ്യത്തെ ഉൾച്ചേർക്കാൻ ഇതു നമ്മെ നിർബന്ധിക്കുന്നു. ദൈവികപദ്ധതിയിൽ മനുഷ്യരക്ഷയ്ക്ക് ഈശോയുടെ സഹനവും മരണവും ആവശ്യമായിരുന്നു. അതുകൊണ്ട് മിശിഹായോടും മിശിഹാരഹസ്യത്തോടും ആഭിമുഖ്യം പുലർത്തുന്നവർ സഹനം സ്വീകരിക്കുവാൻ തയ്യാറായിരിക്കണം. മാനുഷികമായി സഹനം ഒരിക്കലും സ്വീകാര്യമല്ലാത്ത ഒരു യാഥാർത്ഥ്യമാണ്. ഈ മാനുഷികത ദൈവികതയ്ക്കു വിരുദ്ധമാണെന്നും അത് ദൈവത്തെ എതിർക്കുന്ന സാത്താനിക നിലപാടാണെന്നും ഇതു സൂചിപ്പിക്കുന്നു. അതുകൊണ്ട് മിശിഹാശിഷ്യത്വം ജീവിക്കുന്ന പുരോഹിതൻ മാനുഷികതയെ അതിജീവിക്കുന്ന ദൈവികതയിലും വിശ്വാസത്തിന്റെ വെളിച്ചത്തിലും നിരന്തരം വ്യാപരിക്കുന്നവനാകണം.

**ജീവിതസൂചിക**

1. ഉറച്ച വിശ്വാസത്തോടെ വിശുദ്ധ രഹസ്യങ്ങൾ പരികർമ്മം ചെയ്യുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. സഭയുടെ വിശ്വാസം ഗ്രഹിക്കുവാനും പഠിക്കുവാനും, അതിനു ജനങ്ങളെ പരിശീലിപ്പിക്കുവാനും ഞാൻ നിരന്തരം പരിശ്രമിക്കുന്നുണ്ടോ?
3. ജീവിതാനുഭവങ്ങളിൽ ദൈവത്തിന്റെ സ്നേഹസാന്നിദ്ധ്യം തിരിച്ചറിഞ്ഞ് വിശ്വാസജീവിതത്തിൽ വളരാൻ എനിക്കു സാധിക്കുന്നുണ്ടോ?
4. മിശിഹാരഹസ്യത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാടുകൾ നേടുവാനും മിശിഹാരഹസ്യത്തോട് ശരിയായ ആഭിമുഖ്യവും പ്രതിബദ്ധതയും പുലർത്തുവാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. മാനുഷികതയും ദൈവികതയും തമ്മിലുള്ള സംഘർഷത്തെ അതിജീവിച്ച് വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

## BIBLE STUDY FORUM FOR PRIESTS

The next session of the Bible Study Forum for Priests of the Archeparchy of Changanacherry will be held at the Spirituality Centre, Manganam, on 13th June 2017. The course will begin at 9.30 a.m. and come to a close at 4.00 p.m.

**Fr Mathew Vellanickal**

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**മെയ് 2017**

1. ഉച്ചകഴിഞ്ഞ് 3.30ന് കേരള ലേബർ മൂവ്മെന്റിന്റെ (KLM) ആഭിമുഖ്യത്തിൽ തൊഴിലാളി ദിനത്തോടനുബന്ധിച്ചു നടന്ന റാലി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.
പ്രൊഫ. പി.എ. ജോസഫ് പുരയിടത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.
2. രാവിലെ കുടുംബക്കൂട്ടായ്മ ഫൊറോന ഡയറക്ടർമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചയോടെ സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുക്കുന്നതിന് ബാംഗ്ലൂരിലേയ്ക്ക് യാത്ര തിരിച്ചു.

3–5 ബാംഗ്ലൂരിൽ സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുത്തു..

6 രാവിലെ എടത്വ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ആലപ്പുഴ ഫൊറോനയുടെ ആഭിമുഖ്യത്തിൽ തത്തംപള്ളിയിൽ നടന്ന കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു.

7 രാവിലെ പ്രീസ്റ്റ്ഹോമിൽ ബഹു. വൈദികരോടൊപ്പം വി. കുർബാനയർപ്പിക്കുകയും തുടർന്ന് ബഹു. വൈദികരെ എല്ലാവരെയും സന്ദർശിച്ച് വ്യക്തിപരമായി സംസാരിക്കുകയും ചെയ്തു.
ഉച്ചകഴിഞ്ഞ് ബഹു. മാത്യു മറ്റത്തിലച്ചന്റെ സഹോദരന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വടവാതൂർ സെന്റ് തോമസ് പള്ളിയുടെ രജതജൂബിലി സന്ദേശം നൽകി.

8 സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.
ചങ്ങനാശേരി എസ്.ബി. കോളേജിന് എതിർവശത്തായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഷോപ്പിംഗ് കോംപ്ലെക്സിന് തറക്കല്ലിട്ടു. ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

9 രാവിലെ മതബോധനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നവോദയ സ്കൂളുകളിൽ പഠിക്കുന്നവർക്കായി നടത്തപ്പെടുന്ന ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി വി. കുർബാനയർപ്പിക്കുകയും തുടർന്ന് അവരോട് സംസാരിക്കുകയും ചെയ്തു.
പോരൂക്കര ബഹു. ആന്റണിയച്ചന്റെ സഹോദരി ബഹു. സി. എസ്പിരത്ത് FCC യുടെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾ കാർമ്മികത്വം വഹിച്ച് അനുസ്മരണ സന്ദേശനം നൽകി.
ഉച്ചകഴിഞ്ഞ് നഴ്സസ് ദിനാചരണത്തോടനുബന്ധിച്ച് ചെത്തിപ്പുഴ നേഴ്സിംഗ് കോളേജിന്റെ ആഭിമുഖ്യത്തിൽ നടന്ന ആഘോഷങ്ങളിൽ പങ്കെടുത്തു.
അതിരൂപതാകേന്ദ്രത്തിൽ നടന്ന മെത്രാഭിഷേക കോർ കമ്മിറ്റി മീറ്റിംഗിലും, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗിലും പങ്കെടുത്തു.

10 വിവാഹ ഒരുക്ക ക്യാമ്പിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കത്തീഡ്രൽ ദൈവാലയ സിമിത്തേരിയിൽ ശ്രീ. ബേബിച്ചൻ ഏലംകുന്നിന്റെ കബറിടത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
ബഹു. ഇമ്മാനുവേൽ നെല്ലുവേലിൽ അച്ചന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.
കത്തീഡ്രൽ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ഉായിക്കാട് ദൈവാലയത്തിൽ വിവാഹവാഗ്ദാന കർമ്മത്തിൽ സംബന്ധിച്ചു.
ഉച്ചകഴിഞ്ഞ് പാറേൽ അമല തിയോളജിക്കൽ കോളേജിൽ കോഴ്സ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ചെത്തിപ്പുഴ ഇടവക ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. നീലംപേരൂർ ക്നാനായ ഓർത്തഡോക്സ് പള്ളിയുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് അനുമോദന സന്ദേശം നൽകി.
മൗണ്ട് കാർമ്മലിൽ നടന്ന എക്ലേസിയ ഉദ്ഘാടനം ചെയ്തു.

11 പുന്നത്തുറ ഇടവകയിൽ ആഘോഷമായ കുർബാന സ്വീകരണത്തിൽ പങ്കെടുത്തു. ഇത്തിത്താനം പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചെത്തിപ്പുഴ മൗണ്ട് കാർമ്മലിൽ നടന്ന എക്ലേസിയയിൽ പങ്കെടുത്തു.

12 രാവിലെ നിരണം സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

13 രാവിലെ പുന്നത്തുറ പള്ളിയിൽ വി. കുർബാനയർപ്പിച്ച് കുടുംബയോഗത്തിൽ പങ്കെടുത്തു.
വൈകുന്നേരം ളായിക്കാട് മേരി റാണി പബ്ലിക് സ്കൂളിൽ നടന്ന ചങ്ങനാശേരി ഫൊറോന യുവജന ക്യാമ്പും, DCMS ക്യാമ്പും സന്ദർശിച്ച് ഉദ്ഘാടന സന്ദേശം നൽകി.

14 വെട്ടിമുകൾ ഇടവക പള്ളിയിൽ അജപാലന സന്ദർശനം നടത്തി.
വൈകുന്നേരം വൈദിക വിദ്യാർത്ഥികളുടെ മേജർ ഗാതറിംങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

15 രാവിലെ MLF സന്യാസസമൂഹത്തിന്റെ രജതജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.
ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

16 രാവിലെ എടത്വാ സോണിലെ കോർപ്പറേറ്റ് മാനേജ്മെന്റ് അദ്ധ്യാപകർക്കായി നടത്തിയ സോണൽ കൺവെൻഷനിൽ സംബന്ധിച്ചു.
ഉച്ചകഴിഞ്ഞ് ചമ്പക്കുളം ബസിലിക്കാ പള്ളിയിൽ തുമ്പയിൽ ബഹു. ജോസഫ് അച്ചന്റെ മൃതസംസാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം വൈദിക വിദ്യാർത്ഥികളുടെ മേജർ ഗാതറിംഗിൽ സംബന്ധിച്ചു.

17 രാവിലെ വിവാഹഒരുക്ക ക്യാമ്പിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം നിരണം സെമിനാരിയിൽ നടന്ന യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകളും നന്ദിയും അർപ്പിച്ചു.

18 രാവിലെ പാലമറ്റം മഠത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. കൂത്രപ്പള്ളി ഇടവക ദൈവാലയത്തിൽ പ്രാരംഭ കൂദാശകൾ നൽകി. ഉച്ചകഴിഞ്ഞ് വടവാതൂർ സെമിനാരി സന്ദർശനം നടത്തി.

19 കുന്നന്താനം സെഹിയോനിൽ വൈദിക വിദ്യാർത്ഥികൾക്ക് ചെറുപട്ടവും (കാറോയ, ഹെവുപ്പദ്യ്ക്കോന) വൈദിക വസ്ത്രവും നൽകി. തുടർന്ന് ഉച്ചവരെ മേജർ ഗാതറിങ്ങിൽ പങ്കെടുത്തു. ചെത്തിപ്പുഴ പള്ളിയിൽ പി.എസ്. എബ്രഹാം പാണംപറമ്പിലിന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തൃക്കൊടിത്താനം ഇടവക പുത്തൻപറമ്പിൽ അപ്പച്ചന്റെ മൃത സംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

20 പച്ച-ചെക്കിടിക്കാട് ഇടവകയിൽ നടന്ന അതിരൂപതാദിനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ദനഹാലയയിൽ ഒരു മാസത്തെ ഫോർമേറ്റേഴ്സ് കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് സമ്മാനിച്ച് അഭിനന്ദനം അറിയിച്ചു.

21 രാവിലെ മാന്നില ഹോളി ഫാമിലി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു; വൈദിക മന്ദിരം ആശീർവ്വദിച്ചു. മാവേലിക്കര വി. അൽഫോൻസാ ദൈവാലയത്തിൽ കൊടിമരം ആശീർവ്വദിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

22 പാറേൽ ഇടവകയിൽ ബെന്നി പാലയ്ക്കലിന്റെ മക്കളുടെ ആഘോഷമായ കുർബാന സ്വീകരണത്തിനു കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

23–28 പ്രവാസി സംഗമം.

29 വൈകുന്നേരം ഇറ്റാവ മിഷനിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരെയും വൈദിക വിദ്യാർത്ഥികളെയും അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ച് സംസാരിച്ചു.

30 രാവിലെ കുറിച്ചി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളുടെ Selection Interview ൽ പങ്കെടുത്തു.
ഉച്ചകഴിഞ്ഞ് അതിരൂപതയിൽ 10, +2 പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും A+ ലഭിച്ചവർക്ക് നൽകിയ സ്വീകരണ സമ്മേളനത്തിൽ സന്ദേശം നൽകി സമ്മാനങ്ങൾ വിതരണം ചെയ്തു.

# മാർ തോമസ് തറയിൽ

**ഏപ്രിൽ 2017**

24 ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ കബറിടത്തിൽ വി.കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു. ചമ്പക്കുളം ബസിലിക്കയിൽ നടന്ന സെമിനാരിക്കാരുടെ സ്നേഹോൽസവത്തിൽ വി. കുബ്ബാനയർപ്പിച്ചു സന്ദേശം നൽകി.

26 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫോറോനാ പള്ളിയിൽ അഡ്വ. ടോമി കണയംപ്ലാവന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്കു സെമിത്തേരിയിൽ നേതൃത്വം നൽകി. പുലിമുഖം മർത്ത് മറിയം ദൈവാലയത്തിന്റെ 10-ാം വാർഷികം ഉദ്ഘാടനം ചെയ്തു.

27 എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. പനയംപാല സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് കാർമികത്വം വഹിച്ചു. ചീരംചിറ സെന്റ് ജോർജ്ജ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു, തിരുനാളിനു കോടിയേറ്റി, ഇൻഡോർ സ്റ്റേഡിയം ആശീർവദിച്ചു.

28 കാവാലം ലിസ്യൂ പള്ളിയിൽ വി.കുർബാനയർപ്പിച്ചു സന്ദേശം നൽകി. തിരുവനന്തപുരം ലൂർദ്ദ് പള്ളിയിൽ നടന്ന തെക്കൻ മേഖലാതല സ്വീകരണത്തിൽ പങ്കെടുത്തു.

29 ഫിൽഗിരി സെന്റ് ജോസഫ് ദൈവാലയത്തിൽ വി.കുർബാനയർപ്പിച്ചു, തിരുന്നാളിനു കോടിയേറ്റി, പള്ളിമേട ആശിർവദിച്ചു-മണിമാളിക, സെമിത്തേരി എന്നിവയ്ക്കു കല്ലിട്ടു.

30 തിരുവനന്തപുരം ലൂർദ്ദ് പള്ളിയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് കാർമികത്വം വഹിച്ചു.

**മെയ് 2017**

1 ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ നടന്ന കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. കൊടുപ്പുന്ന സെന്റ് ജോസഫ് ദൈവാലയത്തിൽ തിരുനാൾ കുർബാന അർപ്പിച്ചു സന്ദേശം നൽകി. KLM ന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയിൽ നടന്ന മെയ്ദിന സമാപന സമ്മേളനത്തിൽ പങ്കെടുത്തു. ചമ്പക്കര സെന്റ് ജോസഫ് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി.

2 പുറക്കാട് മാർസ്ലീവാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

3 കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ പരി. കുർബാന സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. ചങ്ങനാശേരി പാറേൽ പള്ളിയിൽ തിരുഹൃദയ സന്ന്യാസിനികളുടെ വ്രതവാഗ്ദാനത്തിലും നിത്യവ്രതവാഗ്ദാനത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു സന്ദേശം നൽകി.

4 മാന്നാനം സെന്റ് ജോസഫ് സി.എം.ഐ. ആശ്രമദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. കണ്ടങ്കരി സെന്റ് ജോസഫ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

5 ചങ്ങനാശേരി ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും സിനാക്സിസിൽ ക്ലാസ്സെടുക്കുകയും ചെയ്തു. ബഹു. ആലഞ്ചേരി ഐസക്കച്ചന്റെ മാതാവിന്റെ മൃതസംസ്കാരത്തിൽ വീട്ടിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. കരുവാറ്റ സെന്റ് ജോസഫ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

6 കായൽപ്പുറം സെന്റ് ജോസഫ് ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. തിരുമല ഹോളിഫാമിലി സന്ന്യാസിനികളുടെ ഭവനം ആശീർവദിക്കുകയും ചാപ്പൽ കൂദാശ ചെയ്യുകയും ചെയ്തു.

7 ബഹു. മാത്യു മറ്റം അച്ചന്റെ ജ്യേഷ്ഠന്റെ മൃതസംസ്കാരത്തിൽ പള്ളിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

8 പൊടിമറ്റം സെന്റ് മേരീസ് ദൈവാലയത്തിൽ തിരുഹൃദയ സന്ന്യാസിനികളുടെ വ്രത വാഗ്ദാന ചടങ്ങിന് മുഖ്യകാർമ്മികത്വം വഹിക്കുകയും വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു. അരമനയിൽ നടന്ന ഇന്റർ ഡിപ്പാർട്ടുമെന്റ് യോഗ ത്തിൽ പങ്കെടുത്തു.

9 സി. എസ്പിരത്ത് FCC യുടെ മൃതസംസ്കാരത്തിൽ കുറുമ്പനാടം FCC മഠത്തിൽ വി. കുർബാനയർപ്പിച്ചു. കടുവാക്കുളം MCBS Provincial House ൽ നടന്ന വൈദിക രുടെ സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ നേഴ്സസ് ഡേ ആചരണത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ചീരഞ്ചിറ സെന്റ് ജോർജ്ജ് പള്ളിയങ്കണത്തിൽ ചാരിറ്റിവേൾഡ് സംഘടിപ്പിച്ച കാരു ണ്യസ്പർശം, തണൽ എന്നീ പരിപാടിയിൽ പങ്കെടുക്കുകയും ധനസഹായം വിത രണം ചെയ്യുകയും ചെയ്തു. പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് സമ്മേളന ത്തിൽ പങ്കെടുത്തു. നവോദയ കുട്ടികൾക്ക് സന്ദേശനിലയം സംഘടിപ്പിച്ച ക്യാമ്പിൽ കുട്ടികളെ സന്ദർശിച്ച് സന്ദേശം നൽകി.

10 ശ്രീ. ബേബിച്ചൻ ഏലംകുന്നിന്റെ ഓർമ്മദിനത്തിൽ ചങ്ങനാശേരി കത്തീഡ്രൽ പള്ളി യിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

11 ചെത്തിപ്പുഴ മൗണ്ട് കാർമ്മലിൽ സിസ്റ്റേഴ്സിന്റെ ധ്യാനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കോട്ടയം ലൂർദ്ദ് പള്ളിയിൽ നടന്ന യുവജന സമ്മേളനത്തിൽ പങ്കെ ടുത്തു. ചേർത്തല സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

12 കുന്നന്താനം ദൈവപരിപാലനഭവനിൽ കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

13 ഇടപ്പാളയം സെന്റ് ജോർജ് ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും കൊടി മരം, കൽക്കുരിശ്, സങ്കീർത്തി എന്നിവ ആശീർവദിക്കുകയും ചെയ്തു. പുനലൂർ സ്നേഹതീരം മഠത്തിൽ പ്രഥമ വ്രതവാഗ്ദാനത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു സന്ദേശം നൽകി. പുറക്കാട് മാർസ്ലീവാ ദൈവാലയത്തിൽ ഫാ. ബിബിൻ തെക്കേട ത്തിന് (Simla-Chandigarh) തിരുപ്പട്ടം നൽകി. കോട്ടയം ആർച്ച്ബിഷപ്പ് ഹൗസിൽ സ്വീകരണത്തിൽ പങ്കെടുത്തു.

14 കരവാളൂർ നിത്യസഹായ ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. പുന്നപ്ര പൗരസമിതി ഏർപ്പെടുത്തിയ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു.

15 ളായിക്കാട് മേരി റാണി സ്കൂളിൽ DCMS ന്റെ നേതൃത്വത്തിൽ നടന്ന യുവജന ക്യാമ്പിൽ യുവജനങ്ങളോട് സംവദിച്ചു. കുറിച്ചി ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ നടന്ന MLF രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസ പ്രസംഗം നട ത്തി. ദൈവദാസൻ കദളിക്കാട്ടിൽ തൊമ്മച്ചന്റെ 82-ാം ചരമവാർഷികത്തോടനുബ ന്ധിച്ച് പാല എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

16 ബഹു. ജോസ് തുണ്ടിയിലച്ചന്റെ അമ്മയുടെ ഓർമ്മദിനത്തിൽ ചെത്തിപ്പുഴ പള്ളി യിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കുമരകം സെന്റ് നെപുംസ്യാനോസ് ദൈവാലയത്തിൽ തിരുനാൾ കുർബാന അർപ്പിച്ച് സന്ദേശം നൽകി. പെരിയ ബഹു. തുമ്പയിൽ ജോസഫ് അച്ചന്റെ മൃതസംസ്കാരത്തിൽ വീട്ടിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. കുന്നന്താനം സെഹിയോനിൽ നടന്ന മേജർ സെമിനാരി ഗാതറിം ഗിൽ പങ്കെടുത്ത് വൈദികാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

17 കൈതവന പള്ളിയിലെ കുടുംബകൂട്ടായ്മയിൽ പങ്കെടുത്ത് സന്ദശം നൽകി. നിരണം സെമിനാരിയിൽ ബഹു. പുത്തൻപുര ജോഷിയച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ചു.

18 വില്ലൂന്നി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഇത്തിത്താനം പ്രീസ്റ്റ്ഹോമിൽ കഴിയുന്ന വൈദികരെ സന്ദർശിച്ചു.

19 കുന്നന്താനം സെഹിയോനിൽ ബ്രദേഴ്സിന്റെ മൈനർ ഓർഡേഴ്സിന് സഹകാർമ്മി

കത്വം വഹിച്ചു. കണ്ണാടി സെന്റ് റീത്താസ് പള്ളിയിൽ തീർത്ഥാടകർക്ക് വി. കുർബാന മദ്ധ്യേ സന്ദേശം നൽകി. കോട്ടയം CFCI കാസ മരിയ ആശ്രമം സന്ദർശിച്ചു.

20 പച്ച-ചെക്കിടിക്കാട് ദൈവാലയത്തിൽ നടന്ന 130-ാമത് അതിരൂപതാ ദിന സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ബഹു. ആലഞ്ചേരി ഐസക്കച്ചന്റെ അമ്മയുടെ ഓർമ്മദിനത്തിൽ കുറിച്ച് സെന്റ് ജോസഫ് പള്ളിയിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി.

21. നരിക്കൽ സെന്റ് മേരീസ് ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. വെഞ്ചെമ്പ് സെന്റ് ജോർജ്ജ് ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. മണിമല ഫൊറോന ദൈവാലയത്തിന്റെ ഇടവകദിനത്തിൽ പങ്കെടുത്തു.

22 എറണാകുളം ചാവറ ഹിൽസ് CMI ജനറലേറ്റിൽ ക്ലാസ്സിന് നേതൃത്വം നൽകി.

23. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

24. വൈശ്യംഭാഗം സെന്റ് ആന്റണീസ് ഇടവകാംഗം സി.എം. ജോസഫ് കവലയ്ക്കലികന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. നെടുങ്കുന്നം മദർതെരേസ ഹോം സന്ദർശിക്കുകയും BPS സന്ന്യാസിനീ സമൂഹത്തിന്റെ മഠവും ചാപ്പലും വെഞ്ചെരിക്കുകയും ചെയ്തു.

25 ഷന്താളമ്മയുടെ 45-ാം ചരമവാർഷികത്തിൽ അതിരമ്പുഴ SABS കോൺവെന്റിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. 25 - ബഹു. സി. മേരി ജോസഫ് സി.എം.സി.യുടെ 3-ാം ചരമവാർഷികത്തിൽ സെന്റ് ജോസഫ് സി.എം.സി. കോൺവന്റിൽ വി.കുർബാനയർപ്പിച്ചു സന്ദേശം നൽകി. ചമ്പക്കുളം ബസിലിക്കയിൽ നടന്ന ടീച്ചേഴ്സ് സോണൽ കൺവൻഷനിൽ പങ്കെടുത്തു. അരമനയിൽ വച്ച് നടന്ന care home excecutive യോഗത്തിൽ പങ്കെടുത്തു. പാറേൽ പള്ളിയിൽ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. സി.എസ്.ഐ. മധ്യകേരള മഹായിടവക യുവജനപ്രസ്ഥാനത്തിന്റെ ശതാബ്ദി ആഘോഷ സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. എസ്.ബി. ഹയർ സെക്കണ്ടറി സ്കൂളിൽ ഡി.സി.എം.എസിന്റെ നേതൃത്വത്തിൽ നടന്ന ത്രിദിന ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

27 എടത്വ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ ഫാ. ജോസ് കോനാട്ട് സി.എം.ഐയുടെ പൗരോഹിത്യജൂബിലി ആഘോഷത്തിൽ വി.കുർബാന മദ്ധ്യേ സന്ദേശം നൽകി. പെ.ബഹു.കോച്ചേരിൽ ജോർജ് പിതാവിന്റെ സഹോദരന്റെ മൃതസംസ്കാരത്തിൽ പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ചങ്ങനാശേരി ആത്മതാ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടന്ന support a child പ്രോഗ്രാമിന്റെ 14-ാം വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. സന്ദേശനിലയത്തിൽ വച്ച് നടന്ന മതാദ്ധ്യാപക നേതൃസംഗമത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തുകയും സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു. എസ്.ബി. ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടന്ന ഇറ്റാവ മിഷൻ സംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വചനപ്രഘോഷകർക്കായി നടന്ന പരിശീലന പരിപാടിയിൽ പങ്കെടുത്ത് ക്ലാസ് നയിച്ചു. കൂത്രപ്പള്ളി സെന്റ് മേരീസ് ഇടവകയുടെ ഇടവകദിന സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ മാതൃദിനാഘോഷപരിപാടിയിൽ പങ്കെടുത്ത് സന്ദേശം നൽകി. പാറേൽ സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ ബഹു.സി. ഇഗ്നേഷ്യസ് എസ്.എച്ചിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി.

28 തുരുത്തി മർത്ത് മറിയം ഫൊറോന പള്ളിയിൽ പുതുതായി നിർമ്മിച്ച സിമിത്തേരി ചാപ്പൽ ആശീർവദിച്ചു. പുനലൂർ തിരുഹൃദയ ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

29 അമ്പൂരി ഫൊറോന പള്ളിയിൽ വച്ച് നടന്ന ടീച്ചേഴ്സ് സോണൽ കൺവൻഷനിൽ പങ്കെടുത്ത് ക്ലാസ് നയിച്ചു.

# മാർ ജോസഫ് പവ്വത്തിൽ

**മെയ് 2017**

1 അരമനയിൽ വച്ച് നടന്ന ദീപിക പത്രത്തിന്റെ ബോർഡ് മീറ്റിങ്ങിൽ സന്ദേശം നൽകി.

3 രത്നഗിരി പള്ളിയിൽ വിവാഹം ആശീർവദിച്ചു.

4 കുട്ടിക്കാനത്ത് നടന്ന ഒരു വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

6 വാഴപ്പള്ളി ഗത്സമേനി ആശ്രമത്തിന്റെ Golden Jubilee ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

9 ഗുഡ്നെസ്സ് ടിവിയിലെ ഇടയശബ്ദം എന്ന പരിപാടിക്ക് അഭിമുഖം നൽകി. കുറുമ്പനാടത്ത് ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

10 സന്ദേശനിലയത്തിൽ വച്ച് നടന്ന നവോദയ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ക്യാമ്പിൽ സന്ദർശിച്ച് സന്ദേശം നൽകി. വേഴപ്ര പള്ളിയിൽ ബഹു. എമ്മാനുവേൽ നെല്ലുവേലിൽ അച്ചന്റെ അമ്മയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു.

11 കുറിച്ചി M.L.F സിസ്റ്റേഴ്സിന്റെ വാർഷിക ധ്യാനത്തിൽ സന്ദേശം നൽകി. ചെത്തിപ്പുഴ മൗണ്ട് കാർമൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന എക്ലേസിയയിൽ സന്ദേശം നൽകി.

12 കാഞ്ഞിരപ്പള്ളിയിൽ രൂപതയുടെ റൂബിജൂബിലി ഉദ്ഘാടനം ചെയ്തു

14 സന്ദേശനിലയത്തിൽ Major seminarians' Gathering ഉദ്ഘാടനത്തിൽ പങ്കെടുത്തു.

15 കുറിച്ചി M.L.F Generalate ൽ ജൂബിലി സമാപനസമ്മേളനത്തിൽ പങ്കെടുത്തു.

16 കുന്നന്താനത്തു Major seminarians Gathering ൽ ക്ളാസെടുത്തു.

19 നെടുങ്കുന്നത്ത് വച്ച് നടന്ന Corporate teacher's zonal training programe ൽ സന്ദേശം നൽകി.

20 പച്ച ചെക്കിടിക്കാട് പള്ളിയിൽ വച്ച് നടന്ന അതിരൂപതാദിനാഘോഷം ഉദ്ഘാടനം ചെയ്തു.

21 കുടമാളൂർ പള്ളിയിൽ ഫൊറോനാ ഏഞ്ചൽസ് മീറ്റിൽ പങ്കെടുത്തു സന്ദേശം നൽകി.

23 St.Anne's School ൽ വച്ച് നടന്ന Corporate teachers' zonal training programe ൽ സന്ദേശം നൽകി.

24 കുറുമ്പനാടത്ത് സമർപ്പിതസംഗമത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

25 വായ്പൂരിൽ ബഹു. ചാക്കോ കുഴിപ്പള്ളി അച്ചന്റെ അമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

27 അഭി. കോച്ചേരി പിതാവിന്റെ അനുജന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് ഭവനത്തിൽ നേതൃത്വം നൽകി. സന്ദേശനിലയത്തിൽ വച്ചു നടന്ന മതാദ്ധ്യാപകനേതൃസംഗമത്തിൽ സന്ദേശം നൽകി.

# ENGAGEMENTS — 2017 JUNE

**Mar Joseph Perumthottam**

**Metropolitan Archbishop of Changanacherry**

| | |
|---|---|
| 1 | *Qurbana* @ SH Generalate , Manganam |
| | Farewell gathering to Rev. Fathers @ Archbishops House |
| 2 | *Qurbana* @ Cathedral |
| | *Agape* Jubilee celebration @ Chass |
| 3 | Kollam-Ayoor Forane Council @ Ayoor |
| | Pastoral Visit @ Cherukadavu |
| 4 | Pastoral Visit @ Pathanapuram |
| | Farewell Meeting @ Nalukody; Priest Home |
| 5 | Inter department meeting |
| 6- 8 | KCBC |
| 10 | Leaders meet @ Changanacherry; CML inauguration @ Sandesanilayam |
| | Academic year inauguration @ MOC |
| 11 | Pastoral Visit @ Manakkachira |
| 12 | Meeting |
| 13 | Academic year inauguration @ Minor Seminary |
| | Junior Priests gathering @ Archbishop's House; Forane Conference @ Champakkulam |
| 14 | Meeting |
| | Visitors' time |
| 15 | *Qurbana* @ Punnathura |
| 17 | Final Profession of Salvatorian Sisters @ Villonni |
| | Meeting @ SH Generalate, Kottayam |
| 18 | Pastoral Visit @ Perumkavu |
| | Meeting @ Karimbanakulam |
| 20 | Evaluation Gathering @ Palamattom DST. |
| 22 | *Qurbana* @ SH Medical Centre |
| 24 | Chapel Blessing @ Kesavadasapuram, TVM |
| 25 | Pastoral Visit @ Madappally |
| 26 | Engaged |
| 27, 28 | Bishops' Recollection @ Pala |
| 29 | Golden Jubilee of Rev. Fr Joseph Thuruthumalil @ Arppokkara |
| 30 | Ecclesia inauguration @ Kunnathanam |

# 2017 JUNE

## ENGAGEMENTS

**Mar Thomas Tharayil**
**Auxiliary Bishop**

1 Academic year inauguration @ Kunnoth Seminary
2 10 am Media village
12.00 pm-Mar Thomas Kurialassery's 92nd Death Anniversary @ Cathedral
2.45 pm-Jubilee Gathering @ CHASS
5.00 pm - @ Paravoor
3 Forane Council @Ayyoor
Visitors' time@ Trivandrum (6pm - 8pm)
4 10 am @ Kondackal
5 pm- Reception@ CHRY
7 pm-Parish day@ kidangara
5 12.30 pm @ Sophia School, Mallappally
6 pm- Inter department meeting
6 KCBC
7 KCBC
8 KCBC
9 2 pm @ Mary Rani Public School, Laikadu
6 pm Staff Meeting @ Minor Seminary
10 10 am @ Champakulam Basilica
11.30 am- Leaders Meet @ Changanacherry
6 pm-YMCA @ Trivandrum
11 10.00 am- @ Pathanapuram
3.00 pm- @ Athirampuzha
6.30 pm- Ward Koottayama @ Changanacherry
7.00 pm- KLM Meeting @ Cathedral
12 Engaged
13 9.30 am- CMC Mothers' Meeting
10 am- Priests' get-together @ Cana
5.30 pm- @ Chengalam
14 3.00 pm-Care Home executive meeting
15 6.30 am @ Villoonni Josephine convent
Visitors' time @ CHRY (9.30 am – 12.30 pm & 2.30 pm - 4.00 pm)
16 11.30 @ Punnavely FDSHJ
5 pm @ Thayamkary
17 3 pm @ Engineering College, Kollam
18 9 am @ Attingal
Visitors' Time @ Trivandrum (3.00 pm – 5.30 pm)
19 6.15 am-Academic year Inauguration @ SVD Parel
20 12 pm- Class @ Danahalaya

21 Visitors' Time @ CHRY (2.30 pm - 5.30 pm)
22 6.30 am @ Minor Seminary
11.30 am- Baptism @ Kanjirapally
Visitors' Time @ CHRY (3.30 pm-5.30 pm)
5.00 pm Pastoral Council Agenda Committee
23 9.30 am @ Sahrudhaya Hospital
24 4 pm @ Kesavadasapuram
25 @ Trivandrum
26 Visitors' Time @ CHRY (3.30 pm - 5.30 pm)
27 6.15 am @ MLF Generalate
Class @ Denahalaya
28 pm- Engaged
29 11 am- Marriage @ Nedumkunnam
1 pm– Golden Jubilee of Rev. Fr Joseph Thuruthumalil @ Arppokkara
5 pm- @ Mampally
30 Engaged

## 2017 JUNE

## ENGAGEMENTS

**Mar Joseph Powathil**
**Archbishop Emeritus**

02 Homily @ Changanacherry Cathedral

03 Puthumana *Kudumbayogam* @ Changanacherry

03 Catechetical Year Inauguration @Thuruthy

10 Leaders Meet @ Changanachrry

10 Laymen Study Forum Inauguration @ Madappally

13 Shalom Interview

19 Formators' Course Inauguration @ Danahalaya

20 DST Ashramam @ Kurumbanadom

24 Mannanal *Kudumbayogam* @ Cheppumpara

27 @ Minor Seminary, Kurichy

27 Regional Bishop's Conference @ Pala

28 Regional Bishop's Conference @ Pala